**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ. എ. പി. അനിൽ കുമാർ: സർ, വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ടുണ്ടാക്കിയ നിയമത്തെ തത്ത്വത്തിൽ അംഗീകരിക്കുന്നുവെന്ന കാര്യവും സൂചിപ്പിച്ചു. ഈ നിയമം എത്രമാത്രം നിലനിൽക്കുമെന്നും ഇതിന്റെ ലീഗൽ ആസ്പെക്റ്റ് എന്താണ് എന്നതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇത് സ്റ്റേറ്റ് ബില്ലോ സെൻട്രൽ ബില്ലോ അല്ല കൺകറന്റ് ബില്ലാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഭരണഘടനയുടെ 254-ാം അനുച്ഛേദം അനുസരിച്ച് പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമാണ്. പ്രസിഡന്റിന്റെ അംഗീകാരമുള്ള കേസുകൾപോലും കേന്ദ്ര നിയമത്തിന് എതിരായിക്കഴിഞ്ഞാൽ പാർലമെന്റിന് ഓവർറൂൾ ചെയ്യാവുന്ന സാഹചര്യമുണ്ട്. ഞാൻ അത്തരം സാങ്കേതിക കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം വന്യമൃഗങ്ങൾ പുറത്തിറങ്ങി ആക്രമണകാരികളായാൽ വെടിവയ്ക്കാൻ കഴിയുന്ന

ഉത്തരവിടുന്നതിനെക്കുറിച്ചാണ്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണമാണിത്. കേരളത്തിന്റെ വനയോര മേഖലയെ ബാധിക്കുന്ന വിഷയമായതിനാൽ എല്ലാ അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിലവിലെ നിയമമനുസരിച്ച് ജില്ലാ കളക്ടറുടെയും ഫോറസ്റ്റ് ഓഫീസറുടെയും അംഗീകാരത്തോടുകൂടി വനം വകുപ്പ് മേധാവിയുടെ രേഖാമൂലമുള്ള അനുവാദം വാങ്ങിക്കൊണ്ട് വെടിവയ്ക്കാനുള്ള അംഗീകാരത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതു നിയമം കൊണ്ടുവന്നാലും ഗവൺമെന്റ് ആ നിയമത്തെ എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എന്റെ ഒൻപതര വർഷക്കാലത്തെ അനുഭവത്തിൽനിന്നും പറയട്ടെ, കേരളത്തിലെ വനം വകുപ്പ് മേഖലയിൽ നിലവിലുള്ള വന നിയമങ്ങൾ ഉപയോഗിച്ച് കേരളത്തിലെ കർഷകരെ സംരക്ഷിക്കാനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് എടുത്തിട്ടില്ലെന്ന് എന്റെ അനുഭവത്തിന്റെയും ബോധ്യത്തിന്റെയും പശ്ചാത്തലത്തിൽ അടിവരയിട്ട് പറയാൻ സാധിക്കും.

എന്റെ നിയോജകമണ്ഡലത്തിലെ ചില വിഷയങ്ങളെക്കുറിച്ച് കഴിഞ്ഞ നിയമസഭയിൽ ഞാൻ അങ്ങയോട് സൂചിപ്പിച്ചിരുന്നു. ആ പ്രസംഗം ഞാൻ ക്വാട്ട് ചെയ്യുകയാണ്, "സർ, കടുവ ഇറങ്ങിയ സ്ഥലത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ട കാര്യം പറഞ്ഞുവെന്ന് ഞാൻ സൂചിപ്പിച്ചൊരു കാര്യം, ഇന്ന് ആ മേഖലയിലുള്ള ആളുകൾ റബ്ബർ പാലെടുക്കാൻ രാവിലെ പോകുമ്പോൾ പടക്കക്കടയിൽനിന്നും പടക്കം വാങ്ങി പൊട്ടിച്ചാണ് മുന്നോട്ടുപോകുന്നതെന്നാണ് ഇന്നലെ രാവിലെ അവർ വിളിച്ചുപറഞ്ഞത്. അവർക്ക് അത്രമാത്രം ഭയമാണ്. എവിടെനിന്നാണ് കടുവയും പുലിയും ചാടിവീഴുന്നതെന്ന് അറിയാൻ സാധിക്കാത്ത സ്ഥിതിയാണ്", എന്നത് മാർച്ച് മാസം 12-ാം തീയതിയിലെ നിയമസഭാ സമ്മേളനത്തിൽ ഞാൻ സംസാരിച്ചിരുന്നു. കടുവ ഇറങ്ങിയിരിക്കുന്നതിനാൽ ക്യാമറയും കൂടും സ്ഥാപിക്കണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെട്ടതിന്മേൽ ക്യാമറയും കൂടും സ്ഥാപിക്കാമെന്ന് അങ്ങ് എനിക്ക് സഭയിൽവച്ച് ഉറപ്പും നൽകിയതാണ്. മൂന്നുദിവസം കഴിഞ്ഞ് ഇവിടെ വീണ്ടും ചോദ്യം വന്നപ്പോൾ ഞാൻ അങ്ങയോട് പറഞ്ഞു, എന്റെ നിയോജകമണ്ഡലത്തിൽ കടുവ ഇറങ്ങിയ സ്ഥലത്ത് കൂടുവയ്ക്കാനുള്ള

സൗകര്യം ചെയ്യാമെന്ന് രണ്ടുദിവസംമുമ്പ് അങ്ങ് ഉറപ്പുനൽകിയെന്നും ആ വാക്ക് അങ്ങ് പാലിച്ചില്ലെന്നും പറഞ്ഞു. അതിനുശേഷം ഒരു കൂട് വയ്ക്കുകയും ഒരാഴ്ച കഴിഞ്ഞപ്പോൾത്തന്നെ അത് തിരികെകൊണ്ടുപോവുകയും ചെയ്തു. അതിന് നൽകിയ വില എന്താണെന്നറിയാമോ? കടുവയെ പിടിക്കാനുള്ള നടപടി വനം വകുപ്പ് സ്വീകരിക്കണമെന്ന് സഭയിൽ ആവശ്യപ്പെട്ടിട്ടുപോലും അതിന് മുഖം തിരിഞ്ഞുനിന്നതിന്റെ ഫലമായി 42 വയസ്സുള്ള അബ്ദുൾ ഗഫൂർ എന്ന ചെറുപ്പക്കാരനെ രാവിലെ ആറര മണിക്ക് ഈ കടുവ കടിച്ചുകൊന്ന അവസ്ഥയുണ്ടായി. ഞാൻ ഇക്കാര്യം നിയമസഭയിൽ പറഞ്ഞ് 45 ദിവസം കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. നിയമസഭയിൽ ഇക്കാര്യം പറയുമ്പോൾത്തന്നെ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിങ്ങൾ വേണ്ട നിർദേശം നൽകിയിരുന്നെങ്കിൽ, പിടികൂടാനുള്ള കൂട്ടം ക്യാമറകളും സ്ഥാപിച്ചിരുന്നെങ്കിൽ, ആ പാവപ്പെട്ട ചെറുപ്പക്കാരന്റെ ജീവൻ രക്ഷിക്കാമായിരുന്നു. ഒരു ജീവൻ നഷ്ടപ്പെട്ടുകഴിഞ്ഞപ്പോഴാണ് വയനാട് ഫോറസ്റ്റിലേയ്ക്ക് പുലിയെ പിടിക്കുന്ന പ്രധാനപ്പെട്ട വേട്ട സംഘത്തെ നിയമിച്ചുകൊണ്ടുള്ള നടപടികൾ തുടങ്ങിയത്. ഇതേത്തുടർന്ന് കടുവയെ പിടിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് കൂട്ടം ക്യാമറയും

വച്ച് സംഘം സെർച്ച് ആരംഭിച്ച് 52-ാം ദിവസമാണ് കടുവ കൂട്ടിൽ കയറിയത്.

ചെയർപേഴ്സൺ: യെസ്...യെസ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, അതിനുമുമ്പ് ഇതേ കടുവക്കൂട്ടിൽ പുലി കയറി. അപ്പോഴാണ് ആളുകൾ അറിയുന്നത് കടുവ മാത്രമല്ല, പുലിയുമുണ്ടെന്ന്. കടുവ കയറി 52-ാമത്തെ ദിവസം പിടിച്ചു, അതിനുമുമ്പ് ഒരു പുലി കയറി. ഈ ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനം കൊണ്ടാണ് ഒരു ജീവൻ നഷ്ടപ്പെട്ടത്. നിശ്ചിത സ്ക്വയർ കിലോമീറ്റർ സ്ഥലത്ത് ഒരു കടുവയുണ്ടെങ്കിൽ അവിടെ രണ്ടാമതൊരു കടുവ വരില്ലെന്നാണ് നമ്മൾ ധരിച്ചിരുന്നത്. ഈ കടുവയെ പിടിച്ച് ഒരാഴ്ചയ്ക്കകം രണ്ടാമത്തെ കടുവ വരുന്നു. ഇതേ സ്ഥലത്ത് അഞ്ച് കടുവകളുണ്ടെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. അങ്ങ് വനം വകുപ്പ് ഉദ്യോഗസ്ഥരോടൊന്ന് അന്വേഷിക്കണം.

ചെയർപേഴ്സൺ: പ്ലീസ്.. കൺക്ലൂഡ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ രണ്ടാമത്

തുടങ്ങിയതേയുള്ളൂ. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ പറയുന്നത്. ഇത് ബിൽ അല്ലേ; ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്.

ചെയർപേഴ്സൺ: സമയബന്ധിതമായി തീർക്കണേ;

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു കടുവ ഇറങ്ങിയടുത്ത് അഞ്ച് കടുവകൾ നിലവിൽ ഉണ്ടെന്നാണ് പറയുന്നത്. നമ്മുടെ കണക്കുകൾ തെറ്റാണ്. ഒരു കടുവയ്ക്ക് കഴിയാനുള്ള ടെറിട്ടറി എന്നുപറയുന്നത് വളരെ വലുതാണ്. അതിനകത്ത് രണ്ടാമതൊരു കടുവ വരില്ലെന്നുണ്ടെങ്കിൽ ആ കടുവയെ പിടിച്ച് ഒരാഴ്ചക്കകം വീണ്ടും അതേസ്ഥലത്ത്, കടുവ വരുമോ; ഒന്നിൽ കൂടുതൽ കടുവകളുടെ ദൃശ്യങ്ങൾ വനം വകുപ്പിന്റെ ക്യാമറയിൽ വരുന്നു. അത് എന്തുകൊണ്ടാണ് സംഭവിക്കുന്നത്; കടുവകളുടെ എണ്ണം അത്രമാത്രം കൂടുതലാണ്. ഒരു സൗത്ത് ഡി.എഫ്.ഒ.-യ്ക്കുകീഴിൽ എത്ര കൂടുകളാണുള്ളതെന്ന് അന്വേഷിച്ചപ്പോൾ നാല് എണ്ണമാണെന്നാണ് അറിയാൻ സാധിച്ചത്. എന്റെ മണ്ഡലത്തിലുള്ള മൂന്ന് പഞ്ചായത്തുകളിലെ പുലിയേയും കടുവയേയും പിടിക്കണമെങ്കിൽപോലും നാൽപത് കൂടുകൾ വേണം. ആ സ്ഥിതിയിലും ഗവൺമെന്റ് എന്താണ് ചെയ്യുന്നത്; വെറും നാല്

കുട്ടുകളാണ് ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ളത്. അതുകൊണ്ടാണ് സർക്കാർ ഇടപെടുന്നില്ലെന്ന് പറയുന്നത്. രണ്ടാമത് പുലി വന്നപ്പോൾ അവിടത്തെ മുൻപഞ്ചായത്ത് മെമ്പർ എന്നെ വിളിക്കുകയാണ്. എന്തിനാണെന്നറിയാമോ; വീണ്ടും കടുവയെ പിടിക്കാൻ കൂടുവയ്ക്കുന്നുണ്ട്, എന്നാൽ അതിൽ കെട്ടാൻ ആട്ടിൻകുട്ടിയില്ലെന്നും പറഞ്ഞാണ് വിളിച്ചത്. ആട്ടിൻകുട്ടിയെയാണ് കടുവയുടെ ഇരയായി സാധാരണ വയ്ക്കുന്നത്. ആട്ടിൻകുട്ടിക്ക് ഏകദേശം പതിനായിരം രൂപ വില വരും. എന്തുചെയ്യണമെന്ന് ചോദിച്ചു. പഞ്ചായത്തിനോ ഡി.എഫ്.ഒ.-യ്ക്കോ ആട്ടിൻകുട്ടിയെ വാങ്ങാൻ കഴിയില്ല. എങ്ങനെയെങ്കിലും ഒരു ആട്ടിൻകുട്ടിയെ ഡി.എഫ്.ഒ.-യ്ക്ക് നൽകി കൂട്ടിൽ കെട്ടിയിടാൻ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. കൂടുവച്ചാൽ പുലി വരുമ്പോൾ അതിന് കഴിക്കാനുള്ള ഇരയെ വച്ചുകൊടുക്കണ്ടേ; അതിന് എവിടെനിന്നാണ് പണം; പഞ്ചായത്തിന് പൈസയില്ല. നാട്ടുകാർ പിരിവിട്ട് വയ്ക്കേണ്ട സ്ഥിതിയാണിവിടെയുള്ളത്. ഏതു നിയമം കൊണ്ടുവന്നാലും അത് നടപ്പാക്കുന്നിടത്ത് നമുക്ക് ഉത്തരവാദിത്ത്വവും ആത്മാർത്ഥതയുമില്ലാതെ വന്നാൽ എങ്ങനെയാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നത്? കടുവയും പുലിയും

ഇറങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ അതിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി. അപ്പോഴാണ് എനിക്ക് മനസ്സിലായത്, ഒരു കടുവ പശുവിനെയോ ആടിനെയോ ആക്രമിച്ചാൽ അന്നത്തേക്ക് വളരെ കുറച്ചു മാത്രമേ ഭക്ഷിക്കൂ. രണ്ടാമത്തെ ദിവസമാണ് കൂടുതൽ ഭക്ഷിക്കുന്നത്. അതിനാൽ കടുവയെ പിടിക്കാനുള്ള ഏറ്റവും നല്ല സന്ദർഭം രണ്ടാമത്തെ ദിവസമാണ്. എന്റെ നാട്ടിൽ കടുവ ഒരാളെ കടിച്ചുകൊന്നു. രണ്ടാഴ്ചയ്ക്കുശേഷം കടുവ വീണ്ടും വന്ന് പശുവിനെ കടിച്ചു. തീർച്ചയായും തൊട്ടടുത്ത ദിവസം കടുവ അവിടെ വരുമെന്ന് എനിക്കറിയാം. ഞാൻ ഡി.എഫ്.ഒ.-യെ വിളിച്ച് കൂട് വയ്ക്കണമെന്ന് പറഞ്ഞു. ഉടൻ വയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞതല്ലാതെ രണ്ടാമത്തെയും മൂന്നാമത്തെയും ദിവസം കഴിഞ്ഞിട്ടും കൂട് വയ്ക്കുന്നില്ല. കാര്യം അന്വേഷിച്ചപ്പോൾ കൂട് വയ്ക്കണമെങ്കിൽ വനം വകുപ്പ് മേധാവി, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം വേണമെന്നാണ് അറിയാൻകഴിഞ്ഞത്. ആറുദിവസം കഴിഞ്ഞാണ് അദ്ദേഹം അംഗീകാരം നൽകിയത്. അങ്ങനെയുള്ള അവസ്ഥയിൽ എങ്ങനെയാണ് പുലിയെയും കടുവയെയും പിടിക്കുന്നത്; വെടിവയ്ക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം വാങ്ങണമെന്നാണ് ഇപ്പോൾ പറയുന്നത്, മൃഗങ്ങളെ

പിടിക്കാൻ അംഗീകാരം ലഭിക്കാത്തിടത്താണ് വെടിവയ്ക്കാനുള്ള അംഗീകാരം വാങ്ങാൻ നടക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്നാണ് വനം വകുപ്പ് ആലോചിക്കേണ്ടത്. നിങ്ങൾക്ക് എന്റെ പ്രയാസം മനസ്സിലാകില്ല. എന്റെ മണ്ഡലത്തിലെ നാല് ചെറുപ്പക്കാരാണ് വന്യമൃഗ ആക്രമണത്താൽ കൊല്ലപ്പെട്ടത്. യഥാർത്ഥത്തിൽ നിങ്ങൾ എത്ര കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്; ഇതിനെ പ്രതിരോധിക്കാൻ എന്തെല്ലാം ആധുനിക മാർഗങ്ങളുണ്ട്; ലോകത്ത് നിലവിലുള്ള ഏതെല്ലാം രീതിയിൽ ഇന്ന് ഇതിനായി മുന്നൊരുക്കം നടത്താൻ സാധിക്കും; നമുക്ക് ഇപ്പോഴും ഫെൻസിങ്, ട്രഞ്ചിങ് അത്തരം കാര്യങ്ങളാണുള്ളത്. ഇന്ന് ഡ്രോൺ ഉപയോഗിച്ച് വന്യമൃഗങ്ങൾ കടന്നുവരുന്നതിനെക്കുറിച്ച് അറിയാൻ സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ നമുക്കെന്തെല്ലാം ചെയ്യാൻ കഴിയും; പല രാജ്യങ്ങളിലും അപ്രകാരം ചെയ്യുന്നുവെന്ന് പറയുന്നു. അതെല്ലാം നിങ്ങൾക്കും ചെയ്തുകൂടേ; എന്റെ മമ്പാട് പഞ്ചായത്തിന്റെ തൊട്ടടുത്ത് ഇത്തവണ ആന ഇറങ്ങി. എടവണ്ണ ഏറനാടിനോട് തൊട്ടടുത്തുള്ള സ്ഥലമാണത്. രണ്ടുദിവസം ആന ഇറങ്ങി, മൂന്നാമത്തെ ദിവസം ഒരു സ്ത്രീയെ ചവിട്ടിക്കൊന്നു. തപ്പിനുമുകളിൽ

കൊട്ടി ഒച്ചയുണ്ടാക്കുക, പന്തംകൊളുത്തി കാണിക്കുക എന്നീ രീതികളാണ് ആനയെ ആട്ടി അകറ്റുന്നതിന് ഇപ്പോഴുമുള്ളതെന്നാണ് അവിടത്തെ ഫോറസ്റ്റ് ഉദ്യോസ്ഥർ എന്നോടുപറഞ്ഞത്.

ചെയർപേഴ്സൺ: യെസ്..യെസ്..പ്ലീസ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതല്ലാത്ത മാർഗങ്ങളുണ്ടെന്നാണ് പറയുന്നത്. ആന ഇറങ്ങിയാൽ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ചും കടുവയും പുലിയും ഇറങ്ങിയാൽ അവയെ എങ്ങനെ പിടിക്കണമെന്നതിനെക്കുറിച്ചുമുള്ള പരിശീലനം വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകണം. ഇത്തരം കാര്യങ്ങളൊന്നും ചെയ്യാതെ, അടുത്ത തിരഞ്ഞെടുപ്പിന് ആറുമാസം മാത്രമുള്ളപ്പോൾ, കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഒരു കാര്യം ഇത്തരം ഒരു നിയമം കൊണ്ടുവന്ന് നടപ്പാക്കുന്ന കാര്യത്തിൽ ഒരുപാട് ബുദ്ധിമുട്ടുകളുള്ളപ്പോൾ, നിങ്ങൾ ജനങ്ങളെ വിഡ്ഢികളാക്കാനാണ് ഇത് ചെയ്യുന്നതെന്നുള്ളത് ഞങ്ങൾക്കറിയാം. എങ്കിൽപ്പോലും തത്ത്വത്തിൽ ഇത്തരം കാര്യങ്ങളിൽ, ഈ വിഷയത്തിന്റെ ഗൗരവംവച്ച് ഞങ്ങൾ ഇതിനെ പിന്തുണയ്ക്കുമെന്നതിൽ സംശയം വേണ്ട. പക്ഷെ ഇത് യാഥാർഥ്യത്തോടുകൂടി കർഷകരെ സംരക്ഷിക്കാനല്ല, പാവപ്പെട്ട

ആളുകളെ സംരക്ഷിക്കാനല്ല, മറിച്ച് തിരഞ്ഞെടുപ്പിൽ എങ്ങനെയെങ്കിലും ജനങ്ങളെ നേരിടാൻ കഴിയുമോ എന്നതിനെക്കുറിച്ചുള്ള ആലോചനയിൽനിന്നുണ്ടായ ഒരു ബില്ലാണ് ഈ ബിൽ എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇന്ന് നിയമസഭയിൽ ഭേദഗതി ബില്ലായികൊണ്ടുവന്നിട്ടുള്ളത്. ഇന്ന് കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് മനുഷ്യ-വന്യജീവി സംഘർഷം. വന്യജീവി ആക്രമണം ജനജീവിതത്തെ ഏറെ ബുദ്ധിമുട്ടിലാക്കുന്ന രീതിയിലേക്ക് മാറിയിരിക്കുകയാണ്. കേരളത്തിലെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മുപ്പത് ശതമാനത്തോളം വനമാണ്. കേരളത്തിന്റെ അൻപത്തിനാല് ശതമാനത്തിലധികവും വനവും വനവുമായി ബന്ധപ്പെട്ടുള്ള പ്രകൃതി സമ്പത്തും വൃക്ഷലതാദികളും പച്ചപ്പും

പ്രകൃതിരമണീയതയുംകൊണ്ട് അനുഗൃഹീതമാണെന്ന് കാണാവുന്നതാണ്. ഇരവികുളം, സൈലന്റ് വാലി, ആനമുടി, മതികെട്ടാൻമല, പാമ്പാടും ചോല തുടങ്ങിയ നാഷണൽ പാർക്കുകളാലും പെരിയാർ, പറമ്പിക്കുളം, മുത്തങ്ങ, ചിന്നാർ തുടങ്ങിയ വന്യജീവി സങ്കേതത്താലും നിറഞ്ഞ നാടാണ് കേരളം. ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനമെന്ന നിലയ്ക്ക് വന്യജീവികളുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്. പണ്ടുകാലങ്ങളിൽ പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള ജീവിത സാഹചര്യവും ധാരാളം വനപ്രദേശങ്ങളും ഉണ്ടായിരുന്നതുകൊണ്ട് വന്യജീവി സംഘർഷം ഇത്രത്തോളമുണ്ടായിരുന്നില്ല. എന്നാലിപ്പോൾ വന്യജീവി സംഘർഷം വളരെയേറെ കൂടിയിട്ടുണ്ട്. അത് ധാരാളം ജനങ്ങളുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കുമടക്കം ഭീഷണിയാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആദ്യ കാലഘട്ടങ്ങളിൽ ഇന്ത്യയുടെ ബഹുഭൂരിപക്ഷം വരുന്ന വന്യജീവികളെ കൊല്ലുകയും മൃഗവേട്ട വർധിച്ചുവരുന്നതുമായ സാഹചര്യത്തിലാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 1972-ൽ വന്യജീവി (സംരക്ഷണം) നിയമം കൊണ്ടുവന്നത്. ആ കാലഘട്ടത്തിൽ വംശനാശം

സംഭവിച്ചുകൊണ്ടിരിക്കുന്ന മൃഗങ്ങളെ സംരക്ഷിക്കുകയെന്നതായിരുന്നു പ്രധാനലക്ഷ്യം. അതുകൊണ്ടാണ് വന്യമൃഗങ്ങൾക്ക് പ്രാധാന്യവും സംരക്ഷണവും നൽകിക്കൊണ്ടുള്ള ഒരു നിയമം അന്നത്തെ ചരിത്ര പശ്ചാത്തലത്തിലുണ്ടായത്. അതിനുശേഷം 1976-ൽ ഭരണഘടനാ ഭേദഗതിയിലൂടെ ആർട്ടിക്കിൾ **48(A)** കൊണ്ടുവരികയും അത് വലിയ രീതിയിൽ വന്യജീവികളെ സംരക്ഷിക്കുന്നതിനുള്ള സംവിധാനമായി മാറുകയുംചെയ്തു. എന്നാൽ അന്നത്തെ സാഹചര്യമല്ല ഇന്നുള്ളത്. ഇന്ന് വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വന്യജീവികളുടെ എണ്ണം വർധിച്ചിട്ടുണ്ട്. മാത്രമല്ല വനവിസ്തൃതി കുറഞ്ഞുവരുന്നതുകൊണ്ട് വനാതിർത്തിയിൽ താമസിക്കുന്നവർക്ക് വന്യജീവി ആക്രമണം രൂക്ഷമായ രീതിയിൽ നേരിടേണ്ടിവരികയും ചെയ്യുന്നു. കാട്ടുപന്നിയടക്കമുള്ള വന്യജീവികളുടെ എണ്ണം വളരെയേറെ വർധിച്ചത് കാരണം വയലുകളിൽ കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യമാണ്. പട്ടാമ്പി അടക്കമുള്ള പ്രദേശങ്ങളിൽ കാട്ടുപന്നിയാക്രമണം വൻതോതിൽ വർധിച്ചിട്ടുണ്ട്. കടുവ, പുലി, ആന എന്നിവയുടെ ആക്രമണം കാരണം മലയോരകർഷകരുടെ കാർഷികമേഖല മാത്രമല്ല നൂറുകണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും

ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് വന്യമൃഗാക്രമണത്താലുള്ള മരണം ഏറ്റവും കൂടുതലുണ്ടാകുന്നത് കേരളത്തിലല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം ജനസാന്ദ്രത കൂടുതലായതുകൊണ്ട് മനുഷ്യജീവനും കാർഷികമേഖലയ്ക്കും വന്യമൃഗാക്രമണം വളരെയേറെ ഭീഷണിയായി മാറിയിട്ടുണ്ട്. പലപ്പോഴും ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് സ്വന്തം വീടുകളിൽപ്പോലും സ്വസ്ഥമായി ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. കുരങ്ങ്, പന്നി എന്നിവ സാധാരണ ജനങ്ങൾക്കും അവരുടെ വീടുകൾക്കും കൃഷിക്കും വളരെയേറെ ദോഷമുണ്ടാക്കുന്നു. വന്യജീവി സംരക്ഷണ ബിൽ കൺകറന്റ് ലിസ്റ്റിൽ ആണെങ്കിൽപ്പോലും കേന്ദ്രസർക്കാരിനോട് 1972-ലെ നിയമത്തിൽ കാലാനുസൃതമായ നിയമനിർമ്മാണം നടത്തി ശാശ്വത പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാർ നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ മൂന്ന് തവണ നേരിട്ട് സന്ദർശിച്ച് ഇക്കാര്യം അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ നിയമസഭാ സമിതി ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുമായി

കാണുകയും സംസാരിക്കുകയും നമ്മുടെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട എം.പി-മാരും ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശാശ്വത പരിഹാരത്തിനായി കേന്ദ്ര സർക്കാരിനോട് നേരിട്ട് ആവശ്യപ്പെട്ടതാണ്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ അവയെ സുഗമമായി നിയന്ത്രിക്കാനാകും. ഇന്നത്തെ സാഹചര്യത്തിനനുസൃതമായി 1972-ലെ നിയമം ഭേദഗതി ചെയ്താൽ കർഷകരെ സഹായിക്കാനും ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കാനും വന്യജീവികളെ സംരക്ഷിക്കാനും സാധിക്കും. പട്ടിക ഒന്നും രണ്ടുമായി ബന്ധപ്പെട്ട മൃഗങ്ങളുടെ ലിസ്റ്റിൽ മാറ്റം വരുത്താൻ നിരന്തരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. അപകടകാരിയ ഒരു മൃഗത്തെ ക്ഷുദ്ര ജീവിയായി പ്രഖ്യാപിച്ചാൽത്തന്നെയും അതിനെ നീക്കംചെയ്യാനുള്ള ഒരു നിയമം ഇപ്പോഴത്തെ സാഹചര്യത്തിൽ എളുപ്പമല്ലെന്നും കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയതാണ്. എന്നാൽ ഇതുവരെയും പോസിറ്റീവായ ഒരു പ്രതികരണവും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കേന്ദ്ര നിയമം ഭേദഗതി ചെയ്യണമെന്നും വന്യജീവികളുടെ എണ്ണം വളരെയേറെ വർധിക്കുന്ന സാഹചര്യത്തിൽ ജനന

നിയന്ത്രണം പോലുള്ള മാർഗങ്ങൾ ഏർപ്പെടുത്തണമെന്നും നമ്മൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 2024 ഫെബ്രുവരി 5-ന് കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് നൽകി. എന്നാൽ ഇതിനൊന്നിനുംതന്നെ യാതൊരു പോസിറ്റീവായ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല. കർഷകരെ സഹായിക്കുന്നതിനുവേണ്ടി കാട്ടുപന്നികളെ കൊല്ലുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ അല്ലെങ്കിൽ സെക്രട്ടറിമാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പാസ്സാക്കുകയും അതിന്റെ ഭാഗമായി 2021 മുതൽ സംസ്ഥാനത്ത് കാട്ടുപന്നികളെ കൊല്ലുന്ന സാഹചര്യമുണ്ടായി. പ്രസ്തുത നിയമത്തിന്റെ ആനുകൂല്യത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ  ഒരു ദിവസം എൺപതോളം കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ സാധിച്ചു. പക്ഷേ ഈ രീതി സ്ഥിരമായി കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഇപ്പോഴും ആ മേഖലയിലെ കർഷകരുടെ പ്രശ്നം പൂർണ്ണമായും പരിഹരിക്കാനായിട്ടില്ല. അടിസ്ഥാനപരമായി കേന്ദ്ര നിയമത്തിലാണ് മാറ്റം വരുത്തേണ്ടത്. എന്നാൽ കേന്ദ്ര സർക്കാർ അതിന്

തയ്യാറാകാത്തതുകൊണ്ടും അവസാന ആശ്രയമെന്ന നിലയിലുമാണ് സംസ്ഥാന നിയമസഭയുടെ അധികാരം പ്രയോഗിക്കാനുള്ള ശ്രമം നടത്തുന്നത്. മനുഷ്യജീവന് സുരക്ഷിതത്വം ഉറപ്പാക്കുകയെന്നത് ഭരണഘടന ഉറപ്പ് നൽകുന്ന ഫണ്ടമെന്റൽ റൈറ്റാണ്. എന്നാൽ അത് പാലിക്കുന്നതിനുള്ള സമീപനമല്ല ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പരിസ്ഥിതിയെയും വന്യജീവിയെയും സംരക്ഷിക്കേണ്ട കടമ 1976-ലെ നിയമത്തിൽ ആർട്ടിക്കിൾ 48(A) പ്രകാരം ഭേദഗതിയായി കൊണ്ടുവന്നതാണ്. എന്നാൽ ഇത് രണ്ടും തമ്മിലുള്ള ഒരു ബാലൻസ് ഉണ്ടാകേണ്ടതുണ്ട്. അത് കേന്ദ്ര സർക്കാർ ഇപ്പോഴും ശ്രദ്ധിക്കുന്നില്ല. ഈ നിയമം പാസ്സാക്കിയിട്ടും കേന്ദ്ര സർക്കാർ ഇതിന് പോസിറ്റീവായ സമീപനം സ്വീകരിച്ചില്ലെങ്കിൽ നമുക്ക് ഇതുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. വനാതിർത്തിയിൽ ജീവിക്കുന്ന മുഴുവൻ ജനങ്ങളുടെയും പ്രശ്നമാണ്. ഇതിനെ അത്തരത്തിൽത്തന്നെ അഡ്രസ് ചെയ്യുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. അതുകൊണ്ട് അവസാന ആശ്രയം എന്ന നിലയിലാണ് കേരളത്തിലെ സർക്കാർ ഇങ്ങനെയൊരു ഭേദഗതി നിയമം കൊണ്ടുവന്നത്. തീർച്ചയായും അതിനെ അഭിനന്ദിക്കുകയാണ്. എല്ലാ

നിയമങ്ങളും ജനങ്ങൾക്ക് അനുകൂലമായ നിയമം ആണ്. അതിനാൽ പോസിറ്റീവായ സമീപനം ബഹുമാനപ്പെട്ട ഗവർണറടക്കം കേന്ദ്ര സർക്കാർ സ്വീകരിക്കുകയും അതിനുവേണ്ട നടപടി കൈക്കൊള്ളണമെന്നുമാണ് എനിക്ക് ഇവിടെ പറയാനുള്ളത്.

ശ്രീ. പ്രമോദ് നാരായൺ: സർ, ബഹുമാന്യനായ മുഹമ്മദ് മുഹസിൻ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ വളരെക്കാലമായി കേരളത്തിലെ ജനതയുടെ ഏറ്റവും വലിയ ആവശ്യമാണ് 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യുക എന്നത്. ശ്രീ. ജോസ് കെ. മാണി പാർലമെന്റിൽ ഉൾപ്പെടെ നിരവധി തവണ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഇടതുപക്ഷ എം.പി.-മാരും ശക്തമായി ശബ്ദമുയർത്തിയിട്ടുണ്ട്. പരിമിതികളിൽനിന്നുകൊണ്ടാണ് നമ്മുടെ സംസ്ഥാനം മാതൃകാപരമായ നിയമനിർമ്മാണം നടത്തുന്നതെന്ന കാര്യം അഭിനന്ദനാർഹമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട്, നേരത്തെയുണ്ടായിരുന്ന പരിമിതികളിൽ മാറ്റമുണ്ടാക്കി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാൻ കഴിയുന്ന എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്റെ നിയോജകമണ്ഡലമായ റാന്നിയിൽ ഒരു കർഷകനെ കാട്ടാന

ചവിട്ടിക്കൊന്ന സംഭവമുണ്ടായി. ഇത്തരം ജീവികൾ ആക്രമിക്കാൻ വരുമ്പോൾ ആത്മരക്ഷാർഥം മനുഷ്യർ ചെയ്യുന്ന കാര്യങ്ങളിൽ അവരുടെമേൽ കേസ് ചാർജ് ചെയ്യുന്ന സമീപനത്തിൽ മാറ്റം വരുത്തേണ്ടതാണ്. മനുഷ്യജീവന് അപകടകരമെന്ന് ആക്റ്റിന്റെ രണ്ടാം വകുപ്പിൽ പരാമർശിച്ചിരുന്നുവെങ്കിലും ഏത് സാഹചര്യത്തിലാണ് മനുഷ്യജീവന് അപകടകരമായി വരുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ടായിരുന്നില്ല. അതുകൂടി ഈ ബില്ലിൽ വ്യക്തമാക്കുന്നുവെന്നത് പ്രധാനമാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുമെന്ന് കരുതുകയാണ്. വനം-വന്യജീവി സംഘർഷമെന്നത് കേരളത്തിലെ മനുഷ്യജീവനെയും കൃഷിയെയുമെല്ലാം ബാധിക്കുന്ന ഏറ്റവും ഗുരുതരമായൊരു സാമൂഹിക പ്രശ്നമാണ്. ടി പ്രശ്നത്തിൽ കേരളത്തിനെയാകെ ഒരു സമീപനത്തൊടെയല്ല കാണേണ്ടത്. വന്യജീവികളുടെ സ്വഭാവം, കാടിന്റെ സ്വഭാവം, കാടുകൾക്കിടയിലുള്ള കോറിഡോറുകളുടെ സ്വഭാവം, ജനജീവിതത്തിന്റെ സവിശേഷത എന്നിവയെല്ലാം വ്യത്യസ്തമായതുകൊണ്ട് ഒരു ക്ലസ്റ്റർ ലെവൽ അപ്രോച്ചുകൂടി വനം-വന്യജീവി വകുപ്പ് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കാൻ എ.ഐ. ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്രദമാക്കി ലോകത്തെവിടെയുമുള്ള അനുഭവങ്ങൾ സ്വീകരിച്ചുകൊണ്ട് വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ ആരംഭിക്കണമെന്ന നിർദേശം അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ പോസിറ്റീവായൊരു നിർദേശമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. പ്രസ്തുത ഭേദഗതി നിയമത്തിന്റെ ഒരു പ്രത്യേകത ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചുതന്നെയാണ്. ജില്ലാ കളക്ടർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡനും നിശ്ചിത അധികാരം നൽകുകയാണ്. മുമ്പ് ഈ അധികാരമുണ്ടായിരുന്നില്ല. ജീവന് ഭീഷണിയാണെന്നും അപകടകാരിയായ മൃഗമെന്നുമൊക്കെ വ്യാഖാനിക്കുമ്പോൾ അതിൽ വ്യക്തതയില്ലെന്ന കാരണത്താൽ കൃത്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്ന സാഹചര്യമായിരുന്നില്ല. എന്നുമാത്രമല്ല ഇത്രയും സങ്കീർണ്ണമായ ഒരു സാഹചര്യമായിരുന്നിട്ടും നിലവിലെ നിയമത്തിൽ നിന്നുകൊണ്ട് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത നിസ്സഹായമായ അവസ്ഥയാണുള്ളത്.

അത് പരിഹരിക്കാനാണ് ഈ ഭേദഗതി നിയമം വരുന്നത്. കേന്ദ്രസർക്കാർകൂടി അംഗീകരിച്ചാൽ മാത്രമെ നമുക്ക് ഇത് നിയമമായി മുന്നോട്ടുപോകാൻ കഴിയൂ. അതുകൊണ്ട് നിയമസഭയുടെ ഈ ആവശ്യം കേന്ദ്രസർക്കാരും പോസിറ്റീവായി എടുക്കേണ്ടതുണ്ട്. നമ്മൾ ഇന്ത്യയിലാണ് ജീവിക്കുന്നത്. രാജ്യത്തിന്റേതായ ഒരു നിയമം ഇവിടത്തെ സാധാരണ ജനങ്ങളുടെ ജീവിതത്തിന് വലിയ രീതിയിലുള്ള ഭീഷണിയാകുന്നുണ്ടെങ്കിൽ അതിൽ നിയമനിർമ്മാണം നടത്തേണ്ടത് അല്ലെങ്കിൽ ആയതിന്മേൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്രസർക്കാരിന്റെ കടമയാണ്. എന്നാൽ കേന്ദ്രസർക്കാർ മനുഷ്യരുടെ ജീവനും ജീവിതത്തിനും യാതൊരു തരത്തിലുള്ള വിലയും കൽപ്പിക്കാത്ത സമീപനം സ്വീകരിക്കുന്നത് വളരെ അപലപനീയമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകുന്നത് അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപവരെ നഷ്ടപരിഹാരത്തുക അനുവദിക്കാൻ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. അതിൽ സർക്കാരിനെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. നഷ്ടപരിഹാരത്തുക വർധിപ്പിക്കേണ്ടതുണ്ടെന്ന കാര്യംകൂടി ഈ

അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഒരു ജീവൻ മാത്രമല്ല ഒരു കുടുംബത്തിന്റെ അത്താണി കൂടിയാണ് പലപ്പോഴും നഷ്ടമാകുന്നത്. അതുണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്. പ്രത്യേകിച്ച് വനപ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്ക് അവരുടെ ജീവിതം തിരിച്ചുപിടിക്കുകയെന്നത് അത്ര എളുപ്പമായ കാര്യമല്ല. അതുകൊണ്ടുതന്നെ നഷ്ടപരിഹാരത്തുക ഇനിയും വർധിപ്പിക്കേണ്ടതുണ്ട്. 2011-16 വരെയുള്ള കാലയളവിൽ ഇതുസംബന്ധിച്ച് ഒരുപാട് ചർച്ചകൾ നടന്നിട്ടുണ്ട്. പക്ഷെ ഒരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടത് കോമ്പൻസേഷൻ തുകയുടെ 80 ശതമാനവും കുടിശ്ശികയായിരുന്നു എന്നതാണ്. പാവപ്പെട്ട മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്ക് കോമ്പൻസേഷൻ തുക പോലും സമയബന്ധിതമായി കിട്ടിയിരുന്നില്ല എന്നതാണ് യാഥാർഥ്യം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ വലിയ മാറ്റമാണുണ്ടായത്. ഏതാണ്ട് എൺപത് കോടിയോളം രൂപ നഷ്ടപരിഹാരത്തുക ഇനത്തിൽ അനുവദിക്കാൻ കഴിഞ്ഞു. നേരത്തെയുള്ള കുടിശ്ശിക പൂർത്തീകരിച്ചതിനുശേഷം 95 ശതമാനം അപേക്ഷകളിലും തീരുമാനമാനമെടുത്തു എന്നതും വലിയ കാര്യമാണ്. ഈ സർക്കാരിന്റെ

കാലത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുതി വേലികൾ, സോളാർ ഫെൻസിങ് അടക്കമുള്ള പ്രവൃത്തികളും പുരോഗമിക്കുന്നു. റാപിഡ് റെസ്പോൺസ് ടീം, ബീറ്റ് ഫോറസ്റ്റ് ടീം അടക്കമുള്ളവരെ ഇതിന്റെ ഭാഗമായി നിയമിച്ചു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. സമയപരിമിതി കാരണം അതിലേക്കൊന്നും കടക്കുന്നില്ല. ഇക്കാര്യത്തിൽ കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. പല രാജ്യങ്ങളിലും ശാസ്ത്രീയമായി വൈൽഡ് ലൈഫ് കോറിഡോറുകൾ നിർമ്മിക്കുന്നുണ്ട്. റോഡുകൾ, പാലങ്ങൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവയിലൂടെ അതിവേഗം നഗരവൽക്കരണം പുരോഗമിക്കുന്ന സാഹചര്യമാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ ഇന്ന് വനത്തിൽ മൃഗങ്ങൾക്ക് സ്വാതന്ത്ര്യമായി വിഹരിക്കാൻ കഴിയുന്ന സാഹചര്യമില്ല. അത് പരിഹരിക്കുന്നതിനുവേണ്ടി മറ്റ് വിദേശ രാജ്യങ്ങളിലെപ്പോലെ കോറിഡോറർ സംവിധാനങ്ങളും അതിനോടനുബന്ധമായ കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. ശ്രീലങ്കയിലും കെനിയയിലും ചില ആഫ്രിക്കൻ രാജ്യങ്ങളിലും വളരെ നല്ല രീതിയിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ടൂറിസത്തിനുകൂടി സാധ്യതയുള്ള

രീതിയിൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കേണ്ടത്. യൂറോപ്പിലെ പല സ്ഥലങ്ങളിലും ഇക്കോ ടൂറിസത്തിന്റെ ഭാഗമായി മൃഗങ്ങൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ട്. AI, drone technology, GIS ഉപയോഗിച്ചുള്ള റിയൽ ടൈം മോണിറ്ററിങ് അടക്കമുള്ള കാര്യങ്ങൾ ഇവിടെ നിലവിൽ ചെറിയ തോതിൽ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. അത് വിപുലമാക്കാനുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമാക്കേണ്ടതുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുണ്ടാകാൻ സാധ്യതയുള്ള ഏരിയകൾ തരംതിരിച്ച് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമമാക്കി ആധുനികവൽക്കരിക്കുന്ന സമീപനം സ്വീകരിച്ചാൽ കാര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താനാകും. വൈൽഡ് ലൈഫ് കോറിഡോർ, ഇക്കോ ബ്രിഡ്ജസ്, അണ്ടർപാസ് തുടങ്ങിയ സംവിധാനങ്ങളിലൂടെ മൃഗങ്ങൾക്ക് സ്വൈര്യമായി വിഹരിക്കുന്ന സംവിധാനം ഏർപ്പെടുത്തണം. റെയിലുകൾ, റോഡുകൾ എന്നിവയ്ക്കുടിയിലൂടെ മനുഷ്യരുമായി യാതൊരു ബന്ധവും വരാത്ത രീതിയിൽ അവയ്ക്ക് സഞ്ചരിക്കാനുള്ള സംവിധാനമുണ്ടായാൽ മാത്രമെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ചെയർപേഴ്സൺ: പ്ലീസ്.. കൺക്ലൂഡ്..

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഈ നിയമം കേന്ദ്രസർക്കാർ അംഗീകരിക്കുന്ന സാഹചര്യം ഉണ്ടാകണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവകരമായ ഒരു വിഷയത്തിൽ ഇത്തരമൊരു നിയമനിർമ്മാണവുമായി മുന്നോട്ടുവന്ന സംസ്ഥാന സർക്കാരിന്റെ  സമീപനം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഒരു കാര്യംകൂടി ഇതോടൊപ്പം കൂട്ടിച്ചേർക്കാനുണ്ട്. കാടിന് പുറത്തേക്കുവരുന്ന വന്യമൃഗങ്ങൾ മനുഷ്യന് ഭീഷണിയാകുന്ന സാഹചര്യത്തിൽ, ഇവയുടെ ആക്രമണത്തിൽ  നിന്ന് പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ടി വന്യജീവി കൊല്ലപ്പെട്ടാൽ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന് കുറേക്കൂടി നിയമ പരിരക്ഷ ആവശ്യമാണ്. പ്രസ്തുത വ്യവസ്ഥകൾക്കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തുന്നത് കൂടുതൽ അഭികാമ്യമാണെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ചെയർപേഴ്സൺ: പ്ലീസ്.. മറ്റൊരു ബില്ലുകൂടി ഇന്ന് പരിഗണിക്കേണ്ടതുണ്ട്. ദയവായി പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ഈ നിയമം കേന്ദ്രസർക്കാർ അംഗീകരിക്കേണ്ടതുണ്ടെന്ന് മാത്രമല്ല വരും തലമുറയ്ക്ക് മുന്നോട്ടുപോകണമെങ്കിൽ ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യതയോടുകൂടി തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. വന്യജീവികളെ സംരക്ഷിക്കുന്നതോടൊപ്പം മനുഷ്യന് സ്വൈര്യമായി ജീവിക്കാനും വിഹരിക്കാനുമുള്ള അവകാശമുണ്ടാകണം. മനുഷ്യന്റെ ജീവനോപാധിയായ കൃഷിയും വയലുകളും സംരക്ഷിക്കപ്പെടണം. മനുഷ്യരുടെ ജീവിതം സുരക്ഷിതമാക്കാനുള്ള സംവിധാനങ്ങളാണ് ആവിഷ്കരിക്കേണ്ടത്. വന്യജീവികൾക്ക് അവരുടെ ശരിയായ ആവാസ വ്യവസ്ഥയിൽ ജീവിക്കാനുള്ള സാഹചര്യമാണ് വേണ്ടത്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി ഒരു മനുഷ്യന് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരത്തുക അടക്കമുള്ള ആനുകൂല്യങ്ങൾ വളരെ വേഗം നൽകണം. അവരെ ജീവിക്കാൻ കഴിയുന്ന സാഹചര്യത്തിലേക്ക് തിരികെ കൊണ്ടുവരണം. ഇത്തരം കാര്യങ്ങൾ നടപ്പാക്കാൻ വളരെ കൃത്യമായ പദ്ധതിയോടുകൂടി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനെ

അഭിനന്ദിക്കുന്നു. ഇക്കാര്യത്തിൽ ശക്തമായ കേന്ദ്രനിയമം നിലനിൽക്കുന്നതുകൊണ്ട് കേന്ദ്രസർക്കാരും ഇടപെടണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകളാണ് ഇന്ന് പരിഗണിക്കപ്പെടുന്നത്. ഇവ കേരളീയ സമൂഹത്തിൽ വലിയ ചലനങ്ങളുണ്ടാക്കാൻ പര്യാപ്തമായ ബില്ലുകളാണ്. വനം നിയമഭേദഗതിയിൽ വന ഉദ്യോസ്ഥരുടെ നിർവചനം ഉൾപ്പെടുന്ന ഭാഗത്തുള്ള ചില ആശങ്കകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യണമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ ഇവിടെ പരിഗണിക്കുന്ന അവസരത്തിൽ, ഇക്കാര്യം കേരളീയ സമൂഹം നേരിടുന്ന ഗൗരവതരമായ ജീവിത പ്രശ്നങ്ങളാണെന്ന കാര്യം വിസ്മരിക്കരുത്. നിയമപരമായി പരിരക്ഷണം നൽകാൻ പാകത്തിൽ ഇവിടെ ചർച്ച

ചെയ്യുകയും തുടർന്ന് ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാൻ രൂപത്തിൽ സമൂഹത്തിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. വന്യജീവി വിഷയവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം നിയമം തയ്യാറാക്കി അവതരിപ്പിക്കുന്നത്. നമ്മുടെ അതിർത്തി ഗ്രാമങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം പതിവാണ്. ഇത്തരം അവസരങ്ങളിൽ കൃഷിനാശമോ മനുഷ്യഹത്യയോ നടക്കുമ്പോൾ അതിനെ രാഷ്ട്രീയ മുതലെടുപ്പിനുള്ള ഒരു അവസരമായി കണ്ട് വിവാദമാക്കുന്നതായാണ് സാധാരണഗതിയിൽ കണ്ടുവരുന്നത്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലുണ്ടായിട്ടുള്ള മനുഷ്യ നഷ്ടത്തിന്റെ എണ്ണത്തെ നമ്മുടെ സംസ്ഥാനവുമായി താരതമ്യം ചെയ്താൽ അത് തുലോം കുറവാണെന്ന് മനസ്സിലാകും. അതുകൊണ്ട് കേരളത്തിന്റെ നഷ്ടം നഷ്ടമല്ലെന്നല്ല പറയാൻ ഉദ്ദേശിച്ചത്. വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2019-2023 വരെയുള്ള അഞ്ച് വർഷക്കാലത്തെ കൃത്യമായ കണക്ക് ഇന്ന് ലഭ്യമാണ്. അഞ്ചുവർഷംകൊണ്ട് നമ്മുടെ രാജ്യത്ത് കാട്ടാന, കടുവ എന്നിവയുടെ ആക്രമണങ്ങളിൽ 3076 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. അതിൽ കടുവയുടെ ആക്രമണത്തിൽ മാത്രം 349 പേരാണ് കൊല്ലപ്പെട്ടത്. ഏറ്റവും

കൂടുതൽ പേർ കൊല്ലപ്പെട്ടത് മഹാരാഷ്ട്രയിലാണ്, അതുകഴിഞ്ഞാൽ യു.പി.-യിലാണ്. കേരളത്തിൽ ആറുപേരുടെ ജീവനാണ് നമുക്ക് നഷ്ടപ്പെട്ടത്. അക്കാര്യം സങ്കടകരമാണ്. പക്ഷേ ആനുപാതികമായി നമുക്ക് വന്യജീവികളിൽനിന്നും മനുഷ്യരെ രക്ഷിക്കാൻ കഴിയുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ രാജ്യത്ത് കാട്ടാന ആക്രമണത്തിൽ ആകെ 2727 പേരാണ് കൊല്ലപ്പെട്ടത്. അതിൽ ഒറീസയാണ് ഒന്നാം സ്ഥാനത്ത് (624 പേർ), ഝാർഖണ്ഡിൽ 474 പേരും പശ്ചിമ ബംഗാളിൽ 436 പേരും ആസാമിൽ 383 പേരും കേരളത്തിൽ 124 പേരും കൊല്ലപ്പെട്ടു. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിയിൽ നിന്നുകൊണ്ട് കേരളം പരിശ്രമിക്കുന്നുണ്ടെങ്കിലും നിയമപരമായിട്ടുള്ള പരിരക്ഷ അതിന് കിട്ടുന്നില്ലെന്നുള്ളതാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിന്റെ അടിസ്ഥാനപരമായൊരു കാര്യം. മാധ്യമങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമൊക്കെ ടി വിഷയം വളരെ വൈകാരികമായി അവതരിപ്പിക്കുന്നുണ്ടെങ്കിലും യഥാർഥ പ്രശ്നം തിരിച്ചറിഞ്ഞ് കേരളമാകെ യോജിച്ച് ഫലപ്രദമായിട്ടുള്ള നിയമനിർമ്മാണത്തിലേക്ക് പോകുന്നതിന്

പലരീതിയിലുള്ള തടസ്സങ്ങൾ ഉയർന്നുവരുന്നുണ്ട്. മനുഷ്യർക്കുനേരെയുള്ള വന്യജീവികളുടെ കടന്നാക്രമണം തടയുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമഭേദഗതി നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉപക്ഷേപം രാഷ്ട്രീയഭേദമില്ലാതെ നമ്മൾ ഇവിടെ പാസാക്കിയിട്ടുള്ളതാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റ് അതൊന്നും പരിഗണിക്കുന്ന നില പൊതുവിലില്ലെന്നുള്ളതാണ് നമ്മുടെ ഇതുവരെയുള്ള അനുഭവത്തിൽനിന്നും മനസ്സിലായിട്ടുള്ളത്. ഇക്കാര്യത്തിൽ സാമ്പത്തികമായിട്ടുള്ള ചില പരിമിതികൾ കേരളത്തിനുണ്ടെന്ന് നമുക്കറിയാം. എന്നാൽ മനുഷ്യ ജീവന് രക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ നമ്മൾ ഒട്ടും പുറകിലല്ല എന്നുള്ളതാണ് കേരളത്തിന്റെ വനമേഖലയിൽ നിൽക്കുന്ന പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തി പരിശോധിക്കുമ്പോൾ പറയാനുള്ളത്. ഫെൻസിങ്, വലിയ കിടങ്ങുകൾ, കമ്പിവേലി എന്നിവ കെട്ടി വന്യജീവി ശല്യം തടയാൻ നല്ല ശ്രമം കേരളത്തിലെ സർക്കാർ നടത്തിയിട്ടുണ്ട്, അതിപ്പോഴും തുടരുകയാണ്. എന്നാൽ ഇതിന് ന്യായമായും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട വിഹിതം നമുക്ക് അനുവദിക്കുന്നില്ല. ഇക്കാര്യം ശക്തമായി പാർലമെന്റിൽ ഉന്നയിക്കപ്പെടേണ്ടതാണ്. ആ

നിലയിൽ രാഷ്ട്രീയഭേദമില്ലാതെ പാർലമെന്റ് അംഗങ്ങൾ ടി വിഷയം ഉന്നയിക്കേണ്ടതിനെക്കുറിച്ച് പ്രതിപക്ഷ കക്ഷികളും ഭരണപക്ഷത്തുള്ളവരും ആലോചിക്കേണ്ടതുണ്ട്. അതിനാൽ നമ്മുടെ അവകാശങ്ങൾക്കുവേണ്ടി പാർലമെന്റിൽ ശക്തമായ നിലയിൽത്തന്നെ കാര്യങ്ങൾ ഉന്നയിക്കണം. 2021-ൽ നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിന് മുന്നിൽ 620 കോടി രൂപയുടെ ആവശ്യം ഉന്നയിക്കുകയുണ്ടായി. അത് ന്യായമായ ഒരു ആവശ്യമാണ്. ആ ആവശ്യത്തിനുവേണ്ടിയുള്ള വലിയ ഇടപെടൽ ഗവൺമെന്റ് നടത്തുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ രണ്ടുതവണ കേന്ദ്ര വനം വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ഈ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നാൽപ്പതുശതമാനം തുക സംസ്ഥാന ഗവൺമെന്റ് വഹിക്കാമെന്നും അറുപത് ശതമാനം തുകയെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുവദിക്കണമെന്നുള്ള ഡിമാന്റാണ് നമ്മൾ മുന്നോട്ടുവച്ചത്. ഒരു പഞ്ചവത്സര കർമ്മ പദ്ധതി ആവിഷ്കരിച്ചുകൊണ്ടാണ് കേരളം ഈ വിഷയത്തിൽ ഇടപെട്ടത്. പക്ഷേ ഒരു നയാപൈസ അനുവദിച്ചുതരുന്നതിന് കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 1972-ലാണ് ഇന്ദിരാഗാന്ധിയുടെ

കാലത്തെ കോൺഗ്രസ് ഗവൺമെന്റ് കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം പാസാക്കിയത്. തന്മൂലം വന്യജീവിശല്യം രൂക്ഷമാകുന്നതിന് വഴിയൊരുക്കുന്നതിന് ആ നിയമനിർമ്മാണം കാരണമായിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ സംസ്ഥാന ഗവൺമെന്റിനെ വിമർശിക്കുന്ന കോൺഗ്രസ് പ്രതിനിധികൾ ഇന്ദിരാഗാന്ധിയുടെ കാലത്ത് കൊണ്ടുവന്നിട്ടുള്ള നിയമത്തെക്കുറിച്ച് ഒരക്ഷരം പ്രതികരിക്കുന്നില്ല.

ശ്രീ. ലിന്റോ ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമ ഭേദഗതിയെ സംബന്ധിച്ചാണ്. കേരളത്തിലെ മലയോര മേഖലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ഒരു നിയമ ഭേദഗതിയാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റും വനം-വന്യജീവി വകുപ്പും മുൻകൈയെടുത്ത് ഇവിടെ അവതരിക്കപ്പെടുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് 1972-ലെ വന്യജീവി (സംരക്ഷണ) നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കേന്ദ്ര സർക്കാർ പ്രസ്തുത നിയമം ഒമ്പത് തവണ ഭേദഗതി ചെയ്തു. ഓരോ തവണ നിയമം ഭേദഗതി ചെയ്തപ്പോഴും ആ നിയമം കൂടുതൽ

കർക്കശ്ശമാക്കിയതല്ലാതെ ജനോപകാരപ്രദമാകുന്ന രൂപത്തിൽ അതിൽ ഒരു ഇളവുകളും വരുത്തിയിരുന്നില്ല. നേരത്തെ താഴെത്തട്ടിലുള്ള ഷെഡ്യൂളിൽ ഉൾപ്പെട്ടിരുന്ന നാടൻ കുരങ്ങുകളെ ഷെഡ്യൂൾ ഒന്നിലേക്ക് കൊണ്ടുവന്ന്, നാടൻ കുരങ്ങുകൾക്ക് കൂടുതൽ സുരക്ഷ നൽകുന്ന നിലയിലേക്ക് മാറിയത് 2022-ലെ ഭേദഗതിയിലൂടെയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മുതിർന്ന അംഗം ശ്രീ. എ. പി. അനിൽ കുമാർ അദ്ദേഹത്തിന്റെ നാട്ടിൽ കടുവ ഇറങ്ങിയതുമായി ബന്ധപ്പെട്ട വിഷയം ചൂണ്ടിക്കാണിച്ചു. 2013-ൽ മൻമോഹൻ സിങ് ഇന്ത്യയും ഉമ്മൻ ചാണ്ടി സർക്കാർ കേരളവും ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം നടന്നത്. കടുവയും പുലിയും നാട്ടിൽ ഇറങ്ങിയാൽ ഉണ്ടാകുന്ന അപകടത്തെ എങ്ങനെ നേരിടണം എന്നതിനെ സംബന്ധിച്ചൊരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റും ചേർന്ന് പുറത്തിറക്കി. തുടർന്ന് അത് കൂടുതൽ കർക്കശമാകുന്ന നിലയിലേക്കുവന്നു. ആന പുറത്തിറങ്ങിയാൽ, അതിനുള്ള ഒരു നിയമാവലി തയ്യാറാക്കി. ഈ കർശനമായ നിർദേശങ്ങളെല്ലാം വന്നതോടുകൂടി

കേരളത്തിലെ ജനങ്ങളാകെ വീർപ്പുമുട്ടുന്ന സാഹചര്യത്തിലേക്ക് വരികയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് 1972-ൽ കൊണ്ടുവന്ന നിയമനിർമ്മാണത്തെ മറികടന്ന് കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങളെ ഈ വലിയ ദുരിതത്തിൽനിന്ന് കരകയറ്റുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യപ്പെടേണ്ടതുമായി ബന്ധപ്പെട്ട വിഷയമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നടക്കുന്ന ഒരു മണ്ഡലത്തിലെ എം.എൽ.എ. എന്ന നിലയിലാണ് ടി വിഷയത്തെക്കുറിച്ച് കുറച്ചുകൂടുതലായി കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ബില്ലിൽ പരാമർശമുണ്ട്. കാട്ടുപന്നി ഇപ്പോൾ കാട്ടിലല്ല, അവ നാട്ടിലാണുള്ളത്, അവ നാട്ടിലിറങ്ങുകയാണ്. വന്യജീവികളുടെ ആക്രമണങ്ങളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നമ്മൾ നിയമനിർമ്മാണം നടത്തുന്നത്. എന്നാൽ പലപ്പോഴും വനത്തിനുള്ളിൽ മൃഗങ്ങളെ നിർത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ടാണ് കാട്ടുപന്നിയുടെ കാര്യം സൂചിപ്പിച്ചത്. ഇത്തരം പ്രതിസന്ധികൾക്ക് വലിയ മാറ്റം ഉണ്ടാക്കാൻ കഴിയുന്ന രൂപത്തിൽ

ലോകത്തിന് മാതൃകയാകുന്ന രീതിയിൽ, ഇന്ത്യയ്ക്ക് മാതൃകയാകുന്ന നിലയിലാണ് സംസ്ഥാന ഗവൺമെന്റ് ഈ നിയമനിർമ്മാണം നടത്തുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം കാലോചിതമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കേണ്ടതല്ലേ എന്നതാണ് ബഹുമാനപ്പെട്ട അംഗത്തോട് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 1972-ലെ നിയമം നമ്മുടെ നാടിന് യോജിക്കാത്തതുതന്നെയാണ്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാന ഗവൺമെന്റ് വന്യജീവി സംരക്ഷണ ഭേദഗതി നിയമം തയ്യാറാക്കി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. കേരള ഗവൺമെന്റാണ് അത്തരം ഒരു നീക്കം ഇപ്പോൾ നടത്തുന്നത്. വാജ്പേയിയുടെ കാലത്ത് ബി.ജെ.പി. ഗവൺമെന്റ് ഈ നിയമങ്ങൾ കുറേക്കൂടി കർശനമാക്കി. ഇവിടെ സൂചിപ്പിച്ചതുപോലെ, 2022-ൽ ബി.ജെ.പി. കുറേക്കൂടി തീക്ഷ്ണമായ രീതിയിലുള്ള കാര്യങ്ങൾ ആ നിയമത്തിൽ ഉൾപ്പെടുത്തുകയും അത് ജനവിരുദ്ധവും മനുഷ്യജീവന് വിലകൽപ്പിക്കാത്ത നിലയിലുമുള്ള തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരികയും ചെയ്തുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് തന്നെ ഈ നിയമം നമ്മൾ എല്ലാവരും

ഒറ്റക്കെട്ടായി ഒരു മനസ്സോടുകൂടി അംഗീകരിച്ച് പോകേണ്ടതാണ് എന്നുള്ളതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിക്കുമെന്ന് തന്നെയാണ് നമ്മൾ കരുതുന്നത്. ഈ ബില്ലിൽ വന്യജീവികളുടെ കാറ്റഗറിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കുരങ്ങുകളുടെ വിഷയത്തിൽ നമ്മൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നതിനെക്കുറിച്ചും ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നയം ഏത് നിലയിലാണെന്നുള്ളത് വളരെ പ്രകടമായിട്ടുള്ള ഒരുകാര്യമാണ്. നമ്മൾ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് നിരന്തരമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് അത് അംഗീകരിക്കുന്നില്ല. 2015-ൽ ബീഹാറിൽ കൃഷിനാശം വരുത്തുന്ന നീലക്കാളകളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ ബീഹാർ ഗവൺമെന്റ് ആവശ്യപ്പെട്ടപ്പോൾ കേന്ദ്രസർക്കാരിന് യാതൊരു വിഷമവുമുണ്ടായിരുന്നില്ല. അവർ ആവശ്യപ്പെട്ട മുറയ്ക്ക് നീലക്കാളകളെ ക്ഷുദ്രജീവികളായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചു. 2016-ലാണ് ഉത്തരാഖണ്ഡിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് അവിടുത്തെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട്

ആവശ്യപ്പെട്ടത്. നമ്മൾ ഈ ആവശ്യം ഉന്നയിക്കുമ്പോൾ പരിഗണിക്കാത്ത കേന്ദ്രഗവൺമെന്റ് ഉത്തരാഖണ്ഡിന് കാട്ടുപന്നിയെ ക്ഷുദ്രജീവിയായി അംഗീകരിച്ചുകൊണ്ട് അംഗീകാരം നൽകുന്ന നിലപാട് സ്വീകരിച്ചു. ഇതെല്ലാം ചൂണ്ടിക്കാണിച്ച് നമ്മൾ നിരന്തരമായി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ എല്ലാ തലങ്ങളിലുമുള്ള അവഗണനയുടെ തുടർച്ചപോലെ മനുഷ്യജീവന് വിലകല്പിക്കാത്ത നിലയിൽ ഇത്തരം കാര്യങ്ങളിൽ യഥാർഥത്തിൽ കേരളവിരുദ്ധമായ സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളതാണ് ഈ ഭേദഗതിയെ കുറെക്കൂടി ഗൗരവമുള്ള കാര്യമായി മാറ്റിത്തീർക്കുന്നത്.

ശ്രീ. എ. രാജ: സർ, .......(മൈക്ക് ഓഫ്)....

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം വഴങ്ങി കൊടുത്താൽ സമയബന്ധിതമായി ബില്ലിന്റെ ചർച്ച പൂർത്തീകരിക്കാൻ സാധിക്കില്ല.

ശ്രീ. ടി. ഐ. മധുസൂദനൻ: വന്യജീവി ആക്രമണം നേരിടുന്ന നിയോജകമണ്ഡലത്തിൽനിന്നുള്ള അംഗമാണ്.

ശ്രീ. എ. രാജ: സർ, പ്രധാനപ്പെട്ട ബില്ലായതുകൊണ്ടാണ് ഇങ്ങനെ ഇടയ്ക്ക് കയറി ചർച്ച ചെയ്യേണ്ടിവരുന്നത്. ഏറ്റവും കൂടുതൽ വനവുമായി

അതിർത്തി പങ്കിടുന്ന ഒരു മണ്ഡലവും ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ആളുകൾ വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ച മണ്ഡലവും കൂടിയാണ് എന്റെ മണ്ഡലം. ഇപ്പോൾ നമ്മുടെ സംസ്ഥാന സർക്കാർ 1972-ലെ കേന്ദ്രഗവൺമെന്റിന്റെ നിയമത്തെ ഭേദഗതി ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അക്കാര്യം വളരെ സന്തോഷത്തോടും പ്രതീക്ഷയോടുംകൂടിയുമാണ് ഞങ്ങൾ നോക്കിക്കാണുന്നത്. നിലവിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്ന ആളുകൾക്ക് നേരത്തെ 2 ലക്ഷം രൂപയായിരുന്നു നഷ്ടപരിഹാരമായി കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത തുക 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യമൃഗ ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപ മാത്രമാണ് നഷ്ടപരിഹാരമായി നൽകുന്നത്. ഇത്തരത്തിൽ ആക്രമിക്കപ്പെടുന്ന ആളുകളുടെ ജീവൻ രക്ഷാർത്ഥം പല സാഹചര്യങ്ങളിലും പലതരത്തിലുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകുമ്പോൾ സർക്കാർ അനുവദിക്കുന്ന ഒരു ലക്ഷം രൂപ പര്യാപ്തമല്ലാതാകുന്നുണ്ട്. അത്തരത്തിലുള്ള ആളുകളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുക കണ്ടെത്തുകയെന്ന്

പ്രയാസകരമാണ്. ഈ സന്ദർഭങ്ങളിൽ എന്നെപ്പോലുള്ള പല എം.എൽ.എ.-മാരും ഇടപെട്ടിട്ടാണ് ബാക്കിയുള്ള കാര്യങ്ങൾ ആക്രമിക്കപ്പെടുന്നവർക്ക് ചെയ്തുകൊടുക്കുന്നത്. വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അനുവദിക്കുന്ന നഷ്ടപരിഹാര തുക വർധിപ്പിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. നേരത്തെ കാട്ടിലുണ്ടായിരുന്ന മൃഗങ്ങളെല്ലാം ഇപ്പോൾ നാട്ടിലേക്ക് ഇറങ്ങിവരികയാണ്. ഇവ നാട്ടിലേക്ക് ഇറങ്ങാതിരിക്കാൻ ഇവർക്ക് ആവശ്യമുള്ള വെള്ളവും ഭക്ഷണവും കാട്ടിൽത്തന്നെ ഒരുക്കേണ്ടതല്ലേ? അതുപോലെ, നാട്ടിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങിവരുന്ന സ്ഥലങ്ങൾ ഏറ്റവും അഡ്വാൻസ്ഡ് ആയി AI സംവിധാനങ്ങളെല്ലാം ഉപയോഗിച്ച് നമുക്ക് നിരീക്ഷിക്കാൻ കഴിയും. അതുപോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ വന്യമൃഗ ആക്രമണത്തിന് ഒരു തടയിടാൻ സാധിക്കുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ സൂചിപ്പിച്ചതിന്റെ തുടർച്ചയായി ഒരുകാര്യം ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കണ്ണൂർ

ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പുതിയവീട്ടിൽ പത്മനാഭനെ സംബന്ധിക്കുന്ന ഫയൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മുന്നിലുണ്ട്. ആനയുടെ ചവിട്ടേറ്റിട്ടാണ് പത്മനാഭന് ജീവൻ നഷ്ടപ്പെട്ടത്. എന്റെ മണ്ഡലത്തിലെ കർണാടക വനാതിർത്തിയോട് ചേർന്നിട്ടുള്ള പ്രദേശത്താണ് ടി സംഭവം നടന്നത്. കർണാടക ഉൾപ്പെടുന്ന വനത്തിൽ വച്ചിട്ടാണ് ടി സംഭവം നടന്നതെന്ന റിപ്പോർട്ട് വന്നതിനെത്തുടർന്ന് കേരള ഗവൺമെന്റ് മരണപ്പെട്ട ആളിന്റെ അവകാശികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ തയ്യാറായില്ല. തുടർന്ന് വില്ലേജ് അധികാരികൾ ഇടപെട്ട് പത്മനാഭൻ, ആനയുടെ ചവിട്ടേറ്റ് കൊല്ലപ്പെട്ടത് കേരള അതിർത്തിയിൽനിന്ന് തന്നെയാണ് എന്ന സർട്ടിഫിക്കറ്റ് ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലപ്പെട്ട ആളുടെ ഭാര്യ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ട് കുറച്ചുനാളുകളായി. ഈ ആവശ്യം അടിയന്തരമായി പരിഹരിച്ച് കുടുംബത്തിന് ആശ്വാസം നൽകണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ നഷ്ടപരിഹാരത്തെക്കുറിച്ച് സൂചിപ്പിച്ചതിനോട് ചേർത്ത് വച്ചുകൊണ്ട് ഒരു വിഷയം എന്ന നിലയ്ക്ക് ഇവിടെ സൂചിപ്പിക്കുകയാണ്. അതിനുകൂടി

സഹായകമാകുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നുള്ളതാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ജനവാസ മേഖലയിൽ ഇറങ്ങുന്ന ഏതെങ്കിലും ഒരു വന്യമൃഗം ഒരാളെ ആക്രമിച്ച് പരിക്കേൽപ്പിച്ചാൽ ഉടൻതന്നെ ആ വന്യമൃഗത്തെ കൊല്ലാൻ ഉത്തരവിടാൻ ഉന്നതാധികാരികളുടെ സമ്മതത്തോടുകൂടി ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണ് ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം. അത് എത്രമാത്രം വലിയ ആശ്വാസമാണ് കേരളത്തിന്റെ വന്യജീവി ആക്രമണം നേരിടുന്ന പ്രദേശത്തെ ജനങ്ങൾക്ക് ഉണ്ടാക്കുകയെന്നുള്ളത് ഇവിടെ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. നിലവിലുള്ള കേന്ദ്രനിയമത്തിലെയും കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവറിലെയും അപ്രായോഗികവും കാലതാമസം വരുത്തുന്നതുമായ നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് ഈ നിലയിൽ മനുഷ്യജീവന് സുരക്ഷിതത്വം നൽകാൻ പാകത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനുവേണ്ടി ഇത്തരമൊരു നിയമ ഭേദഗതി കൊണ്ടുവരുന്നത്. പട്ടിക 2-ലെ വന്യമൃഗങ്ങളുടെ എണ്ണം വർധിച്ചാൽ അവയുടെ ജനന നിയന്ത്രണം നടത്തൽ, മറ്റ് സ്ഥലങ്ങളിലേക്ക്

നാട്ടുകടത്തൽ എന്നിവയും ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങണമെന്ന വ്യവസ്ഥ പാലിക്കേണ്ടതില്ല എന്നുള്ളതാണ് ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം. ഇവിടെ ജനന നിയന്ത്രണം, മറ്റ് കാര്യങ്ങൾ പറഞ്ഞ സ്ഥലത്ത് വേറെയൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, വന്യജീവിയെ ആർക്കും കൊല്ലാം പക്ഷേ ജീവികൾക്കും ജീവിതത്തിന് അവകാശമുണ്ട് എന്നുള്ള കാര്യം ഗവൺമെന്റ് ഈ നിയമത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. കൃഷിക്ക് നാശം വരുത്തുക, മനുഷ്യജീവന് അപായം വരുത്തുക, ഇത്തരം കാര്യങ്ങളിൽ കൃത്യമായ നിലയിൽ  ഉറപ്പുണ്ടാകണം. കാരണം, ഈ നിയമം കേന്ദ്ര നിയമത്തിന്റെ ഒക്കെ ചില അനുഭവങ്ങൾ വളരെ വിശദമായിട്ട് പല ഘട്ടങ്ങളിൽ ചർച്ച ചെയ്തിട്ടുള്ള ഒരു കാര്യമാണ്. 2018 നവംബർ 2 മഹാരാഷ്ട്രയിലെ പന്താർകാവ്ഡ എന്ന സ്ഥലത്ത് 13 ഓളം മനുഷ്യരെ കൊന്നുവെന്ന് പറയപ്പെടുന്ന 'അവിനി' എന്ന പെൺ കടുവയെ കൊല്ലാൻ മഹാരാഷ്ട്രയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഷൂട്ട് അറ്റ് സൈറ്റ് ഓർഡർ പുറപ്പെടുവിച്ചു. ഒരു മനുഷ്യശരീരത്തിന്റെ 60 ശതമാനവും കടുവ കഴിച്ചുവെന്നായിരുന്നു

ഇതിനുള്ള ഒരു കാരണം. എന്നാൽ ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ച് ഈ കേസ് പരിഗണിക്കവേ നിരവധി ചോദ്യങ്ങൾ ചോദിക്കുകയും ഈ കടുവ നരഭോജിയാണ് (man eater) എന്നതിനുള്ള തെളിവുകൾ വരെ പരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആ കടുവ മനുഷ്യന്റെ 60% ഭക്ഷണമാക്കിയെന്നുള്ളത് ഗ്രാമവാസികളൊക്കെ കണ്ടിട്ടുള്ള കാര്യമാണ്. ഈ കടുവ നിരന്തരം ആളുകളെ ആക്രമിച്ചുകൊണ്ടിരിക്കുന്നുവെന്നത് യാഥാർഥ്യമാണ്. പക്ഷേ കോടതി പറയുന്നത്, ഇത് മനുഷ്യശരീരം ഭക്ഷണമാക്കിയിട്ടുണ്ടോ എന്നുള്ളതിന്റെ കൃത്യമായ തെളിവ് കൊണ്ടുവരണമെന്നാണ്. ആ കടുവയുടെ സമീപത്ത് ഏത് മനുഷ്യനാണ് പോകാൻ സാധിക്കുക? അപ്പോൾ ഇങ്ങനെയൊക്കെയുള്ള ഈ നിയമത്തിന്റെ പല നൂലാമാലകളെയും മറികടന്ന് മനുഷ്യജീവന് ഉറപ്പുകൊടുക്കുക എന്നുപറയുന്നത് പുരോഗമന സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണെന്നുള്ള കാര്യമാണ്. ഇപ്പോൾ ഈ ഭേദഗതി നിയമമാകുന്നതോടുകൂടി ഇതിന്റെ മറ്റ് നടപടിക്രമങ്ങൾ കൂടി ഉയർന്ന് വരുന്നതോടുകൂടി തീർച്ചയായിട്ടും കേരളത്തിലെ വനത്തോട് ചേർന്ന് നിൽക്കുന്ന പ്രദേശങ്ങൾ..... 30-ഉം 40-ഉം കിലോമീറ്റർ ദൂരം വരെ

കടന്നാണ് ഇപ്പോൾ വന്യജീവികൾ നാട്ടിലേക്ക് വരുന്നുവെന്നുള്ളത് ഒരു യാഥാർഥ്യമാണ്. അപ്പോൾ ഈ നിലയിൽ വലിയ ആശങ്കയോടുകൂടി കഴിയുന്ന മനുഷ്യർക്ക് ഒരു ഗവൺമെന്റ് എങ്ങനെയാണോ സുരക്ഷിതത്വം നൽകേണ്ടത്, ആ സുരക്ഷിതത്വം നൽകുന്നതിന് ഈ നിയമം വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ നിയമം യാദൃശ്ചികമായി ഉണ്ടായിട്ടുള്ള ഒന്നല്ല. ഈ കേരളത്തിൽ കർഷകസംഘം, കിസാൻ സഭ ഉൾപ്പെടെയുള്ള സംഘടനകൾ വലിയ നിലയിൽ നമ്മുടെ മലയോര പ്രദേശങ്ങളിൽ നടത്തിയിട്ടുള്ള ജനകീയ പ്രക്ഷോഭങ്ങളും വലിയ പ്രചാരണജാഥകളും സമരങ്ങളുമുണ്ട്. സംസ്ഥാന അടിസ്ഥാനത്തിൽ കർഷകസംഘം നടത്തിയിട്ടുള്ള സമരം ഈ സമീപകാലത്താണ് വലിയ നിലയിൽ കേരളത്തിൽ ചർച്ച ചെയ്തത്. വിവിധ മേഖലകളിൽ ജനങ്ങളുടെ വിപുലമായ കൂട്ടായ്മകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രം ഈ നിയമം മനുഷ്യന് ഗുണകരമാകുന്ന രീതിയിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ പാർലിമെന്റിന് മുന്നിൽ നടന്നിട്ടുള്ള ജനകീയ പ്രക്ഷോഭങ്ങളുണ്ട്. ആ ജനകീയ പ്രക്ഷോഭങ്ങളുടെ എല്ലാം ഒരു ഉല്പന്നമായിട്ടാണ് യഥാർഥത്തിൽ മനുഷ്യജീവന് വില കല്പിക്കുന്ന കേരളീയ സമൂഹത്തിൽ എല്ലാ

ജീവികളുടെയും മൂല്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് മനുഷ്യജീവന് കുറേക്കൂടി മൂല്യം കല്പിക്കുന്ന ഇത്തരത്തിലുള്ള നിയമം കേരളത്തിലെ ഗവൺമെന്റ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ആ നിലയിൽ പരിഗണിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് നിർത്തുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ കേന്ദ്ര നിയമത്തിന് വിരുദ്ധമായി അത് കേരളത്തിൽ മാത്രമായി നിലനിൽക്കുകയുള്ളൂ. എങ്ങനെയാണ് അത് ചെയ്യാൻ കഴിയുക? കേന്ദ്രത്തിന് ഒരു നിയമമുണ്ട്, നമ്മൾ ഇവിടെനിന്നും നിയമം പാസാക്കി പ്രസിഡന്റിന് അയച്ചുകൊടുക്കുകയും അദ്ദേഹം അത് കേന്ദ്രസർക്കാരിലേക്ക് അയയ്ക്കുകയും അവരത് അംഗീകരിക്കുകയും ചെയ്താൽ മാത്രമേ അതൊരു നിയമമായി മാറ്റാൻ സാധിക്കുകയുള്ളൂ. ഈ ഭേദഗതിയുടെ കാര്യത്തിൽ ഭാവിയിൽ വലിയ പ്രതീക്ഷയൊന്നുമില്ല, കാരണം അതിന് അംഗീകാരം ലഭിക്കില്ലെന്നതിൽ നമുക്ക് ആർക്കും സംശയമില്ല. കാരണം, ഈ വിഷയത്തിൽ കേരളം മുമ്പ് അയച്ച കത്തുകൾക്കെല്ലാം നിലവിലുള്ള

നിയമത്തിലെ സെക്ഷനുകളുപയോഗിച്ച് സംസ്ഥാനത്തിനുതന്നെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂവെന്ന മറുപടിയാണ് കേന്ദ്രം നമുക്ക് നൽകിയിട്ടുള്ളത്. കൃഷിക്കും ജീവനും സംരക്ഷണം നൽകാൻ section 11(2) Self defence എന്ന മാർഗവും ഉപയോഗിക്കാം. അതല്ലെങ്കിൽ കളക്ടർമാരുടെ അധികാരമോ ദുരന്തനിവാരണ നിയമമോ ഉപയോഗിക്കാം. മൃഗങ്ങൾ കാട്ടിൽ അതിന്റെ ആവാസവ്യവസ്ഥയിൽ/ഹാബിറ്റാറ്റിൽ ആയിരിക്കുമ്പോൾ മാത്രമേ വന്യജീവിയായി പരിഗണിക്കപ്പെടേണ്ടതുള്ളൂ എന്നതടക്കമുള്ള സാധ്യതകൾ നമുക്ക് ഉപയോഗിക്കാം. ഇതൊക്കെ ഒരു നിയമ ഭേദഗതിയുമില്ലാതെ സംസ്ഥാന സർക്കാരിന് ചെയ്യാവുന്നതാണ്. അപ്പോൾ, വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന് നിലമൊരുക്കൽ അല്ലെങ്കിൽ election stunt ഈ ഭേദഗതിയിലുണ്ടെന്ന് നമ്മൾ ആരെങ്കിലും സംശയിച്ചിട്ടുണ്ടെങ്കിൽ അത് സത്യമായി നമുക്ക് തോന്നും. ഒന്നുകൂടി ലളിതമായിപ്പറഞ്ഞാൽ നിയമം ഇല്ലാത്തതല്ല, നിലപാട് ഇല്ലാത്തതാണ് ഈ സർക്കാരിന്റെ യഥാർഥ പ്രശ്നം. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനം സ്ഥലവും വനമാണ്. 30 ലക്ഷത്തോളം ജനങ്ങളാണ് വനാതിർത്തി ഗ്രാമങ്ങളിലെ മനുഷ്യ-വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളിൽ ജീവിക്കുന്നത്. ഈ

ജനങ്ങളെല്ലാം ഭീതിയുടെ മുൾമുനയിലാണ്. വന്യജീവി ആക്രമണത്തിൽ സംസ്ഥാനത്ത് ജനങ്ങൾ മരിച്ചുവീഴുമ്പോൾ മനുഷ്യ-വന്യജീവി ആക്രമണത്തിൽ മനുഷ്യനഷ്ടം കുറയാൻ തുടങ്ങിയെന്ന വിചിത്രമായ വാദമാണ് ഇത്രയുംകാലം സർക്കാർ ഉയർത്തിയത്. കൂട്ടായ പരിശ്രമം കൊണ്ട് വന്യമൃഗങ്ങളുമായുള്ള സംഘർഷത്തിൽ മനുഷ്യ നഷ്ടം കുറഞ്ഞുതുടങ്ങിയെന്ന വാദത്തിന്റെ അർഥമെന്താണ്? സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി കൂടിയ കാലഘട്ടമാണിപ്പോൾ. 2016-ൽ നാളിതുവരെ ആയിരത്തോളം പേർ കൊല്ലപ്പെട്ടു. അക്കാലത്തെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും കൃഷിസ്ഥലങ്ങളിലും കാട്ടാന, കാട്ടുപന്നി, കാട്ടുകുരങ്ങ്, കാട്ടുപോത്ത്, മയിൽ, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണവും കടന്നുകയറ്റവുംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും നിരവധി പേർക്ക് ഗുരുതര പരിക്കുകളേൽക്കുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ കണക്കുപ്രകാരം 2016 മുതൽ നാളിതുവരെ അറുപതിനായിരത്തോളം വന്യജീവി ആക്രമണങ്ങളാണ് കേരളത്തിൽ നടന്നത്. സർക്കാരിന്റെ കണക്കുകൾ പ്രകാരം 2016 മുതൽ

നാളിതുവരെ കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളിൽ 8000 പേർക്ക് പരിക്കേറ്റിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം കാരണം ജീവൻ പണയപ്പെടുത്തിയാണ് മലയോരവാസികൾ ജീവിക്കുന്നത്. വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളുടെ വളർത്തുമൃഗങ്ങളായ പശു, ആട്, പട്ടി, കോഴി എന്നീ മൃഗങ്ങളും പക്ഷികളും കാട്ടുമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായിത്തീരുന്നു. വാഴ, കവുങ്ങ്, കപ്പ, ചേമ്പ്, ചേന തുടങ്ങിയ എല്ലാ കൃഷികളും കൂട്ടത്തോടെ നശിപ്പിക്കപ്പെടുന്ന സാഹചര്യമാണ് വനാതിർത്തിയിലുള്ളത്. സർക്കാരിന്റെതന്നെ കണക്കുകൾ പ്രകാരം 2016 മുതൽ 70 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. നഷ്ടപരിഹാരംപോലും സമയബന്ധിതമായി നൽകാൻ സർക്കാരിന് സാധിക്കുന്നില്ല. വിവിധ വന്യജീവി ആക്രമണങ്ങളിൽ മനുഷ്യജീവനും കൃഷിയും വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ട നാലായിരത്തോളം പേരുടെ നഷ്ടപരിഹാരം സർക്കാർ ഇതുവരെയും നൽകിയിട്ടില്ല. നഷ്ടപരിഹാരമായി നൽകുന്നത് 9 വർഷം മുമ്പുള്ള തുകയാണ്. കാലോചിതമായ വർധനവ് വരുത്തിയിട്ടില്ല, അത് ലഭിക്കുന്നതിനുവേണ്ടി കൃഷി, വനം വകുപ്പ് എന്നിവയുടെ ഓഫീസുകളിൽ പലതവണ കയറിയിറങ്ങണം, ഈ തുക

അതിനുപോലും തികയില്ലെന്നാണ് പരാതി. അതുമാത്രമല്ല, വന്യജീവി ആക്രമണം തടയുന്നതിനായി സർക്കാർ ചെലവഴിക്കുന്ന തുക പരിശോധിച്ചാൽത്തന്നെ ഈ വിഷയത്തിൽ സർക്കാരിന്റെ അലംഭാവം എത്രത്തോളമാണെന്ന് വ്യക്തമാകും. 2018-19-ൽ വന്യമൃഗ ആക്രമണം തടയുന്നതിനായി സർക്കാർ 6.28 കോടി രൂപ ചെലവഴിച്ചപ്പോൾ 2022-23-ൽ അത് വെറും 3 കോടി രൂപയായി കുറഞ്ഞു. പുതിയ നിയമത്തിൽ സാധാരണയായി ജനങ്ങൾ ഒരുമിച്ചുകൂടുന്ന പൊതുസ്ഥലത്തോ ഒരു ജനവാസമേഖലയിലോ വന്യമൃഗം ഏതെങ്കിലും ആളെ ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്താൽ പെട്ടെന്ന് നടപടിയെടുക്കാനും കാലതാമസംകൂടാതെ കൊല്ലാനുള്ള ഉത്തരവിടാനും ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. വന്യജീവി ജനവാസകേന്ദ്രത്തിലാണെന്നും അപകടകാരിയാണെന്നും ജില്ലാ കളക്ടറിൽനിന്നും ഫോറസ്റ്റ് കൺസർവേറ്ററിൽനിന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യാൻ കഴിയുകയെന്നാണ് ബില്ലിൽ പറയുന്നത്. അപ്പോൾ എന്തായിരിക്കും സ്ഥിതി; ആ കടലാസൊക്കെ വാങ്ങിക്കൊണ്ടുവരുമ്പോഴേയ്ക്കും വന്യജീവികൾ അവിടെയാകെ

തവിടുപൊടിയാക്കിയിട്ടുണ്ടാവില്ലേ? കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് ഇത്രയും സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയെന്ന് പറയുമ്പോഴും വന്യമൃഗ ആക്രമണം കൂടിവരുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ഇതെല്ലാം വെറും കടലാസിൽ ഒതുങ്ങുന്ന പദ്ധതികളാണെന്നാണ് ഇതിൽനിന്നും തെളിയുന്നത്. വനാതിർത്തിയിൽ സ്ഥാപിച്ച വൈദ്യുതവേലികളുടെ അറ്റകുറ്റപ്പണികൾപോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. എത്രയുംവേഗം അത് പൂർത്തീകരിച്ചില്ലെങ്കിൽ ഈ മേഖലയിലെ കൃഷിയും ജീവിതവും കൂടുതൽ ദുരിതപൂർണമാകും. വന്യമൃഗങ്ങളുടെ വരവിനെ തടയാൻ നാട്ടുകാർ പടക്കം പൊട്ടിച്ചും തകരച്ചെണ്ടകൾ മുഴക്കുന്ന സ്ഥിതിയുമാണ്. രാത്രി മാത്രമല്ല, പകൽസമയത്തുപോലും കാട്ടുമൃഗങ്ങൾ മനുഷ്യവാസസ്ഥലങ്ങൾ ആക്രമിക്കുന്നത് വളരെയധികം വർധിച്ചിട്ടുണ്ട്. കാട്ടാനകൾക്ക് സ്വൈരവിഹാരം നടത്തുന്നതിനായി വന്യജീവി കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ആനത്താരകൾ കൂടുതലായി നിർമ്മിക്കാൻ സർക്കാർ തയ്യാറാകണം. ഇതൊന്നും ചെയ്യാതെ കടലാസിൽ മാത്രം ഓരോ നിയമം

ഉണ്ടാക്കി നമ്മൾ ഇവിടെനിന്നും പോകുകയും കൃഷിക്കാർ വീണ്ടും കഷ്ടപ്പെടുകയും ചെയ്യും. ഈ ബില്ലിനെ ഞങ്ങളാരും എതിർക്കുന്നില്ല......

ശ്രീ. ടി. സിദ്ദിഖ്: സർ, സാധാരണ കർഷകർക്കും മനുഷ്യർക്കും സ്വന്തം ജീവരക്ഷാർത്ഥം ഗൺ ലൈസൻസ് കൊടുക്കാറുണ്ട്. ഇപ്പോൾ ഗൺ ലൈസൻസ് പുതുക്കിക്കൊടുക്കുന്നില്ല. വന്യമൃഗങ്ങൾ ആക്രമിക്കാൻ വരുമ്പോഴും സുരക്ഷയ്ക്കുവേണ്ടി ഉപയോഗിക്കാവുന്ന ഗൺ ലൈസൻസ് പുതുക്കിക്കൊടുക്കാത്തത് കാരണം മലയോരമേഖലകളിൽ ഗുരുതരമായ പ്രതിസന്ധിയുണ്ട്. അതിനുള്ള മാർഗനിർദേശമോ അല്ലെങ്കിൽ ഡയറക്ഷനോ കൊടുക്കാൻ ഈ ബില്ലിന്റെ ഭാഗമായെങ്കിലും സർക്കാർ ശ്രദ്ധിക്കുമോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ നിയമം പരിശോധിച്ചപ്പോൾ സെൻട്രൽ ആക്റ്റിൽ പറഞ്ഞിട്ടുള്ള പല പ്രൊവിഷൻസും ഉദാഹരണമായി, ഷെഡ്യൂൾ (1), (2), (3) എന്നിവയിൽ മൃഗങ്ങളെ കാറ്റഗറൈസ് ചെയ്തിട്ടുണ്ട്. ആ കാറ്റഗറി മാറ്റാനും vermin animals ആയി ഡിക്ലയർ ചെയ്യാനുമുള്ള അധികാരം സെൻട്രൽ ആക്റ്റിലാണുള്ളത്. ഇവിടെ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ സംസ്ഥാന സർക്കാർ അത് ചെയ്യുന്നു.

ആർട്ടിക്കിൾ 254 പ്രകാരം ഇങ്ങനെയൊരു direct conflict വന്നാൽ ഈ നിയമത്തിന്റെ ഗതി എന്താകുമെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ചത് ഗൺ ലൈസൻസിന്റെ കാര്യമാണ്. അത് രണ്ടുമൂന്ന് വർഷമായി പുതുക്കിക്കൊടുക്കുന്നില്ല. ചില പ്രത്യേക ഓഫീസർമാർ മലപ്പുറത്ത് എത്തിയപ്പോൾ ഞങ്ങൾ പല പ്രാവശ്യം അവരോട് ഈ വിഷയം സംസാരിച്ചുവെങ്കിലും അതൊന്നും സാധിക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യം ഇതുവരെ കൃത്യമായി നടക്കുന്നില്ല. ഒരുഭാഗത്ത് കൃഷി മുഴുവൻ പന്നികളും മറ്റുള്ള മൃഗങ്ങളും നശിപ്പിക്കുകയാണ്. അതിൽനിന്നും രക്ഷനേടുന്നതിനായി ഗൺ ലൈസൻസുള്ള ആരെയെങ്കിലും അന്വേഷിച്ചാൽ അവർക്കാർക്കും ലൈസൻസ് പുതുക്കി നൽകിയിട്ടില്ല, തോക്കുകൾ പോലീസ് സ്റ്റേഷനുകളിലാണെന്നതാണ് അവസ്ഥ. ഇത് മലപ്പുറത്തും വയനാട്ടുമൊക്കെയുള്ള ഏറ്റവും വലിയ ഒരു പ്രശ്നമാണ്.

ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച കാര്യത്തിൽ, ഈ നിയമം ഇവിടെനിന്നും നമുക്ക് പാസാക്കി അയയ്ക്കാം.

എന്നാൽ ഇതിന്റെ ഭാവി വളരെ ഇരുളടഞ്ഞതാണ്. ജനങ്ങളെ കബളിപ്പിക്കുന്നതിനുള്ള ഒരു election stunt മാത്രമായാണ് ഞാൻ ഇതിനെ കാണുന്നത്. ഞങ്ങൾ ആരും ഇതിനെ എതിർക്കുന്നില്ല, ഞങ്ങൾ എല്ലാവരും ഇതിന് wholehearted support നൽകുന്നുണ്ട്. പക്ഷേ അതിന് അംഗീകാരം വാങ്ങേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയുടെ കടമയാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വന്യമൃഗ ആക്രമണത്തിൽ ജീവനും സ്വത്തും നഷ്ടപ്പെട്ട് വിറങ്ങലിച്ചുനിൽക്കുന്ന കേരളത്തിലെ മലയോരമേഖലയിലെ ആദിവാസികളും കർഷകരുമുൾപ്പെടെയുള്ള മുപ്പത് ലക്ഷത്തിലധികംവരുന്ന ജനങ്ങളുടെ ദീനരോദനം കഴിഞ്ഞ ഒൻപത് വർഷക്കാലമായി കേരളത്തിലെ സർക്കാർ സാമാന്യവൽക്കരിച്ചതിലൂടെ, അതിനെതിരെ ഉയർന്ന പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിലാണ് സർക്കാർ ഇത്തരമൊരു നിയമ ഭേദഗതിക്ക് നിർബന്ധിതരായിരിക്കുന്നതെന്ന് മനസ്സിലാക്കുകയാണ്. വന്യജീവി ആക്രമണം തടയുന്നതിനുള്ള ഏതൊരു ഇടപെടലിനെയും ഒരു ചെറിയ നീക്കത്തെപ്പോലും ഞങ്ങൾ പ്രതിപക്ഷവും കേരളത്തിലെ പൊതുസമൂഹവും തുറന്ന മനസ്സോടെയാണ് കാണുന്നത്.

പക്ഷേ ഇത്തരത്തിൽ രണ്ട് ബില്ലുകൾ സഭയിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ പ്രായോഗികതയും ബില്ലുകൾ അവതരിപ്പിക്കുന്നതിലെ ആത്മാർഥതയും സ്വാഭാവികമായും കേരളം ചർച്ച ചെയ്യും. 1961-ലെ കേരള വന (ഭേദഗതി) ബിൽ, 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) ബിൽ എന്നീ രണ്ടു ബില്ലുകളും യഥാർഥത്തിൽ ഫലപ്രദമല്ലെന്ന് മാത്രമല്ല, 1961-ലെ കേരള വന (ഭേദഗതി) ബിൽ ദുരുദ്ദേശ്യപരം കൂടിയാണെന്ന കാര്യം ഇവിടെ സൂചിപ്പിക്കട്ടെ.

കേരള വന്യജീവി സംരക്ഷണ (ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ ഒട്ടും പര്യാപ്തമല്ല. വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ കടന്ന് ആക്രമണം നടത്തി മനുഷ്യജീവനും സമ്പത്തിനും നാശനഷ്ടങ്ങൾ വരുത്തുന്ന ഘട്ടത്തിൽ മാത്രമാണ് അതിനൊരു ഇടപെടലുണ്ടാകാനുള്ള ചില നിർദേശങ്ങൾ ഇവിടെ ഉണ്ടായിട്ടുള്ളത്. എന്നാൽ, വന്യമൃഗങ്ങളുടെ ആക്രമണമുണ്ടായ ആളിന് ജീവനും സ്വത്തും നഷ്ടപ്പെട്ടതിനുശേഷം മാത്രം ഇടപെടുന്നതിനപ്പുറം ഇത്തരം ആക്രമണങ്ങളെ തടയാനുള്ള യാതൊരു നിർദേശങ്ങളും നടപടികളും ഫലപ്രദമായിട്ടുള്ള ഒരു വ്യവസ്ഥയും ഈ ബില്ലിൽ പറയുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ ജില്ലാ കളക്ടറുടെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ

റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവുവഴി അത്തരം മൃഗങ്ങളെ കൊല്ലുന്നതിന് വ്യവസ്ഥ ചെയ്യുന്നത് മതിയാവുന്നതല്ല. അതിന് ദീർഘസമയമെടുക്കും. അത്രയും സമയം നമുക്ക് കാത്തിരിക്കാൻ സാധിക്കില്ല. അപകടത്തെ നമുക്ക് തടയാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ അത് ഒട്ടും പ്രായോഗികമല്ലാത്ത കാര്യമാണ്. ഡി.എഫ്.ഒ. അല്ലെങ്കിൽ റേഞ്ച് ഓഫീസർ തലത്തിലെങ്കിലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുൾപ്പെടെയുള്ളവർക്ക് പ്രാദേശികമായി വിശ്വാസയോഗ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനുള്ള പ്രായോഗികമായ ഒരു നടപടിയെക്കുറിച്ച് ബില്ലിൽ ഒന്നുംതന്നെ വ്യവസ്ഥ ചെയ്യുന്നില്ല. കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് ഈ ബില്ലിൽ കൃത്യമായ വ്യവസ്ഥ ആവശ്യമുണ്ട്. അതൊന്നും ബില്ലിൽ കാണുന്നില്ല. പൊതുസമൂഹം ആവശ്യപ്പെടുന്നതും മറ്റ് പല രാജ്യങ്ങളിലുമുള്ളതുപോലെ കൊല്ലപ്പെടുന്ന ഇത്തരത്തിലെ കാട്ടുപന്നികൾ ഉൾപ്പെടെയുള്ള ക്ഷുദ്രജീവികളുടെ മാംസം ഭക്ഷ്യയോഗ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ചേർക്കേണ്ടതല്ലേ. അതൊന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ വാക്കാൽ പറഞ്ഞു എന്നല്ലാതെ പ്രായോഗികമായി നടപ്പിലാക്കേണ്ട കാര്യങ്ങളൊന്നും ഈ ബില്ലിൽ കാണുന്നില്ല. വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുന്ന ആശ്രിതർക്കും നാശനഷ്ടങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥകളും ആയതിനുള്ള മാനദണ്ഡങ്ങളും ഈ ബില്ലിൽ കൃത്യമായി നിർവചിക്കാൻ സാധിക്കണം. ആക്സിഡന്റ് കേസുകളിൽ പരിഹാരം കാണുന്ന മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണൽ (MACT) പോലെ അർഹതയ്ക്കനുസരിച്ച് കൃത്യമായി നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന പ്രത്യേക ട്രിബ്യൂണലുകളും കോടതികളും രൂപീകരിച്ച് ഇരകളാകുന്നവർക്ക് നീതി ലഭിക്കുന്നതിനുള്ള ക്രിയാത്മകമായ നിർദേശങ്ങളൊന്നും ഈ ബില്ലിൽ ഇല്ല എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. ടി. സിദ്ദിഖ്: സർ, ചീഫ് വൈൽഡ് ലൈഫ് വാർഡന്, ജില്ലാ കളക്ടറിൽ നിന്നോ ചീഫ് പോലീസ് കൺസർവേറ്ററിൽനിന്നോ ഉള്ള ഒരു റിപ്പോർട്ടിന്മേൽ, കാലതാമസം കൂടാതെ രേഖാമൂലമുള്ള ഡയറക്ഷൻ കൊടുക്കാം എന്നാണ് ആക്റ്റിൽ പറഞ്ഞിട്ടുള്ളത്. 'കാലതാമസം' എന്നതിലെ 'കാലം' എത്രയാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നിലവിൽ ഒരു

കൂട് സ്ഥാപിക്കാൻ ഒരാഴ്ചയിലധികം സമയമെടുക്കുന്ന ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് 'കാലതാമസം കൂടാതെ' എന്നുപറഞ്ഞാൽ എത്രയാണ്; ഈ ബില്ലുകൊണ്ട് വല്ല ഉപകാരവും ഉണ്ടാകണമെങ്കിൽ കാലതാമസത്തിലെ 'കാലം' എത്രയാണെന്ന് പറയണ്ടേ; 'അടിയന്തരമായി അല്ലെങ്കിൽ ഉടൻതന്നെ' എന്ന് പറയാതെ കാലതാമസം കൂടാതെ എന്ന് പറയുന്നതുതന്നെ ഈ ബിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടിയാണെന്ന് അങ്ങേയ്ക്ക് ബോധ്യമല്ലേ.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ ബില്ലിൽ കൃത്യമായ ഒരു സമയം പറയുന്നില്ല. കാലതാമസം കൂടാതെ എന്ന് പറയുമ്പോൾ അതിനൊരു ടൈം ഡെഫനിഷനില്ല. ഇപ്പോൾതന്നെ അതുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ശ്രീ. എ. പി. അനിൽ കുമാർ ഉൾപ്പെടെ ഇവിടെ സൂചിപ്പിച്ചു. പലപ്പോഴും ഈ നടപടിക്രമങ്ങൾ അല്ലെങ്കിൽ സ്റ്റാൻഡേർഡ് ഓപ്പറേഷണൽ പ്രൊസീഡ്യുവർ വൈകാറുണ്ട്. ഇതൊക്കെ പൂർത്തിയാകുമ്പോൾ അവിടെ നിരവധിയായ അപകടങ്ങൾ നടന്നുകഴിയും. അതുകൊണ്ടുതന്നെയാണ് ഈ ബിൽ ഒട്ടും പ്രായോഗികമല്ലെന്ന് പറയുന്നത്. മാത്രമല്ല ഇതിൽ ജനവാസമേഖലയിലേക്ക് ഇറങ്ങുന്ന അക്രമകാരികളായ

മൃഗങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ 'ജനവാസമേഖല' എന്ന വാക്കിന് 'ജനങ്ങൾ താമസിക്കുന്ന ഏതെങ്കിലും ഭൂപ്രദേശം എന്ന് അർത്ഥമാകുന്നു' എന്നാണ് ഡെഫനിഷൻ കൊടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ വന്യമൃഗ ആക്രമണം നടക്കുന്നത് വീടുകളിലോ പട്ടണങ്ങളിലോ മാത്രമല്ല, മറിച്ച് അവർ ജോലി ചെയ്യുന്ന കൃഷിയിടങ്ങളിലും കർഷകരുടെ അധീനതയിലുള്ള സ്ഥലത്തും അവർ യഥേഷ്ടം യാത്ര ചെയ്യുന്ന സ്ഥലങ്ങളിലും റോഡുകളിലുമൊക്കെയാണ്. ഇവിടങ്ങളിൽ കാട്ടാന ആക്രമണമുൾപ്പെടെ ഉണ്ടാകുമ്പോൾ 'ജനവാസമേഖല' എന്നുമാത്രം ഒരു പദപ്രയോഗം നടത്തി അതിനെ ചുരുക്കിക്കാണിക്കുന്നത് ബില്ലിന്റെ ഗുണം ഒട്ടും ലഭിക്കാത്ത സാഹചര്യത്തിലേക്കാണ് കൊണ്ടുപോകുന്നത്. ഈ നിയമം ഇപ്പോൾ ഭേദഗതി ചെയ്യുന്നതിൽ, അതിന് എത്രമാത്രം ഫലപ്രാപ്തിയുണ്ടെന്ന കാര്യം നേരത്തെ ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഒൻപത് വർഷക്കാലം ആയിരത്തോളം ആളുകൾ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ട വളരെ ദയനീയമായ സാഹചര്യമുണ്ടായ ഒരു കാലഘട്ടമാണിത്. 1972-ൽ ഈ നിയമം നിർമ്മിച്ചതാണ് കുറ്റമെന്ന് ഇവിടെ ശ്രീ. ടി. ഐ. മധുസൂദനൻ പറഞ്ഞു. ഈ നിയമത്തിന്റെ ഭേദഗതിക്ക്

ആധാരമായിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് പറയുന്ന ബഹുമാനപ്പെട്ട മന്ത്രി... ബഹുമാനപ്പെട്ട മന്ത്രി എന്നുപറഞ്ഞാൽ സർക്കാർ തന്നെയാണല്ലോ; ബില്ലിൽ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം എഴുതിയിട്ടുണ്ട്. അദ്ദേഹം അത് വായിച്ചിട്ടില്ല. അക്കാലത്ത് 1972-ൽ, ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുന്നതിന് നിരോധനമില്ലാതിരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ടാണ് ആക്റ്റ് പാസ്സാക്കിയിട്ടുള്ളത്. വന്യമൃഗങ്ങളും പക്ഷികളും ദ്രുതഗതിയിൽ കുറയുന്നതും രാജ്യത്ത് ചില ജീവിവർഗ്ഗങ്ങൾക്ക് വംശനാശം സംഭവിച്ചതും കൂടാതെ, അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യം കൈകാര്യം ചെയ്യുവാൻ സംസ്ഥാന നിയമങ്ങൾ പര്യാപ്തമല്ലാതിരുന്നതുംകൂടി കേന്ദ്രസർക്കാർ പരിഗണിച്ചിട്ടുണ്ട്. ഇതാണ് ഉദ്ദേശ്യകാരണങ്ങളെന്ന് ഈ ബില്ലിൽ കൃത്യമായി പറഞ്ഞിരിക്കെ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ അത് കാണാതെ അതിനെയും രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമമാണ് നടത്തിയത്. അക്കാലത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഉദ്ദേശ്യലക്ഷ്യത്തെ, ഈ രാജ്യത്തിനുവേണ്ടി നടപ്പിലാക്കിയ ഒരു നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെ ചോദ്യം ചെയ്യുന്ന വിധത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിരിക്കുന്നത്. അത് ഒട്ടും ശരിയല്ല.

1972-നുശേഷം 53 വർഷങ്ങൾ പിന്നിടുകയാണ്. കേരളത്തിന്റെ ഈ 53 വർഷത്തെ ചരിത്രത്തിൽ, കഴിഞ്ഞ ഒൻപത് വർഷമാണ് ഇതുവരെ ഒരു സംസ്ഥാനത്തും നടക്കാത്ത രീതിയിലുള്ള, സമാനതകളില്ലാത്ത വളരെ രൂക്ഷമായ വന്യമൃഗ ആക്രമണമുണ്ടാകുന്നത്. അതിനുകാരണം കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ്. കഴിഞ്ഞ രണ്ട് തവണകളായി ഭരിച്ച സർക്കാർ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി ക്രിയാത്മകമായ, പ്രയോഗികമായ നടപടികൾ സ്വീകരിക്കാത്തതിനാലാണ് ഇക്കഴിഞ്ഞ ഒൻപത് വർഷക്കാലം ഇത്രയേറെ രൂക്ഷമായ വന്യമൃഗാക്രമണങ്ങൾ നടന്നത്. 2016 മുതൽ ആയിരത്തോളം ആളുകൾ വന്യമൃഗാക്രമണത്തിൽ മരണപ്പെടുകയും എണ്ണായിരത്തോളം പേർക്ക് പരിക്കേൽക്കുകയും അയ്യായിരത്തോളം കന്നുകാലികൾ കൊല്ലപ്പെടുകയും കോടിക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടും യാതൊരു ക്രിയാത്മകമായ നടപടിയും സ്വീകരിച്ചിട്ടില്ല. ഒരുകാലത്തും ഇതുപോലെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർഥ്യം. മാത്രമല്ല, സർക്കാരിന്റെ നിലപാടിൽ ആത്മാർഥതയില്ലെന്ന് പറയാൻ കാരണം, ഇക്കഴിഞ്ഞ ഒൻപതര വർഷക്കാലമായി നിരന്തരം വന്യമൃഗ ആക്രമണം നടക്കുമ്പോഴും ഈ ദുരന്തങ്ങളെയൊക്കെ

കേവലവൽകരിച്ച്, സാമാന്യവൽകരിച്ച് സർക്കാർ നിർനിമേഷമായി നോക്കി നിൽക്കുകമാത്രമാണ് ചെയ്തത്. യുദ്ധസമാനമായ സാഹചര്യത്തിൽ ശത്രുരാജ്യത്തിന്റെ അക്രമത്തിൽ നമ്മുടെ അതിർത്തിഗ്രാമങ്ങളിൽ പിടഞ്ഞുവീണ് മരിക്കുന്ന ഭടന്മാരുടെ, പൗരന്മാരുടെ ജീവന്റെ വിലപോലെ തന്നെയാണ് നമ്മുടെ നാട്ടിൻപുറങ്ങളിലെ വനാതിർത്തിയിൽ, മലയോര മേഖലയിൽ താമസിക്കുന്ന ഏറ്റവും പാവപ്പെട്ട ആളുകളുടെ ജീവനും. അവിടെ വന്യജീവി ആക്രമണങ്ങൾ തുടരുമ്പോൾ അത്തരത്തിലുള്ള അക്രമങ്ങൾ തടയാതെ, അവർക്ക് നീതി ഉറപ്പാക്കാൻ കഴിയാതെ അതിനെ നോക്കിനിൽക്കുന്ന പ്രവണതയാണ് നമ്മൾ കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് സർക്കാരിന് ആത്മാർഥതയില്ലാത്ത സമീപനമാണെന്ന് ഞാൻ പറഞ്ഞത്. ഇവിടെ ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നു. ഈ സഭയിൽ മുമ്പ് ആറേഴുതവണ ബഹുമാനപ്പെട്ട അംഗങ്ങൾ വന്യജീവി ആക്രമണം സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. സണ്ണി ജോസഫ് ഈ വിഷയവുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് തവണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചിരുന്നു. ഭരണകക്ഷി അംഗങ്ങളുൾപ്പെടെ നിയമസഭയിൽ

സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും പ്രമേയമായും അവരുടെ പ്രസംഗങ്ങളിലെല്ലാംതന്നെ വന്യമൃഗ ആക്രമണങ്ങളെക്കുറിച്ച് പറയുകയുണ്ടായി. പക്ഷെ ആത്മാർഥതയുണ്ടെങ്കിൽ....

ചെയർപേഴ്സൺ: പ്ലീസ്...കൺക്ലൂഡ്.....

ശ്രീ. സജീവ് ജോസഫ്: സർ, സംസാരിക്കാൻ കുറച്ചുകൂടി സമയം അനുവദിക്കണം. ആത്മാർഥതയുണ്ടെങ്കിൽ ഇക്കാര്യങ്ങളൊക്കെ നമുക്ക് അന്ന് ചർച്ച ചെയ്തുകൂടായിരുന്നോ? അന്ന് സഭ നിർത്തി വച്ച് ചർച്ച ചെയ്യാമായിരുന്നു. വളരെ ഗുരുതരമായ ഒരു കാര്യമല്ലേ; ആ ഘട്ടത്തിലൊന്നും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച അനുവദിച്ചിരുന്നില്ല; അന്ന് കൂട്ടായ തീരുമാനങ്ങളെടുക്കാൻ സാധിക്കുമായിരുന്നു, അഭിപ്രായങ്ങൾ കേൾക്കാൻ സാധിക്കുമായിരുന്നു. എന്നാൽ, അതിനൊന്നും സർക്കാർ ചെവികൊണ്ടില്ല. ആ ഘട്ടത്തിലൊക്കെ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ്; സംസ്ഥാന സർക്കാരിന് അധികാരമില്ല, ഇതെല്ലാം ചെയ്യേണ്ടത് കേന്ദ്ര സർക്കാരാണ്, കേന്ദ്ര സർക്കാരിന് മാത്രമെ ഇത് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നായിരുന്നു സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ സഭയിൽ നമ്മൾ പ്രമേയം

പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു. അപ്പോഴും ഇത് കേന്ദ്രം ചെയ്യണം എന്നായിരുന്നു അവർ പറഞ്ഞത്. സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഇത് ആത്മാർഥമായി നടപ്പിലാക്കാനുള്ള ഒരു ബില്ലാണെങ്കിൽ, ഒൻപതര വർഷക്കാലം കഴിയുന്നതിനുമുൻപ് ഈ സർക്കാരിന് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാനും നടപ്പിലാക്കാനും സാധിക്കുമായിരുന്നില്ലേ; അതിനുവേണ്ടി പരിശ്രമിക്കാൻ സാധിക്കില്ലായിരുന്നോ; മരണം തുടർക്കഥയായി ആയിരത്തോളം ആളുകൾ മരിച്ചപ്പോഴൊന്നും കാണിക്കാത്ത ഒരു കാര്യം എന്തിനുവേണ്ടി ഇപ്പോൾ ഈ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് അവതരിപ്പിച്ചു എന്നതിന്റെ കാരണം കൂടുതലൊന്നും ആലോചിക്കേണ്ടതില്ല. നിലമ്പൂരിലെ തിരഞ്ഞെടുപ്പ് റിസൾട്ട് സർക്കാരിന്റെ ആലോചനകൾക്കും ചിന്തകൾക്കും പാത്രീഭവിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കാരണം, അത്രയേറെ ശക്തമായ ജനവികാരമാണ് മലയോര മേഖലയിലുള്ളത്. അതുകൊണ്ട് അന്നൊന്നും ചർച്ച ചെയ്യാത്ത വിഷയം ഇപ്പോൾ പരിഗണിക്കുന്നതിൽ ആത്മാർഥതയില്ല. അതുപോലെ, വളരെ പരിമിതമായ ഫണ്ടാണ് ബജറ്റിൽ അനുവദിച്ചത്. അത്

വന്യമൃഗശല്യം തടയാൻ പര്യാപ്തമല്ലെന്ന് അന്ന് ഞങ്ങൾ പറഞ്ഞു. എന്നാൽ കൂടുതൽ ഫണ്ട് അനുവദിച്ചില്ല, അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല, കേന്ദ്ര സർക്കാർ നൽകിയ ഫണ്ട് ചെലവഴിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ എം.എൽ.എ.-മാർ ഇതിനുവേണ്ടി മാറ്റിവച്ച ഫണ്ടുപോലും ചെലവഴിക്കാൻ നമ്മുടെ ഡിപ്പാർട്ട്മെന്റിന് സാധിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്ത് കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്ത് അല്ല, ഇടതുപക്ഷ മുന്നണി ഭരിക്കുന്ന പഞ്ചായത്താണ്. വന്യമൃഗശല്യം തടയാൻ ആ പഞ്ചായത്തിന് തനത് ഫണ്ടില്ലാത്തതിനാൽ എം.എൽ.എ. ഫണ്ട് വയ്ക്കണമെന്ന് പറഞ്ഞു. തുടർന്ന് ആ പഞ്ചായത്തിന് എം.എൽ.എ. ഫണ്ട് നൽകി. രണ്ടുമൂന്ന് വർഷം പൂർത്തിയായിട്ടും ആ ഫണ്ട് ചെലവഴിക്കാൻ ഇപ്പോഴും വനം വകുപ്പിന് സാധിക്കുന്നില്ല. എം.എൽ.എ. ഫണ്ട് മാത്രമല്ല, ഒരു ഫണ്ടും ചെലവഴിക്കാൻ സാധിക്കുന്നില്ല. ഫെൻസിങ്ങോ, പ്രതിരോധ സംവിധാനങ്ങളോ ആന വേലി സംവിധാനങ്ങളോ ഒന്നുംതന്നെ അവിടെ നടപ്പാക്കാനുള്ള ക്രിയാത്മാകമായ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് സർക്കാരിന് ഒട്ടും ആത്മാർഥതയില്ലാത്ത സമീപനമാണെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

ഈ പ്രശ്നങ്ങളൊക്കെ നടക്കുമ്പോഴും അത് പരിഹരിക്കുന്നതിനുപകരം, മാസങ്ങൾക്കുമുമ്പ് ഇവിടെ കേരള വന നിയമം ഭേദഗതിക്ക് ഒരു നീക്കം നടത്തിയിരുന്നു. ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ബില്ലായിരിക്കുമെന്ന് അപ്പോൾ നമ്മൾ കരുതി. പക്ഷെ, ബില്ലിലേക്ക് നോക്കുമ്പോഴാണ് മനസ്സിലാക്കുന്നത്...... പൊതുവെ വനംവകുപ്പ് ഉദ്യോഗസ്ഥരെകൊണ്ട് പൊറുതിമുട്ടിയ ജനങ്ങളുടെ മുന്നിൽ, ഈ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകി സംസ്ഥാനത്ത് ഫോറസ്റ്റ് രാജ് നടപ്പിലാക്കാനുള്ള ശ്രമമാണ് ആ ബില്ലിലൂടെ നടത്തിയത്. ശക്തമായ ജനപ്രതിഷേധം വന്നു. വന്യമൃഗശല്യം തടയാൻ സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട്, ഈ പ്രശ്നത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ നടത്തിയ മലയോര യാത്ര കേവലം ഒരു രാഷ്ട്രീയ പരിപാടിയായിരുന്നില്ല. ഈ വിഷയം അത്രയേറെ ഗൗരവത്തിൽ കണ്ടുകൊണ്ട് അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് കേരളത്തിന്റെ ചരിത്രത്തിൽ അങ്ങനെയൊരു മലയോര യാത്ര നടത്തിയത്. ആ ഘട്ടത്തിലൊന്നും സർക്കാർ അനുകൂല നിലപാടുകൾ സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ 1961-ലെ വന ഭേദഗതി

നിയമത്തിലും ആവശ്യമായ കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ല. റവന്യൂ ഭൂമിയും വനഭൂമിയും കൃത്യമായി വേർതിരിച്ച് കർഷകർക്ക് സുരക്ഷ ഒരുക്കുന്ന വ്യവസ്ഥയുണ്ടാക്കുകയായിരുന്നു ഏറ്റവും ആദ്യം ചെയ്യേണ്ടിയിരുന്നത്. അത് അവിടെ നൽകിയിട്ടില്ല. പകരം ഈ ഉദ്യോഗസ്ഥർക്ക്...... ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്ന നിർവചനത്തിൽ ഒരിക്കലും കാണാത്തൊരു സംഭവമാണ് നമ്മൾ ഇവിടെ കണ്ടത്. ഉയർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരോടൊപ്പംതന്നെ വാച്ചർ വരെ..... വാച്ചറിനുശേഷം ഒന്നുകൂടി കൂട്ടിച്ചേർത്തിട്ടുണ്ട് സർക്കാർ നിയോഗിക്കുന്ന താൽക്കാലിക ഉദ്യോഗസ്ഥർക്കുപോലും അമിതാധികാരം കൊടുക്കുന്ന നടപടിയാണ് ഈ ബില്ലിലൂടെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ ദുരുപദിഷ്ടമാണ് എന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കട്ടെ. ഇവിടെ ഇന്ന് ഈ ബിൽ ഭൂരിപക്ഷംകൊണ്ട് പാസ്സാക്കാൻ സാധിക്കുമായിരിക്കും. പക്ഷേ, ഈ ബില്ലിന്റെ ഭാവി എന്തായിരിക്കും? ആർട്ടിക്കിൾ 254 കൺകറന്റ് ലിസ്റ്റിൽ വരുന്ന, കേന്ദ്രത്തിനുംകൂടി അധികാരം ലഭിക്കുന്ന ഒരു വിഷയം എന്ന നിലയിൽ, കേന്ദ്ര നിയമത്തിന് കടകവിരുദ്ധമായിട്ടുള്ള ഒരു നിയമമെന്ന നിലയിൽ മാത്രമെ ഇത് കേന്ദ്രസർക്കാർ, പ്രസിഡന്റ് എടുക്കുകയുള്ളൂ എന്ന

കാര്യം നമുക്ക് അറിയാം. എന്നിരുന്നാലും കേരളത്തിന്റെ പൊതുവികാരം അറിയിക്കുമ്പോൾ അനുകൂലമായ തീരുമാനമുണ്ടാകട്ടെയെന്ന് നമ്മൾ ആഗ്രഹിക്കുകയാണ്, പ്രാർഥിക്കുകയാണ്. പക്ഷെ ഇതിന്റെ പ്രയോഗികമായ ബുദ്ധിമുട്ടുകളൊക്കെ സർക്കാരിന് അറിയാം. നിലവിൽ നിയമങ്ങൾ ഇല്ലാഞ്ഞിട്ടല്ല, ആ നിയമങ്ങൾ നടപ്പിലാക്കാത്തതുകൊണ്ടാണ് കേരളത്തിൽ ഈ പ്രശ്നങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്നത്. നിലവിൽത്തന്നെ ആക്രമണകാരികളായ വന്യമൃഗങ്ങളെ വേട്ടയാടാൻ, കൊല്ലാൻ നിയമം അനുവദിക്കുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ വന്യമൃഗങ്ങളെ കൊല്ലാമെന്ന് കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11(2)-ൽ കൃത്യമായി പറയുന്നുണ്ട്. പുതിയതായി ഒന്നുംതന്നെ ഈ ബില്ലിലൂടെ കേരളത്തിന് നൽകാൻ സാധിക്കുന്നില്ലായെന്ന് നമുക്കറിയാം.

<u>ചെയർപേഴ്സൺ</u>: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, പ്രധാന പ്രശ്നം നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സർക്കാരിന്റെ നിലപാടാണ്. പീരുമേട്ടിൽ ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥനെ ആക്രമിച്ച കടുവയെ വെടിവച്ച് കൊന്നപ്പോൾ കേസെടുത്തില്ല. പക്ഷെ സ്വയംരക്ഷയ്ക്കുവേണ്ടി നേരിട്ട നിരവധി

സാധാരണക്കാർക്കെതിരെ കേസെടുത്തു. അങ്ങനെയുള്ള ഇരട്ടത്താപ്പ് സമീപനമാണ് പല ജില്ലകളിലും പല സ്ഥലങ്ങളിലും ഈ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നടക്കുന്നത്.

ചെയർപേഴ്സൺ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. സജീവ് ജോസഫ്: സർ, വനം വകുപ്പ് മറ്റെല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. അവിടെയെല്ലാം തന്നെ വനം വകുപ്പുമന്ത്രിമാർ അധികാരം കൃത്യമായി ഉപയോഗപ്പെടുത്താറുമുണ്ട്. പക്ഷേ കേരളത്തിൽ മാത്രം ഇതുപോലെ ആയിരങ്ങൾ പിടഞ്ഞുവീണ് മരിക്കുമ്പോഴും സർക്കാർ നോക്കിനിൽക്കുകയാണ്. തമിഴ്നാട്ടിലും കർണാടകയിലും ആന്ധ്രാപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിർത്താനുള്ള ത്രാണി അവിടത്തെ ഭരണകൂടങ്ങൾ കാണിച്ചിട്ടുണ്ട്. പക്ഷേ കഴിഞ്ഞ 9 വർഷക്കാലമായി ഇവിടെ നാഥനില്ലാ കളരിയാണ്. ആ പ്രതിസന്ധി പരിഹരിക്കാൻ, സർക്കാരിനെതിരെയുള്ള വിമർശനവും പ്രതിഷേധവും മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു സൂത്രവാക്യം മാത്രമാണ് ഈ ബില്ലുകളെന്ന കാര്യം ഇവിടെ സൂചിപ്പിച്ചുകൊണ്ട്, ക്രിയാത്മകമായ നിർദേശങ്ങൾ കൂട്ടിച്ചേർത്ത് കേരളത്തിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ

പ്രതിസന്ധി പരിഹരിക്കാൻ, വന്യമൃഗ ശല്യം തടയുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നിയമവുമായി ബന്ധപ്പെട്ട ചെറിയൊരു കാര്യം മാത്രമാണ് സൂചിപ്പിക്കുന്നത്. ബാക്കിയെല്ലാം വിശദമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ പറയുന്നതാണ്. ഇവിടെ ഈ ബിൽ പാസ്സാക്കിയിട്ട് കാര്യമുണ്ടോ, പ്രത്യേകിച്ച് ഗുണമുണ്ടോ എന്ന ചോദ്യമൊക്കെ ഉന്നയിക്കുകയുണ്ടായി. നമ്മുടെ ഭരണഘടന നിലവിൽവന്ന ഘട്ടത്തിൽ വനവും വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്റ്റേറ്റ് ലിസ്റ്റിൽ 19-ഉം 20-ഉം ആയിട്ടായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 1972-ലാണ് പാർലമെന്റ് ഇപ്പോഴുള്ള വന്യജീവി (സംരക്ഷണം) നിയമം പാസ്സാക്കുന്നത്. പാർലമെന്റിന് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി ഇല്ലെങ്കിലും ഭരണഘടനയുടെ അനുഛേദം 252 പ്രകാരം രണ്ടിലധികം സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ ആ സംസ്ഥാനങ്ങൾക്കാകെ ബാധകമാകുന്ന നിയമം വേണമെങ്കിൽ പാർലമെന്റിന് പാസ്സാക്കാം. ഏഴോ എട്ടോ

സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടാണ് 1972-ൽ ഈ നിയമം പാസ്സാക്കുന്നത്. എന്നാൽ കേരളം അങ്ങനെ ആവശ്യപ്പെട്ടിരുന്നില്ല. കേരള നിയമസഭ പിന്നീട് അത് അംഗീകരിച്ചോ ഇല്ലയോ എന്ന് എനിക്ക് വ്യക്തമായി അറിയില്ല. 1976-ൽ, അടിയന്തരാവസ്ഥ കാലഘട്ടത്തിലെ 42-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നപ്പോൾ സ്റ്റേറ്റ് ലിസ്റ്റിലുണ്ടായിരുന്ന പല വിഷയങ്ങളും കൺകറന്റ് ലിസ്റ്റിലേക്ക് മാറി. അങ്ങനെയാണ് ഈ രണ്ട് വിഷയങ്ങളും കൺകറന്റ് ലിസ്റ്റിൽ 17(എ), 17(ബി) ആയി ഉൾപ്പെടുത്തിയത്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനാൽ സംസ്ഥാന നിയമസഭയ്ക്കും പാർലമെന്റിനും നിയമം പാസ്സാക്കാം. ഭരണഘടനയുടെ 254-ാം അനുഛേദപ്രകാരം പ്രകാരം കേന്ദ്ര-സംസ്ഥാന നിയമങ്ങൾ തമ്മിൽ വൈരുധ്യമുണ്ടാവുകയാണെങ്കിൽ പാർലമെന്റ് പാസ്സാക്കുന്ന നിയമമാണ് നിലനിൽക്കുകയെന്നുള്ളത് വസ്തുതയാണ്. എന്നാൽ സംസ്ഥാന നിയമസഭകൾക്ക് ഭേദഗതി കൊണ്ടുവരാം. CrPC, Evidence Act, Right to Property Act, IPC തുടങ്ങിവയിലെല്ലാം തന്നെ നമ്മുടെ നിയമസഭ ഭേദഗതി പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിന് ആസ്സാം

നിയമസഭ ഭേദഗതി പാസ്സാക്കിയിട്ടുണ്ട്. അതുപോലെ ജെല്ലിക്കെട്ടുമായി ബന്ധപ്പെട്ട് Prevention of Cruelty to Animals എന്ന നിയമത്തിൽ തമിഴ്നാട് നിയമസഭയും നിയമം പാസ്സാക്കിയിട്ടുണ്ട്. നിയമം പാസ്സാക്കുന്നതിനുള്ള അധികാരം പൂർണ്ണമായും സംസ്ഥാന നിയമസഭയ്ക്കുണ്ട്. അങ്ങനെ പാസ്സാക്കുന്ന നിയമം പ്രസിഡന്റിന്റെ അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ പാർലമെന്റ് ഈ വികാരം ഉൾക്കൊണ്ട് നേരത്തെ നിയമം പാസ്സാക്കേണ്ടതായിരുന്നു. അതാണ് കേരളനിയമസഭ ഉപക്ഷേപത്തിലൂടെ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം അങ്ങനെയൊരു നിലപാട് സ്വീകരിക്കാത്ത ഘട്ടത്തിലാണ് ഇത്തരം ഒരു ഭേദഗതി അനിവാര്യമായി വരുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. കൺകറന്റ് ലിസ്റ്റിലുള്ള ഒരു വിഷയത്തിൽ ഭേദഗതി കൊണ്ടുവരാനുള്ള ലീഗൽ കോമ്പീറ്റൻസി ഹൗസിനുണ്ട്. എന്നാൽ ഈ വിഷയത്തിൽ സെൻട്രൽ ആക്റ്റ് നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായ പ്രൊവിഷൻസ് വച്ചുകൊണ്ടുള്ള

ഒരു ഭേദഗതി സംസ്ഥാനം പാസ്സാക്കിയാൽ അത് നിലനിൽക്കുമോയെന്നുള്ളത് ഒരു ചോദ്യമാണ്. സെൻട്രൽ വൈൽഡ് ലൈഫ് (പ്രോട്ടക്ഷൻ) ആക്റ്റിലെ പ്രൊസീഡ്യുവർ അനുസരിച്ച് രണ്ടോ മൂന്നോ നടപടിക്രമങ്ങൾ കഴിഞ്ഞാൽ മാത്രമേ വന്യജീവികളെ വെടി വയ്ക്കാൻ പാടുള്ളൂ. ആദ്യം അവയെ പിടിക്കാൻ പറ്റുമോയെന്നും കൂട്ടിലാക്കാൻ പറ്റുമോയെന്നും നോക്കണം. ഇതൊക്കെ പരാജയപ്പെട്ട് കഴിഞ്ഞാൽ മാത്രമേ സെൻട്രൽ ആക്റ്റനുസരിച്ച് വെടി വയ്ക്കാൻ സാധിക്കുകയുള്ളൂ. സെൻട്രൽ ആക്റ്റിലെ പ്രൊസീഡ്യുവറിന് വിരുദ്ധമായി സ്റ്റേറ്റ് ലെജിസ്ലേച്ചർ നിയമം പാസ്സാക്കിയാൽ ആർട്ടിക്കിൾ 254 ബാധകമാകും. ഡോമിനേറ്റ് ചെയ്ത് നിൽക്കുന്നത് പാർലമെന്റ് പാസ്സാക്കിയ നിയമം ആയിരിക്കും. നിങ്ങളുടെ ഉദ്ദേശ്യം ഞങ്ങൾക്ക് മനസ്സിലായി. നിയമസഭ ഈ ബിൽ പാസ്സാക്കി ഗവർണറുടെ അംഗീകാരത്തിനായി അയയ്ക്കും, അവിടെ കുറച്ച് നാൾ ഇരിക്കും. അത് കഴിഞ്ഞ് പ്രസിഡന്റിന്റെ അടുത്തേക്ക് അയയ്ക്കും. അവിടെയും കുറച്ചുനാൾ വച്ചുകൊണ്ടിരിക്കും. അപ്പോഴേയ്ക്കും ഇലക്ഷൻ വരും. വെടി വയ്ക്കാൻ സംസ്ഥാനം നിയമം പാസ്സാക്കിയെന്ന് പറയുകയും ചെയ്യാം. ബിൽ പാസ്സാക്കാൻ മാത്രമേ കഴിയുകയുള്ളൂ. അത് പേപ്പറിൽ മാത്രമേ ആകുകയുള്ളൂ.

ഭേദഗതി കൊണ്ടുവരാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടെങ്കിലും സെൻട്രൽ ആക്റ്റ് ഡോമിനേറ്റ് ചെയ്ത് നിൽക്കും എന്നുള്ള യാഥാർത്ഥ്യം നിയമപ്രശ്നമായി നിൽക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, സെൻട്രൽ ആക്റ്റിന് ഭേദഗതി കൊണ്ടുവരുമ്പോൾ അതിനകത്ത് വ്യത്യസ്തത ഉണ്ടെങ്കിൽപോലും പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചാൽ ആ ഭേദഗതി ഏത് നിയമസഭയാണോ പാസ്സാക്കുന്നത് ആ സംസ്ഥാനത്ത് ബാധകമായിരിക്കും. ആർട്ടിക്കിൾ 254(2)-ൽ ഇത് വ്യക്തമായി പറയുന്നുണ്ട്. പിന്നീട് പാർലമെന്റിന് വേണമെങ്കിൽ അതിനെ ഓവർ റൂൾ ചെയ്യാവുന്ന പുതിയ നിയമം കൊണ്ടുവരാം. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഇത് പാസ്സാക്കി കഴിഞ്ഞ് എന്തെങ്കിലും തടസ്സം വന്നാൽ നമ്മൾ ഒന്നിച്ച് നിൽക്കണം. ഈ നിയമസഭ പാസ്സാക്കുന്ന ഒരു നിയമം ഗവർണ്ണർ പിടിച്ചുവച്ചാൽ നമ്മൾ ഒന്നിച്ച് നിൽക്കണം, അടിയന്തരമായിത്തന്നെ പ്രസിഡന്റിന് അയപ്പിക്കണം. ഇക്കാര്യത്തിൽ ഞങ്ങളെക്കാൾ കൂടുതൽ നിങ്ങൾക്കാണ് ചെയ്യാൻ സാധിക്കുന്നത്. കാരണം കൂടുതൽ പാർലമെന്റ് അംഗങ്ങൾ ഉള്ളത് നിങ്ങൾക്കാണ്. നിങ്ങൾ ഉത്തരവാദിത്തം ഏറ്റെടുത്താൽ

ഞങ്ങളും അതിനോടൊപ്പം ചേർന്ന് ഡൽഹിയിലേക്ക് വരാൻ തയ്യാറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നിയമത്തെ ഞങ്ങൾ എതിർക്കുന്നില്ല, അത് പാസ്സാക്കണം. പക്ഷേ നിയമപരമായി ഇത് നിലനിൽക്കുകയോ ഇല്ലയോ എന്നുള്ള ചോദ്യമുണ്ട്. അത് ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയില്ല. കണ്ണിൽ പൊടിയിടാനുള്ള ഒരു സംഭവമായി ഇത് മാറാതിരിക്കണം. There is a legal issue. അത് കയ്യടിച്ചതുകൊണ്ട് ഇല്ലതാവുകയില്ല.

ശ്രീ. പി. രാജീവ്: സർ, നിയമപരമായി നോക്കുമ്പോൾ പല കാര്യങ്ങളുമുണ്ട്. മൃഗം കാട്ടിനകത്താണ്, അവ പുറത്തേക്ക് കടക്കുന്ന കാര്യങ്ങളുൾപ്പെടെ വ്യഖ്യാനിക്കാൻ കുറെ ഭാഗങ്ങളുണ്ട്. നമുക്ക് ഒന്നിച്ച് ശ്രമിക്കാം. നിങ്ങൾ പാർലമെന്റിൽ ശക്തമായി നിൽക്കുക. ഞങ്ങളും അങ്ങോട്ട് വരാം. ഈ ബില്ലിന് അംഗീകാരം നേടിയെടുക്കാൻ നമുക്ക് പരമാവധി ശ്രമിക്കാം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നം സംബന്ധിച്ചാണ് ഇന്ന് ഇവിടെ ചർച്ചകൾ നടത്തിയത്. ആ ചർച്ചകളിൽ

സ്വഭാവികമായും അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായങ്ങളുണ്ടാകും, നിർദേശങ്ങളുമുണ്ടാകും. ചർച്ചയുടെ ഉദ്ദേശ്യംതന്നെ അതാണ്. ആ അർഥത്തിൽ ഇന്ന് ഇവിടെ നടന്നത് ക്രിയാത്മകമായ ചർച്ചകളായിരുന്നു. 2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ വരുത്തിയിട്ടുള്ള മാറ്റമാണ് ഒന്നാമത്തെ പ്രശ്നമായി ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. കർഷകർ സ്വന്തം പുരയിടത്തിൽ വച്ചുപിടിപ്പിച്ചതോ സ്വമേധയാ വളർന്നുവന്നതോ ആയ ചന്ദന മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുക എന്നതാണ് ബിൽ കൊണ്ട് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ചത്, എന്തിനാണ് 'വനം ഉദ്യോഗസ്ഥർ' എന്ന പദവി ബില്ലിൽ നിർണ്ണയിച്ചിരിക്കുന്നത് എന്നാണ്. അങ്ങനെ വരുമ്പോൾ വാച്ചർക്കും ഈ അധികാരം കിട്ടുകയല്ലേ എന്ന സന്ദേഹമാണ് അദ്ദേഹം ഉയർത്തിയത്. 1961-ലാണ് കേരള വന നിയമം പാസ്സാക്കിയത്. ആ നിയമത്തിൽ ഇന്നുവരെ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ആ നിയമത്തിൽ ആർക്കൊക്കെ എന്തൊക്കെ അധികാരങ്ങളാണോ ഉള്ളത് അതിലൊന്നും ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്നാൽ അതിൽ മാറ്റം വേണമെന്ന നിർദേശം ഇവിടെ വരികയുണ്ടായി.

വാച്ചർക്ക് ഇപ്പോൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരം നൽകേണ്ടതുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് തുറന്ന മനസ്സോടെ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ക്ലാരിറ്റിയുണ്ടാകാനാണ് ഇടപെടുന്നത്. സ്റ്റാറ്റസ് വരുന്നുവെന്നല്ലാതെ വാച്ചറുടെ അധികാരത്തിൽ വ്യത്യാസം വരുന്നില്ലല്ലോ? സിവിൽ പൊലീസ് ഓഫീസർ എന്നു പറയുന്നതുപോലെ വാച്ചർക്കു നൽകുന്ന ഒരു സ്റ്റാറ്റസ് മാത്രമായിട്ടാണ് എനിക്കിത് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ബില്ലിലെ ഖണ്ഡം 2(സി)-ൽ അഡീഷണലായി ചേർത്ത ഒരു കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഇക്കാര്യം സബ്ജക്ട് കമ്മിയിൽ വച്ച് പരിശോധിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. അതിനെ വളരെ പോസിറ്റീവായി ഞാൻ കാണുകയാണ്. ആ രീതിയിൽ ഈ ബില്ലിൽ മാറ്റമുണ്ടാകുമെങ്കിൽ നന്നായിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ നിഷേധിക്കുകയല്ല, അക്കാര്യത്തിൽ വ്യക്തത വരുത്താനാണ് ഞാൻ

ശ്രമിച്ചത്. ഇനിയും ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണെങ്കിൽ തീർച്ചയായും സബ്ജക്റ്റ് കമ്മിറ്റിയിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഒരു മടിയുമില്ല. 'ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' എന്ന രീതിയിലുള്ള വാശിയില്ല. ആദ്യത്തെ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് വലിയ അഭിപ്രായ വ്യത്യാസങ്ങളുണ്ടായില്ല, ചന്ദനമരം മുറിക്കുന്നതിനും വിൽക്കുന്നതിനുമുള്ള വ്യവസ്ഥകളുടെ കാര്യത്തിൽ അനുകൂലമായ പ്രതികരണമാണ് അംഗങ്ങളുടെ ഭാഗത്തിനിന്നുണ്ടായത്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു, ആ ബില്ലിൻമേലുള്ള വിശദീകരണം ഞാൻ നിർ<u>ത്തു</u>കയാണ്.

രണ്ടാമത്തെ ബില്ലിന്മേൽ വലിയ വാദപ്രതിവാദം ഉണ്ടാകില്ലെന്നാണ് ഞാൻ കരുതിയത്. എന്നാൽ വാദപ്രതിവാദം ഉണ്ടായത് അതിന്മേലാണ്. ദയവായി അംഗങ്ങൾ ശ്രദ്ധിക്കേണ്ടൊരുകാര്യം, ഈ ബില്ലിനെ അനുകൂലിക്കുകയും കേന്ദ്ര ഗവൺമെന്റ് ചെയ്തതുപോലെ Chief Wildlife Warden-ന് അധികാരമുണ്ടെന്ന് പറയുകയും ചെയ്യുന്ന രീതി, 'ഒരുതുള്ളി ചോരപോലും പൊടിയാതെ ഒരു റാത്തൽ ഇറച്ചി വെട്ടിയെടുക്കണം' എന്നുപറയുന്ന നയം സ്വീകരിക്കുന്നത് ശരിയല്ല, അതിൽ തെറ്റായ ഒരു

സന്ദേശമുണ്ട്. പ്രതിപക്ഷം ഈ ബില്ലിനെ ഒരു തമാശ എന്ന നിലയിലാണ് കാണുന്നതെന്നുവന്നാൽ കേന്ദ്രത്തിൽ ഇരിക്കുന്നവർക്ക് അതൊരു സന്ദേശമാകും. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ വിഷയത്തിൽ ഒറ്റക്കെട്ടായ ഒരു നിലപാട് നമുക്കുണ്ടാകണം. കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഒരു നിയമം പാസ്സാക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല. അതുകൊണ്ട് Chief Wildlife Warden-നുള്ള അധികാരം ഇല്ലായ്മ ചെയ്യുന്ന ഒരു വകുപ്പ് ഈ ബില്ലിനകത്ത് ചേർത്താൽ അത് കേന്ദ്ര നിയമത്തിനെതിരാണ്. അങ്ങനെ ചേർക്കുന്നത് ശരിയായ കാര്യമല്ലെന്നുള്ളതുകൊണ്ടാണ് ആ അധികാരം നിലനിർത്തികൊണ്ട് അതിലെ നിബന്ധനകൾക്ക് ഇളവു വരുത്തുന്ന വിധത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നത്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച Chief Wildlife Warden-ന്റെ അധികാരത്തെ സംസ്ഥാന സർക്കാർ വെല്ലുവിളിക്കുന്നില്ല. ആ അധികാരത്തെ അംഗീകരിച്ചുകൊണ്ടുതന്നെ SOP (Standared Operating Procedures) മുതലായ കാര്യങ്ങളിൽ ഭേദഗതി വരുത്തിയാൽ വളരെ വേഗത്തിൽ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കുമെന്ന

കാഴ്ചപ്പാടോടുകൂടിയാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. അല്ലാതെ തിരഞ്ഞെടുപ്പ് ലക്ഷ്യമാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കൊണ്ടുവന്ന ഒരു ബില്ലാണിതെന്ന് സന്ദേശമുണ്ടാക്കുന്നത് നിങ്ങൾ പ്രകടിപ്പിച്ച പിന്തുണയുടെ നേരെ വിപരീത ഫലമേയുണ്ടാക്കുകയുള്ളൂവെന്ന് സ്നേഹപൂർവ്വം ധരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന്, നിരവധി കണക്കുകൾ ഇവിടെ പറയുകയുണ്ടായി. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും നൽകാനുള്ള നഷ്ടപരിഹാരം ധാരാളം പേർക്ക് കൊടുത്തുതീർക്കാനുണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം. അതുപോലെ തന്നെ മരണനിരക്ക് വല്ലാതെ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതും ചൂണ്ടിക്കാണിക്കുകയുണ്ടായി. 2016-17-ൽ 239 ലക്ഷം രൂപയും 2017-18-ൽ 198 ലക്ഷം രൂപയും 2018-19-ൽ 242 ലക്ഷം രൂപയും 2020-21-ൽ 270 ലക്ഷം രൂപയും 2021-22-ൽ 444 ലക്ഷം രൂപയും 2022-23-ൽ 337 ലക്ഷം രൂപയും 2023-24-ൽ 709 ലക്ഷം രൂപയും 2024-25-ൽ 797 ലക്ഷവും 2025-26 ഇന്നുവരെ 86 ലക്ഷം രൂപയുമാണ് ജീവഹാനി

സംഭവിച്ചവർക്കുള്ള ആശ്രിതർക്ക് നഷ്ടപരിഹാരമായി നൽകിയത്. ഇതുവരെ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരമായി 2991 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. അങ്ങനെ 95 ശതമാനം ആളുകൾക്കുമുള്ള നഷ്ടപരിഹാരത്തുക ഇതിനകം കൊടുത്തു തീർത്തിട്ടുണ്ട്. ശരിയായ പിന്തുടർച്ചാവകാശ രേഖ ഹാജരാക്കാൻ കഴിയാത്തവരുടെ കാര്യത്തിലാണ് കുടിശ്ശികയുള്ളത്. ഇങ്ങനെയല്ലാതെ ആർക്കെങ്കിലും കുടിശ്ശികയുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പരിഹരിക്കാൻ ശ്രമിക്കും. ഇക്കാര്യം ഞാൻ നേരത്തെയും സൂചിപ്പിച്ചിട്ടുള്ളതാണ്, ആരും ഇതുവരെ അങ്ങനെ അപേക്ഷ നൽകിയിട്ടില്ല. ശ്രീ. ടി. ഐ. മധുസൂദനൻ എം.എൽ.എ.-യുടെ മണ്ഡലത്തിൽ കർണ്ണാടകയിലെ വനവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യം അടിയന്തരമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. മരണം വല്ലാതെ വർധിച്ചുകൊണ്ടിരിക്കുകയാണെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു മരണം സംഭവിച്ചാലും അത് വലിയ വിഷമമാണ് എന്നാണ് ഞാൻ കരുതുന്നത്. ആ വിമർശനത്തെ ആ അർഥത്തിൽ ഉൾക്കൊള്ളുകയാണ്. 2011-12-ൽ 113 പേർ മരണപ്പെട്ടതിൽ 84 പേർ പാമ്പുകടിയേറ്റാണ് മരിച്ചത്. 2012-13-ൽ 126 പേർ

മരണപ്പെട്ടതിൽ 111 പേരും 2013-14-ൽ 126 പേർ മരണപ്പെട്ടതിൽ 110 പേരും 2014-15-ൽ 135 പേർ മരണപ്പെട്ടതിൽ 119 പേരും 2015-16-ൽ 104 പേർ മരണപ്പെട്ടതിൽ 88 പേരും 2016-17-ൽ 96 പേർ മരണപ്പെട്ടതിൽ 75 പേരും 2017-18-ൽ 119 പേർ മരണപ്പെട്ടതിൽ 92 പേരും 2018-19-ൽ 146 പേർ മരണപ്പെട്ടതിൽ 123 പേരും 2019-20-ൽ 90 പേർ മരണപ്പെട്ടതിൽ 71 പേരും 2020-21-ൽ 88 പേർ മരണപ്പെട്ടതിൽ 52 പേരും 2021-22-ൽ 113 പേർ മരണപ്പെട്ടതിൽ 65 പേരും 2022-23-ൽ 89 പേർ മരണപ്പെട്ടതിൽ 48 പേരും 2023-24-ൽ 76 പേർ മരണപ്പെട്ടതിൽ 34 പേരും 2024-25-ൽ 67 പേർ മരണപ്പെട്ടതിൽ 34 പേരും 2025-26-ൽ ഇതുവരെ 20 പേർ മരണപ്പെട്ടതിൽ 6 പേരും പാമ്പുകടിയേറ്റ് മരിച്ചവരാണ്. മരണനിരക്ക് കൂടുകയാണോ കുറയുകയാണോയെന്ന് കണക്കുകൾ നിങ്ങളോട് സംസാരിക്കട്ടെ എന്നുമാത്രമേ ഈ ഘട്ടത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഞാൻ ആവർത്തിക്കുന്ന ഒരുകാര്യം, ഒരാൾപോലും മരിക്കുന്നത് വലിയ പ്രശ്നമായാണ് കാണുന്നത്. അത്തരത്തിൽ ഈ പ്രശ്നത്തെ സമീപിച്ചാൽ മാത്രമേ നമുക്ക് ശരിയായ പരിഹാര മാർഗങ്ങളിലേക്ക് എത്താൻ കഴിയൂ. ഊതിപ്പെരുപ്പിച്ച കണക്കുകളുമായി വന്ന്

ജനങ്ങളെ പരിഭ്രാന്തരാക്കരുത്, മരണനിരക്ക് വർധിച്ചിട്ടില്ല. പല വർഷങ്ങളിലും ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ട്. പക്ഷെ, അന്നുള്ളതിനേക്കാൾ മാധ്യമ ശ്രദ്ധയും ജനപ്രതിനിധികളുടെ ശ്രദ്ധയും ഇപ്പോൾ ഈ പ്രശ്നത്തിൽ പതിയുന്നു എന്നതാണ് സവിശേഷത. അത് നല്ലകാര്യമാണ്. നാട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങളുടെ മുമ്പിൽ എത്തിച്ചുകൊണ്ട് അതിന് പരിഹാരം കാണാൻ ജനപ്രതിനിധികളെ പ്രേരിപ്പിക്കുന്ന ഒരു രാഷ്ട്രീയമാണ് അതിന്റെ പുറകിലുള്ളതെങ്കിൽ, അത് ശരിയായ ഒരു സമീപനമാണ്, ഞാൻ ആ നിലപാടിനെ സ്വാഗതം ചെയ്യുന്നു. അത് ഏകപക്ഷീയമായ കടന്നാക്രമണമായി മാറാതിരിക്കാൻ ഇന്ന് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്, അതിന് അവരോട് നന്ദി പറയുകയാണ്. ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. പക്ഷേ ഞാൻ അതിന് സമയം എടുക്കുന്നില്ല. കാരണം നിങ്ങൾ അനുകൂല മനോഭാവം പ്രകടിപ്പിച്ച സാഹചര്യത്തിൽ തർക്കിച്ച് ജയിക്കാൻ ഞാനില്ല. അറിയേണ്ടത് കേൾക്കാനും അറിക്കേയേണ്ടത് പറയാനും മാത്രമായി ഞാൻ ഈ സമയം ഉപയോഗപ്പെടുത്തുകയാണ്. എനിക്ക് ഒരു അപേക്ഷകൂടിയുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതുപോലെ നമുക്കൊരുമിച്ച്

ശുഭാപ്തി വിശ്വാസത്തോടെ ഈ ബിൽ പാസ്സാക്കുകയും നിയമത്തിന് അംഗീകാരം കിട്ടാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർഥിക്കുകയും ചെയ്യണം. അതിന് നിങ്ങൾ തയ്യാറാകും എന്ന് കാണുന്നതിൽ ഞാൻ സന്തോഷം രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തോ ചോദിക്കുന്നുണ്ട്, ഞാൻ അദ്ദേഹത്തിന് വഴങ്ങുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതൊരു നിയമപ്രശ്നമാണ്. കാരണം നമ്മുടെ വനാതിർത്തി എന്ന് പറയുന്നത് മറ്റ് സംസ്ഥാനങ്ങളുമായി പങ്കിടുന്നതാണ്. ഉദാഹരണത്തിന്, ബന്ദിപ്പൂർ നോക്കുകയാണെങ്കിൽ അതൊരു ട്രൈ ജംഗ്ഷനാണ്. അവിടെ കർണാടകയും തമിഴ്നാടുമായി അതിർത്തി പങ്കിടുന്നുണ്ട്. ഇത് കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ നമ്മുടെ ജ്യൂറിസ്ഡിക്ഷനിൽ മാത്രം ബാധകമായ രീതിയിൽ സെൻട്രൽ ആക്ടിന് ഒരു ഭേദഗതി കൊണ്ടുവരാൻ കഴിമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കടുവ വരുന്നത് കേരളത്തിന്റെ, അല്ലെങ്കിൽ കർണ്ണാടകയുടെ അതിർത്തിയെന്ന് നോക്കിയിട്ടൊന്നുമല്ല. അതുകൊണ്ടാണ്, ഇത് നമ്മൾ ആത്മാർത്ഥമായാണ് ചെയ്യുന്നതെങ്കിൽ വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽനിന്ന്

ജനങ്ങളെ രക്ഷിക്കാൻ പ്രാപ്തമായ ഒരു നിയമം കൊണ്ടുവരണമെന്ന് ശ്രീ എ. പി. അനിൽകുമാർ ഇവിടെ സൂചിപ്പിച്ചത്. ഈ നിയമം കൊണ്ട് എന്ത് ഗുണമെന്ന ഒരു ചോദ്യം കൂടി ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് അങ്ങ് ഉത്തരം പറഞ്ഞില്ലെന്നുള്ളതാണ് എന്റെ വിഷമം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് മുമ്പ് വനം വകുപ്പുമന്ത്രിയായി പ്രവർത്തിച്ചിരുന്ന ആളാണല്ലോ; അങ്ങേയ്ക്ക് ഇതുസംബന്ധിച്ച ധാരാളം ധാരണകളുണ്ടെന്ന് എനിക്കറിയാം. വനത്തിന് പുറത്തുവന്ന് ജനവാസകേന്ദ്രങ്ങളിലും കൃഷി മേഖലകളിലും ഉപദ്രവമുണ്ടാക്കുന്ന മൃഗങ്ങൾക്കാണ് ഈ നിയമം ബാധകമാകുന്നത്. കർണ്ണാടക ഫോറസ്റ്റിന്റെ പരിധിയിലാണെങ്കിൽ അവരത് നോക്കിക്കൊള്ളും. നമ്മുടെ സ്ഥലത്താണ് വന്നതെങ്കിൽ നമ്മൾ നോക്കും. വനത്തിനകത്തുള്ള മൃഗങ്ങളെ സംബന്ധിച്ച പ്രശ്നമാണ് താങ്കൾ ഇവിടെ ഉന്നയിച്ചത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മൃഗങ്ങളുടെ ആവാസകേന്ദ്രം വനവിസ്തൃതിക്കകത്ത് വരുന്നതല്ലേ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതെ, എന്നാൽ നമ്മൾ വനത്തിനകത്തേയ്ക്ക് പോകുന്നില്ലല്ലോ; ബഹുമാനപ്പെട്ട തിരുവഞ്ചൂർ

രാധാകൃഷ്ണൻ, നമ്മുടെ നിയമത്തിന്റെ ഉദ്ദേശ്യം വനത്തിന് പുറത്ത്, ജനവാസ മേഖലയിൽ വന്ന് മനുഷ്യരെ ഉപദ്രവിക്കുകയും കൃഷിനാശം വരുത്തുകയും ചെയ്യുന്നത് ഒഴിവാക്കുക എന്നതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ബാധ്യതയാണ് നമുക്കുള്ളത്. എല്ലാ സംസ്ഥാന ഗവൺമെന്റുകളും അത് നോക്കിക്കൊള്ളും. ഇവിടെ വരുമ്പോൾ എന്ത് ചെയ്യണമെന്നാണ് പറയുന്നത്, അതിൽ ആത്മാർത്ഥത കുറവൊന്നുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനത്തിന്റെ ആവാസമേഖലയെന്നു പറയുന്നത് വ്യത്യസ്തമാണ്. ആ ആവാസമേഖലയിൽ നിന്നാണ് മൃഗങ്ങളെല്ലാം ഇറങ്ങി വരുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് കേന്ദ്ര നിയമത്തിന്റെ ഭേദഗതിയാണെങ്കിലും അതിന് പ്രസിഡന്റ് അംഗീകാരം നൽകിയാൽ അത് ബാധകമാകുന്നത് കേരളത്തിനകത്ത് മാത്രമാണ്. മൃഗങ്ങൾ നമ്മുടെ നാട്ടിൽ വന്നാൽ ഈ നിയമം പ്രയോഗിക്കാം. കർണ്ണാടകയിൽ വേണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ അവരോട് പറഞ്ഞാൽ അവരും ഇതുപോലത്തെ നിയമത്തെക്കുറിച്ച് ആലോചിക്കും.

അപ്പോൾ ആ പ്രശ്നം അവർക്ക് അവിടെയും കൈകാര്യം ചെയ്യാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രശ്നപരിഹാരം ഉണ്ടാകണം. കടുവയും പുലിയും പിടിച്ചും ആന ചവിട്ടിയും കുരങ്ങ് കടിച്ചും ദുർമരണപ്പെടുന്നവരുടെ എണ്ണം കുറയ്ക്കണം. അങ്ങ് ഇപ്പോൾ പറഞ്ഞതനുസരിച്ച് പാമ്പുകടിയേറ്റാണ് ഏറ്റവും കൂടുതൽ മരണം നടക്കുന്നത്. അതിനെതിരെ എന്തെങ്കിലും ചെയ്യാൻ ഈ നിയമത്തിന് സാധിക്കില്ലല്ലോ; അപ്പോൾ പ്രശ്നം വീണ്ടും നിലനിൽക്കുകയാണ്. നമ്മുടെ നാട്ടിൽ ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മൂന്നോ നാലോ വിഭാഗത്തിലുള്ള വന്യമൃഗങ്ങളെക്കുറിച്ച് മാത്രമാണ് അങ്ങ് പറഞ്ഞത്, എന്നാൽ അതിലും ഒരു പ്രശ്നമുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞതുപോലെ, കടുവ പിടിക്കാൻ വരുമ്പോൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പെർമിഷൻ വാങ്ങാൻ പോകാൻ കഴിയുമോ? കടുവ പിടിക്കാൻ വരുമ്പോൾ ആരുടെയെങ്കിലും പെർമിഷൻ കിട്ടട്ടെ.......

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിലവിലുള്ള നിയമമെന്താണ്? പഞ്ചായത്ത് കമ്മിറ്റി കൂടണം, ബീറ്റ് ഫോറസ്റ്റ് ഓഫീസറെ അറിയിക്കണം, ഡി.എഫ്.ഒ.-യെ

അറിയിക്കണം, സി.സി.എഫ്-നെ അറിയിക്കണം, ചീഫ് വൈൽഡ് ലൈഫ് വാർഡനെ അറിയിക്കണം. അതിനാണ് കാലതാമസമുള്ളത്. ആ കാലതാമസം ഒഴിവാക്കാനാണ് ഈ ബിൽ കൊണ്ടുവന്നത്. സംസ്ഥാനത്ത് വന്യജീവി ആക്രമണം ഒരു സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ഉപദ്രവകാരിയായ മൃഗത്തെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ച് കിട്ടിയാൽ ജില്ലാ കളക്ടർമാർക്ക് അടിയന്തരമായും ഇടപെടാനുള്ള സാഹചര്യമാണ് ഫലത്തിൽ ഇവിടെ ഉണ്ടാകാൻ പോകുന്നത്.

മറ്റൊന്ന്, പാമ്പുകളെ കൊല്ലുന്നതിന് ഇപ്പോഴും നിയന്ത്രണമില്ല. എന്ന് മാത്രമല്ല, 'സർപ്പ ആപ്പ്' എന്ന പുതിയ സംവിധാനത്തിലൂടെ പാമ്പുകളുടെ വിവരം അറിയിച്ചാൽ അതിനെ പിടികൂടാനും സൂക്ഷിക്കാനുമാവശ്യമായ ഫലപ്രദമായ ഇടപെടൽ വനം വകുപ്പ് നടത്തുന്നുണ്ട്. അതിനാൽ പാമ്പുകൾക്ക് വേണ്ടി വേറെ നിയമമൊന്നും ആവശ്യമില്ല. ബാക്കി കാര്യങ്ങൾ സബ്ജക്റ്റ് കമ്മിറ്റിയിൽ കൂടുതൽ ഫലപ്രദമായി ചർച്ച ചെയ്യാം. വാച്ചർമാർക്കുള്ള അധികാരം സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ടി. ഐ. മധുസൂദനൻ ചൂണ്ടിക്കാണിച്ച കാര്യവും നമുക്ക് സബ്ജക്ട്

കമ്മിറ്റിയിൽവച്ച് പ്രത്യേകമായി പരിശോധിക്കാൻ സാധിക്കുന്നതാണ്. ഈ രണ്ട് ബില്ലുകളും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. വി. ജോയി, ' 2025-ലെ കേരള വന (ഭേദഗതി) ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, '2025-ലെ കേരള വന (ഭേദഗതി) ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ, ' 2025-ലെ വന്യജീവി സംരക്ഷണം (കേരള

ഭേദഗതി) ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ, '2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

'2025-ലെ കേരള വന (ഭേദഗതി) ബിൽ', ‘ 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ' എന്നിവ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇന്നലെ അവതരിപ്പിച്ച ബില്ലിന് സമാനമായിട്ടുള്ളതാണ്. പിഴ ശിക്ഷകൾ കാലോചിതമാക്കാനും പ്രക്രിയ ലളിതവൽക്കരിക്കാനുമുള്ളതാണ്. വളരെ ലളിതമായ ഒരു ബില്ലാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇന്നലെ സഭയിൽ അവതരിപ്പിച്ച കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബില്ലിന്റെകൂടെ Ease of doing business എന്ന സംസ്ഥാന വ്യവസായ വകുപ്പിന്റെ പോളിസിയുടെ ഭാഗമായി 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 34-ാം വകുപ്പിലെ ചില ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്. കയർ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന തൊഴിലാളികളുടെ വിഷയങ്ങളും ആ മേഖലയെ

ആധുനികവൽക്കരിക്കുന്നതിന് ഗവൺമെന്റും വ്യവസായ വകുപ്പുമന്ത്രിയും വലിയ ഇനിഷ്യേറ്റീവ് എടുക്കുന്നതിനെപ്പറ്റിയും ശ്രീ. മുഹമ്മദ് മുഹസിൻ ഇന്നലെ സഭയിൽ പരാമർശിച്ചിരുന്നു. ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ വ്യവസായ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പരമ്പരാഗത വ്യവസായങ്ങൾ. ഒരു നാടിന്റെ വ്യവസായ വളർച്ചയിൽ പരമ്പരാഗത വ്യവസായങ്ങൾ മറ്റ് വ്യവസായങ്ങൾക്കൊപ്പം വളരുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പക്ഷെ, ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയല്ല തളർച്ചയാണ് കാണുന്നതെന്ന് ആമുഖമായി സൂചിപ്പിക്കുകയാണ്.

കയർ തൊഴിലാളികളെക്കുറിച്ചാണ് ഇന്നത്തെ ബില്ലിൽ പറയുന്നത്. കയർ തൊഴിലാളികൾ കയർ എടുക്കേണ്ട സ്ഥിതിയാണ് കേരളത്തിലുള്ളത്.

അത്രമാത്രം പ്രതിസന്ധി കേരളത്തിലുണ്ട്. എന്നാൽ, ഞങ്ങൾ ഈ പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറയാൻ പോകുന്നതെന്ന് തീർച്ചയായും എനിക്കറിയാം. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളിലായി ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞുകൊണ്ടിരിക്കുന്ന ഈ സഭയിലെടുത്ത പൊതുവായ ഒരു തീരുമാനമുണ്ട്. യാഥാർത്ഥ്യങ്ങൾ എന്താണെങ്കിലും അതൊക്കെ മറച്ചുവച്ച് അയഥാർത്ഥ്യങ്ങൾ ആവർത്തിച്ചുപറഞ്ഞ് സത്യമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതുകഴിഞ്ഞ് മൂന്ന് ദിവസങ്ങളിലായി റൂൾ 50 അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച സമയത്ത് ആദ്യ ദിവസം മുതൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും നമ്മൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നത്; പകരം ഐക്യകേരള രൂപീകരണത്തിനുശേഷമുള്ള ചരിത്രവും അതിന് പിന്നിലുള്ള ചരിത്രവും സർ സി.പി.-യുടെ ഭരണകാലത്തെ ചരിത്രവുമൊക്കെയാണ് പറഞ്ഞത്. അത്തരം ചരിത്രങ്ങളൊക്ക നമ്മുടെ മുന്നിലുള്ളതാണ്. അത്തരം ചരിത്രങ്ങളുടെ നാൾവഴികളിലൂടെയാണ് കേരളം കടന്നുപോയത്. അങ്ങനെ രൂപാന്തരപ്പെട്ട കേരളത്തിൽ ഇന്ന് നടക്കുന്ന കാര്യങ്ങൾ നമ്മുടെ ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല എന്ന്

ചൂണ്ടിക്കാണിക്കുമ്പോൾ അതിന് ഉത്തരം പറയുന്നതിനുപകരം പഴയകാല ചരിത്രങ്ങളിലേക്ക് പോവുകയാണ് ചെയ്യുന്നത്. ആരോഗ്യ വകുപ്പും ഇന്നലെ ചെയ്തത് മറിച്ചല്ല. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ വളർച്ചയിൽ ഏതെങ്കിലും ഒരു ഗവൺമെന്റിന് മാത്രമല്ല, ഒരുപാട് ഗവൺമെന്റുകളുടെ വലിയ പിന്തുണയുണ്ട്. ഒടുവിലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന മെഡിക്കൽ കോളേജുകൾ ഒരു ഭാഗത്ത് നിൽക്കുമ്പോൾ കാത്ത് ലാബ് കൊണ്ടുവന്നു എന്നുപറഞ്ഞ് അതിനെ നേരിട്ടവരാണ് ഈ ഗവൺമെന്റിലെ മന്ത്രിമാർ. ശ്രീ. പി. സി. വിഷ്ണുനാഥ് വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞപ്പോഴും നിങ്ങൾ എന്താണ് പറഞ്ഞത്? വിലക്കയറ്റം 200 രൂപയിൽനിന്നും 400 രൂപയായെന്ന് പറഞ്ഞപ്പോൾ ആ 400 രൂപയിൽനിന്നും ഞങ്ങൾ 200 രൂപ അല്ലെങ്കിൽ 300 രൂപയാക്കി കുറച്ചുകൊണ്ടുവന്നു എന്നല്ല പറഞ്ഞത്. വിലക്കയറ്റം 400 രൂപയാണെന്ന് പറയുമ്പോഴും നിങ്ങൾ ഒരു ഭാഗത്തിരുന്ന് കൈയടിക്കുകയാണ്. എന്തിനാണ് കൈയടിക്കുന്നത്; മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി എന്താണെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിനെ വെല്ലുവിളിച്ചപ്പോൾ, അദ്ദേഹത്തിന് എന്താണ് പറയാനുള്ളതെന്നുകൂടി കേൾക്കണ്ടേ; തൊട്ടടുത്ത കർണാടകയിൽ എന്താണ്

സ്ഥിതിയെന്ന് ചോദിച്ചപ്പോൾ കർണാടകയിലെ സ്ഥിതി പറയാനുള്ള അവസരം നിങ്ങൾ കൊടുക്കണ്ടേ; കർണാടകയിലെ സ്ഥിതി നിങ്ങൾക്കറിയില്ലേ? ഒരു കാർഡിലെ ഒരാൾക്ക് 5 കി.ഗ്രാം അരി സൗജന്യമാണ്. ആ കാർഡിൽ 5 പേർ ഉണ്ടെങ്കിൽ ആ 5 പേർക്കുംകൂടി 25 കി.ഗ്രാം അരിയാണ് ലഭിക്കുന്നത്. അതുപറയാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ നിങ്ങൾ അനുവദിച്ചില്ലല്ലോ? അതുപോലെ, സ്ത്രീകൾക്ക് അവിടെ യാത്രാസൗജന്യമുള്ളകാര്യവും വൈദ്യുതി സൗജന്യമാണെന്ന് പറയാനും നിങ്ങൾ അനുവദിച്ചില്ല. പകരം വെല്ലുവിളിക്കുകയാണ് ചെയ്തത്. ഞങ്ങൾക്ക് പറയാനുള്ളത് കേൾക്കാൻ നിങ്ങൾക്ക് സൗകര്യമില്ല. അതിനെക്കാൾ നന്നായി സംസാരിക്കാൻ അറിയാവുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി. കയറിന്റെ വിഷയത്തിലേക്ക് ഞാൻ വരുന്നോയെന്ന് ചോദിച്ചില്ലേ; അതിലേക്ക് ഞാൻ വരികയാണ്; അങ്ങ് ആലപ്പുഴയിൽനിന്നല്ലേ വരുന്നത്; എന്താണ് കയർ തൊഴിലാളികളുടെ സ്ഥിതി; കയർ തൊഴിലാളികൾ ഇന്ന് സംതൃപ്തരാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഈ സർക്കാർ ഒൻപതര വർഷക്കാലമാണ് ഭരിച്ചത്. കയർ തൊഴിലാളികൾ ഇന്ന് സംതൃപ്തരാണെന്നും അവർക്ക് കൂലിയുണ്ടെന്നും

ബുദ്ധിമുട്ടില്ലെന്നും എല്ലാം സുഭിക്ഷമാണെന്നും പറയേണ്ട കാര്യമില്ല. കേരളത്തിലെ കയർ തൊഴിലാളികൾക്ക് ഈ ഒൻപതരവർഷക്കാലത്തിനിടയ്ക്ക് മാന്യമായി ജീവിക്കാനുള്ള ഒരു അവസരമുണ്ടായിട്ടുണ്ടോ? 'ഉണ്ട്' എന്നാണ് അങ്ങയുടെ മറുപടിയെങ്കിൽ ഞാൻ ഇപ്പോൾ ഇവിടെയിരിക്കാം. എന്റെ ചോദ്യം സത്യസന്ധമാണ്. അങ്ങയെ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. ഇക്കാര്യത്തിൽ ഞാൻ വഴങ്ങുന്നില്ല. (...ബഹളം...) പരമ്പരാഗത മേഖലയിൽ ഇന്ന് കൈത്തറിയും കശുവണ്ടിയും തകർന്നതുപോലെ കേരളത്തിലെ കയർ വ്യവസായം അതിഭീകരമായ തകർച്ചയിലാണെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. അതിനെ സംരക്ഷിക്കാൻ എന്താണ് ഗവൺമെന്റ് ചെയ്യുന്നത്; വ്യവസായ വകുപ്പ് എന്ത് ചെയ്യുന്നു? ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. കയർ മേഖലയിൽ ഇന്ന് എന്ത് പ്രതിസന്ധിയുണ്ടായാലും വർഷത്തിൽ 200 ദിവസം തൊഴിൽ നൽകുമെന്ന് വ്യവസായ വകുപ്പുമന്ത്രിതന്നെ പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ഒരു വർഷത്തിൽ 100 ദിവസത്തെ തൊഴിൽ കൊടുക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? ഉണ്ടെങ്കിൽ അത് അങ്ങ് പറയണം. അതുപോലെതന്നെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നാൽ

വലിയ മാറ്റമുണ്ടാകുമെന്ന് പറഞ്ഞു. എന്നാൽ എത്ര രൂപയാണ് വർധിപ്പിച്ചത്? നിങ്ങൾ രണ്ട് ഘട്ടങ്ങളിലായി 50 രൂപ വീതം വർധിപ്പിച്ചു. ആ 50 രൂപ കൊടുക്കുന്നത് നിങ്ങളല്ല കയർ സംഘങ്ങളാണ്. 50 രൂപ വർധിപ്പിച്ചിട്ടുപോലും അത് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ് സർക്കാരിനുള്ളത്. കയർഫെഡിലാണ് ഈ സംഘങ്ങളൊക്കെ ഉൽപന്നങ്ങൾ കൊടുക്കുന്നത്. ഈ സംഘങ്ങൾക്ക് കയർഫെഡ് 30 ലക്ഷത്തോളം രൂപ നൽകാനുണ്ടെന്ന് ഈ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എന്റെ ഒരു സുഹൃത്ത് സൂചിപ്പിച്ചിരുന്നു. കയർഫെഡിൽനിന്നുള്ള ഈ പണം ലഭിച്ചിട്ടുവേണം തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ. അതിനെക്കുറിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്? ഓരോ മേഖലയും പരിശോധിച്ചാൽ ഇന്ന് വളരെ വലിയ രീതിയിലുള്ള പ്രയാസങ്ങൾ നേരിടുകയാണെന്ന് മനസിലാകും. കയർഫെഡിൽനിന്നും പണം കിട്ടിയിട്ടുവേണം ചകിരി വാങ്ങാൻ. ചകിരി വാങ്ങാനുള്ള പണം ഇല്ല. അത്തരത്തിൽ ഓരോ ഘട്ടങ്ങളിലും വളരെയധികം പ്രയാസകരമായ ഒരു സാഹചര്യത്തിലൂടെയാണ് കയർ തൊഴിലാളികൾ പോകുന്നത്.

ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഈ നിയമത്തിന്റെ കാര്യങ്ങൾ പറയേണ്ടതില്ലല്ലോ. നിലവിലുള്ള നിയമങ്ങൾ ഒന്നുകൂടി ലഘൂകരിക്കുകയാണ് ചെയ്യുന്നത്. ഈ മേഖല അതുകൊണ്ട് പുഷ്ടിപ്പെടുമെന്നുണ്ടെങ്കിൽ കുഴപ്പമില്ല. പക്ഷേ, അങ്ങനെയാണോ വരുന്നത്; ഇതിലുള്ള കർക്കശമായ നിയമങ്ങൾവച്ച് സെസ്സ് പിരിക്കുന്ന കാര്യത്തിലുൾപ്പെടെ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുന്നില്ല. അപ്പോൾ അത് ഒന്നുകൂടി ലഘൂകരിക്കുമ്പോൾ അതിന്റെ ഫലമെന്താകും? അതുകൊണ്ട് വളരെ പ്രയാസകരമായ ഒരു സാഹചര്യം ഇന്ന് കയർ മേഖലയിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കുതന്നെ അതിന്റെ കണക്ക് അറിയാവുന്നതാണ്. 2022-23-ൽ നൂൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നത് ഏതാണ്ട് 23000 ആളുകളായിരുന്നു. അത് 2023-24 ആയപ്പോൾ 17257 ആളുകളായി കുറഞ്ഞു. തൊഴിലാളികളുടെ എണ്ണത്തിൽ 24 ശതമാനത്തിന്റെ കുറവാണ്. ഇന്ന് ഈ രംഗത്ത് തൊഴിലാളികളില്ല. തൊഴിൽ ഇല്ലാതെ അവർ ഈ

മേഖലയിൽനിന്നും വിട്ടുപോകുന്നു. ഗവൺമെന്റിന്റെ നിലപാട് എന്താണ്? കേരളംപോലുള്ള ഒരു സംസ്ഥാനത്ത് നമുക്ക് ജോലി സാധ്യത വ്യവസായ മേഖലയിലാണുള്ളത്. പരമ്പരാഗത രംഗത്ത് ജോലിസാധ്യത കൊണ്ടുവരുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയമായിക്കഴിഞ്ഞാൽ പിന്നെ എന്തുചെയ്യാൻ സാധിക്കും? ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കാൻ വളരെ വലിയ രീതിയിലുള്ള കാര്യങ്ങൾ നടത്തുന്നുവെന്ന് നിങ്ങൾ പറയുന്നുണ്ട്. പക്ഷേ, ഏറ്റവും പ്രധാനപ്പെട്ട മേഖലയിൽപ്പോലും ഈ കുറഞ്ഞകാലംകൊണ്ട് 24 ശതമാനത്തിന്റെ തൊഴിൽ നഷ്ടം ഉണ്ടാകുന്നുവെന്ന് പറയുമ്പോൾ പിന്നെ എങ്ങനെയാണ് അങ്ങേയ്ക്ക് വ്യവസായ രംഗം വളർച്ച പ്രാപിക്കുന്നുവെന്ന് അവകാശപ്പെടാൻ കഴിയുക? കയർ കയറ്റുമതിയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന തുകയാണ് സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം. എന്നാൽ എന്താണ് ഇന്നത്തെ സ്ഥിതി? ഈ ഗവൺമെന്റിന്റെ കാലത്ത് 2021-22 കാലഘട്ടത്തിൽ 1731 ലക്ഷം രൂപയാണ് നമുക്ക് കയറ്റുമതി ഇനത്തിൽ ലഭിച്ചത്. അത് 2022-23 ആയപ്പോൾ 1640 ലക്ഷം രൂപയായി കുറഞ്ഞു. 2023-24 ആയപ്പോൾ അത് 1005 ലക്ഷം രൂപയിലേക്ക് വന്നു. കയറ്റുമതിയിൽനിന്ന് നമുക്ക് ലഭിക്കുന്ന വരുമാനം ഇങ്ങനെ കുറയുകയാണ്.

കയർ കയറ്റുമതിയിൽനിന്ന് ലഭിക്കുന്ന വരുമാനം കുറയുമ്പോഴും അങ്ങ് പറയുന്നത് നമ്മുടെ വ്യവസായ രംഗത്തിന് യാതൊരു കുഴപ്പവുമില്ല, വ്യവസായ മേഖല നല്ല രീതിയിൽ മുന്നോട്ടുപോകുന്നുവെന്നാണ്. യാഥാർത്ഥ്യങ്ങൾ കാണേണ്ടതല്ലേ. ഇവിടെ ഞാൻ പറഞ്ഞ, കയറ്റുമതിയിൽനിന്നുള്ള വരുമാനത്തിന്റെയും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിന്റെയും കണക്കുകൾ തെറ്റാണെങ്കിൽ അങ്ങേയ്ക്ക് അക്കാര്യം പറയാവുന്നതാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഇന്ന് വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ രംഗവുമായി ബന്ധപ്പെട്ട് ഒരു കണക്ക് പറയുന്നത് ഏകദേശം 1100 കയർ സഹകരണ സംഘങ്ങളാണുള്ളതെന്നും അതിൽ ഏകദേശം 511 സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നുമാണ്. ഒരു നിയമസഭാ ചോദ്യത്തിന് അങ്ങ് ഉത്തരമായി പറഞ്ഞത്, അവയിൽ ലാഭകരമായി പ്രവർത്തിക്കുന്നത് ഏകദേശം 250 എണ്ണമാണെന്നാണ്. ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ രീതിയിൽ സഹകരണ സംഘങ്ങൾ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ തൊഴിൽ നഷ്ടമുണ്ടാകുന്നു. ഈ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പരമ്പരാഗത മേഖലയിൽ

പ്രവർത്തിക്കുന്നവർക്ക് 1250/- രൂപ പെൻഷൻ കൊടുക്കുമെന്ന് അങ്ങ് ബജറ്റിലോ മറ്റോ സഭയിൽ പ്രഖ്യാപിച്ചതാണ്. എന്നാൽ ആ തുക കയർ മേഖലയിലുള്ളവർക്ക് ഇതുവരെയും ലഭ്യമായിട്ടില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. കയർ മേഖലയിൽ പണം ലഭിക്കുന്നില്ലെന്ന് സി.പി.ഐ., സി.പി.ഐ.(എം.) സമ്മേളനങ്ങളിൽ ട്രേഡ് യൂണിയൻ പ്രവർത്തകർ അങ്ങയെ പേരുപറഞ്ഞ് വിമർശിച്ചത് പത്രങ്ങളിൽ കണ്ടു. അവിടെ എന്താണ് നടന്നതെന്ന് എനിക്ക് അറിയില്ല. പത്രവാർത്തയാണ് എന്റെ വാക്കുകൾക്ക് അടിസ്ഥാനം. ഒരു കാലഘട്ടത്തിൽ കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികളുടെ കരുത്ത് നിങ്ങളുടെ പാർട്ടിയെ വളർത്തുന്നതിൽ ചെറിയ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ പാർട്ടി അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ ഇവരെ തിരിഞ്ഞുനോക്കുന്നില്ല എന്നുള്ള യാഥാർഥ്യം ഇന്ന് തുറന്ന് പറയേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ആ രീതിയിൽ ഇന്ന് പരമ്പരാഗത മേഖല തകർച്ചയെ നേരിടുകയാണ്. ഈയൊരു നിയമംകൊണ്ട് നിങ്ങൾക്ക് ഏതെല്ലാം രീതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് എനിക്കറിയില്ല. ഈ നിയമം പ്രത്യേകിച്ച് ഗുണം ചെയ്യില്ലെന്നാണ് എന്റെ കണക്കുകൂട്ടൽ. അത് തൊഴിലാളികൾക്ക് ഉപദ്രവകരമായ നിയമമായി മാറുമെന്നാണ് എനിക്ക്

തോന്നുന്നത്. കാരണം ഇന്ന് സെസ് പിരിക്കുന്ന കാര്യത്തിലും ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യത്തിലുമൊന്നും നിങ്ങൾ ഒരു രീതിയിലും സഹായം നൽകുന്നില്ല. ക്ഷേമനിധിക്ക് കൊടുക്കേണ്ട മാച്ചിംഗ് ഗ്രാന്റുപോലും നിങ്ങൾ കൊടുക്കുന്നില്ല. സമയപരിമിതിമൂലം ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ശ്രീ. കെ. വി. സുമേഷ് കുറഞ്ഞ വാക്കുകളിൽ പ്രസംഗം അവസാനിപ്പിച്ചു. ഞാൻ കൂടുതൽ സമയമെടുക്കുന്നത് ശരിയല്ലെന്ന് എനിക്കറിയാം. നിങ്ങളുടെ തൊഴിലാളി താൽപ്പര്യമെന്താണ്? അത് ഈ രീതിയിലാണെങ്കിൽ, കുറഞ്ഞ വർഷങ്ങൾകൊണ്ട് 24 ശതമാനം തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ യാതൊരു സംശയവും വേണ്ട, ഈ എട്ട് മാസക്കാലംകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽനിന്ന് പുറത്തുപോയിട്ടില്ലെങ്കിൽ വളരെ ഗുരുതരമായ സ്ഥിതി ഈ മേഖലയിലുണ്ടാകും. നിങ്ങൾ അധികാരത്തിൽനിന്ന് പോയാൽ ഇതിനെല്ലാം ഒരു മാറ്റമുണ്ടാകുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ഇന്ന് കയർ മേഖലയിലെ പാവപ്പെട്ട സാധാരണ തൊഴിലാളികളിൽ എൺപത് ശതമാനവും സ്ത്രീത്തൊഴിലാളികളാണ്. അവരുടെ താൽപര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കണം. ഓണത്തിന് എല്ലാം

നൽകിയെന്നാണ് പറയുന്നത്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലോ ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവോ ആണോയെന്നറിയില്ല, ഈ ഓണം പ്രയാസമില്ലാതെ കടന്നുപോയെന്ന് ഒരു ചടങ്ങിൽ അഭിപ്രായപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടു. നിർഭാഗ്യവശാൽ അതിന്റെ തൊട്ടടുത്ത ദിവസമാണ് ഓണക്കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഒരു സമരത്തിൽ ഞാൻ പങ്കെടുത്തത്. അവിടെ അവർ തങ്ങളുടെ പ്രയാസങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കയർ തൊഴിലാളികൾക്ക് ആവശ്യമായ കാര്യങ്ങൾ നൽകിയിട്ടില്ല. പിന്നെ ആർക്കായിരുന്നു ഓണം സുഭിക്ഷമായത്? പത്തോ ഇരുപതോ മന്ത്രിമാർക്കാണോ ഓണം സുഭിക്ഷമായത്; കേരളത്തിലെ ജനങ്ങൾക്ക് ഓണം സുഭിക്ഷമായിട്ടില്ല. ആശാവർക്കർമാർ അപ്പോഴും സമരത്തിലായിരുന്നു. എല്ലാ മേഖലയിലുമുള്ളവരും പ്രയാസങ്ങൾ അനുഭവിക്കുകയായിരുന്നു. ശ്രീ. കെ. എൻ. ബാലഗോപാലിനും ഡോ. ആർ. ബിന്ദുവിനും ശ്രീ. പി. രാജീവിനും ഓണം സുഭിക്ഷമായിട്ടുണ്ടാകും. പക്ഷേ, കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഓണം പ്രയാസകരമായിരുന്നു. ആ യാഥാർത്ഥ്യം തിരിച്ചറിയണം.

കേരളത്തിലെ പരമ്പരാഗതത്തൊഴിലാളികളുടെ കണ്ണുനീര് കാണാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഈ ഗവൺമെന്റിന് സാധിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കാമെന്ന് കരുതിയ ഒരു ബില്ലാണിത്. പക്ഷേ ബഹുമാന്യനായ വണ്ടൂർ അംഗം എ. പി. അനിൽ കുമാർ പല മേഖലകളിലൂടെ കയറിയിറങ്ങി പോയതുകൊണ്ട് അതുസംബന്ധിച്ച് എല്ലാം പറയാതെ പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. തൊഴിൽ മേഖല ബുദ്ധിമുട്ടിലായതിനാൽ ഈ ഗവൺമെന്റ് മാറി അങ്ങയെപ്പോലുള്ള ആളുകൾ ഭരണപക്ഷത്തിരിക്കണമെന്ന് തൊഴിലാളി വർഗ്ഗം ആഗ്രഹിക്കുന്നുവെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ ഒരു ഭാഗം. ഇപ്പോൾ തൊഴിലാളികൾക്ക് കണക്കെല്ലാം അറിയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാല് വർഷമേ ആയിട്ടുള്ളൂ. നിങ്ങൾ അധികാരത്തിലിരുന്ന കാലഘട്ടത്തിലെ കണക്കുകൾ പറയാൻ എന്നെ നിർബന്ധിതനാക്കിയതാണ്. അങ്ങാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ

കണക്ക് പറയാനുള്ള സാഹചര്യമുണ്ടാക്കിയത്. നിങ്ങൾ അധികാരത്തിൽ വരണമെന്ന് തൊഴിലാളികൾ ആഗ്രഹിക്കുന്ന സാഹചര്യമുണ്ടെന്നാണ് ഇവിടെ പറഞ്ഞത്. തൊഴിലാളികൾക്ക് കണക്കറിയാം. 2011-16-ലെ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ആദ്യത്തെ നാല് വർഷത്തെ മൊത്തം കയർ പ്രൊഡക്ഷൻ 26274 ടൺ ആണ്. ഈ ഗവൺമെന്റ് നാല് വർഷംകൊണ്ട് 54823 ടൺ കയർ ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. ഈ നാല് വർഷത്തിന്റെ പകുതിപോലും ഉൽപാദിപ്പിക്കാൻ കഴിയാതിരുന്ന ഒരു നാല് വർഷത്തെ നയിച്ച ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരണമെന്ന് ഭീകര സ്വപ്നത്തിൽപ്പോലും കേരളത്തിലെ കയർത്തൊഴിലാളികൾ ആഗ്രഹിക്കില്ലെന്ന് അങ്ങേയ്ക്കും നന്നായി അറിയാവുന്നതാണ്. ഇവിടെ എന്താണ് പ്രശ്നം? ഞങ്ങളെല്ലാം പഴയ ചരിത്രം പറയുന്നുവെന്ന് അങ്ങ് പറഞ്ഞു. അതിനുള്ള സാഹചര്യമുണ്ടാക്കിയത് അങ്ങല്ലേ; ഞങ്ങൾ അതിലേക്ക് പോയതല്ലല്ലോ. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ വിശദീകരിക്കുന്നില്ല. അവ സംബന്ധിച്ച് ഇവിടെ മറുപടി പറഞ്ഞതാണ്. നാം ഇവിടെ മാത്രമല്ല നിൽക്കുന്നത്. ചരിത്രം തുടർച്ചയാണ്. ആ തുടർച്ചയ്ക്ക് ഒരു

ഇടർച്ചയുണ്ടാകരുതെന്ന് ഇപ്പോൾ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. തുടർച്ച ഈ രീതിയിൽ മുന്നോട്ടുപോയാൽ ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നമ്മുടെ നാട് മാറും. അതിന് ബ്രേക്കുണ്ടാകരുത് എന്ന ചിന്തയാണ് ഇപ്പോൾ പൊതുവെ കേരളത്തിലെ ജനങ്ങൾക്കുള്ളത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞതാണോ യാഥാർത്ഥ്യം? ഞാൻ നേരത്തെ ഇടപെട്ട് പറഞ്ഞല്ലോ. എന്തുകൊണ്ട് ശ്രീ. എ. കെ. ആന്റണിക്ക് ഇന്നലെ പത്രസമ്മേളനം നടത്തേണ്ടിവന്നു? നിങ്ങൾ ഇവിടെ ശരിയായ നിലയിൽ പ്രവർത്തിച്ചിരുന്നെങ്കിൽ എന്നെ പ്രതിരോധിക്കാൻ ആരുമില്ല എന്നുപറഞ്ഞ് അത്രയും സീനിയറായ ഒരു കോൺഗ്രസ് നേതാവിന് ദീർഘകാലത്തെ മൗനവാൽമീകത്തിൽനിന്ന് പുറത്തുവന്ന് ഒരു പത്രസമ്മേളനം നടത്തേണ്ടി വരുമായിരുന്നോ; യഥാർത്ഥത്തിൽ ഞങ്ങൾ നിങ്ങളോട് കടപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണ്? നിങ്ങൾ ഓരോ ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നതുകൊണ്ട് ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വിശദീകരിക്കാമെന്ന് മാത്രമല്ല, പഴയ കാര്യങ്ങളെക്കുറിച്ച് വീണ്ടും സജീവമായി കേരളീയ സമൂഹം ഓർക്കുന്ന സാഹചര്യവുമുണ്ടാകുകയും ചെയ്യും.

അത് അങ്ങേയ്ക്ക് ഒന്ന് കൊണ്ടിട്ടുള്ളതുകൊണ്ടാണ് ചരിത്രം പറയുന്നതിനെക്കുറിച്ച് പറഞ്ഞത്. ഒരിക്കലും മാപ്പ് നൽകില്ലെന്ന് ശ്രീമതി സി. കെ. ജാനു പറഞ്ഞില്ലേ; മുത്തങ്ങയിൽ കുഞ്ഞുങ്ങളെയും പ്രായമായവരെയും രോഗികളെയുംവരെ എങ്ങനെ ആക്രമിച്ചുവെന്ന് ശ്രീമതി സി. കെ. ജാനു പറഞ്ഞല്ലോ? ഇവിടെ പുസ്തകങ്ങളിലെ ഉദ്ധരണികൾ സൂചിപ്പിച്ചല്ലോ. ഞാൻ അതിലേക്ക് കടക്കുന്നില്ല. അതുകൂടാതെ അദ്ദേഹം പറഞ്ഞ കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. ഇതുസംബന്ധിച്ച് ഞാൻ നേരത്തെയും പറഞ്ഞു. 'നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം കുറച്ച് കാര്യംകൂടി പറയാനുണ്ട്' എന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. നിങ്ങൾക്ക് ഗുണമുള്ള കാര്യമായിരുന്നെങ്കിൽ അദ്ദേഹം ഇപ്പോൾത്തന്നെ പറയുമായിരുന്നു. അദ്ദേഹം പറയാനുദ്ദേശിക്കുന്ന കാര്യം എന്തായാലും നിങ്ങൾക്ക് ഗുണമുള്ളതല്ലെന്ന് അരി ആഹാരം കഴിക്കുന്ന എല്ലാവർക്കുമറിയാം. നേരത്തെ പറഞ്ഞതുപോലെ ഈ സർക്കാരിന്റെ ഭരണത്തുടർച്ചയുണ്ടാകുന്ന സാഹചര്യം വരുമല്ലോ. അങ്ങനെ വരുമ്പോൾ, താൻ പറഞ്ഞതുകൊണ്ടാണ് കോൺഗ്രസിന് അധോഗതി ഉണ്ടായതെന്ന് നാളെ ആരും പറയരുത് എന്നൊരു മുൻകൂർ ജാമ്യത്തിലാണ് അദ്ദേഹം

നിൽക്കുന്നതെന്ന് അങ്ങേയ്ക്കും അറിയാം. ഞാൻ ഇതൊന്നും പറയാൻ ആഗ്രഹിച്ചതല്ല. അങ്ങ് ഒരു വാതിൽ തുറന്നിട്ടു, പിന്നെ കയറാതിരിക്കാൻ നിവൃത്തിയില്ലല്ലോ. മറ്റ് മേഖലയെ സംബന്ധിച്ചൊന്നും പറയുന്നില്ല. ഓണം മന്ത്രിമാർക്ക് മാത്രം സുഭിക്ഷമായിരുന്നെന്ന് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട വണ്ടൂർ അംഗം മുൻ മന്ത്രിയായിരുന്ന ആളാണ്. ഉദ്ഘാടന പ്രസംഗത്തിന്റെ കാര്യങ്ങളെല്ലാം എന്റെ കൈയിലുണ്ടെന്ന് ഇവിടെ ബഹുമാന്യനായ മന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു. കഴിഞ്ഞ തവണത്തെ ഓണത്തിന്റെ സമയം നമ്മുടെ ഓർമ്മയിലില്ലേ. സിവിൽ സപ്ലൈസിന്റെ ഓണച്ചന്തയിൽ ഒന്നുമുണ്ടായിരുന്നില്ലെന്ന് കഴിഞ്ഞ തവണ നിങ്ങൾതന്നെ നിയമസഭയിൽ പറയുകയുണ്ടായി. ആ രേഖകൾ നമ്മുടെ നിയമസഭയിലുണ്ടല്ലോ. ഇത്തവണ അങ്ങനെ ആർക്കെങ്കിലും പറയേണ്ടിവന്നോ? നിങ്ങൾ കുറച്ചുപേർക്ക് അസ്വസ്ഥതയുണ്ടാകുന്നത് ഓണസദ്യയിൽ കുറവുള്ളതുകൊണ്ടല്ല, ഈ ഒൻപതര വർഷത്തിന്റെ അധികാരമില്ലായ്മയുടെ അസ്വസ്ഥതയാണ്. അതാണ് നിങ്ങളിൽ കുറച്ചുപേരുടെ ഓണം ഇങ്ങനെയാക്കിയത്. ബാക്കി മലയാളികളുടെ ഓണം സുഭിക്ഷവും സമൃദ്ധവും സന്തോഷഭരിതവുമായിരുന്നുവെന്ന് കാണണം. ഇതുസംബന്ധിച്ച് ഞാൻ

ഇത്രമാത്രമെ പറയുന്നുള്ളൂ. ബാക്കി കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞതാണ്.

ഇന്നലെ ചർച്ച കുറേക്കൂടി പോസിറ്റീവ് ആയിരുന്നു. ഈ മേഖലയിൽ കുറച്ച് പ്രതിസന്ധിയുണ്ടെന്ന കാര്യം അംഗീകരിക്കുന്നു. അത് ഇപ്പോഴുണ്ടായ പ്രതിസന്ധിയല്ല, പൊതുവെ വരുന്ന പ്രതിസന്ധിയാണ്. പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ എങ്ങനെ അഭിസംബോധന ചെയ്യാമെന്നും ഈ മേഖലയിലെ പ്രതിസന്ധി മനസിലാക്കി അവ പരിഹരിക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിച്ചത്. ബഹുമാന്യനായ കുണ്ടറ അംഗം പി. സി. വിഷ്ണുനാഥ് ഇവിടെയുണ്ട്. കശുവണ്ടി മേഖലയിൽ കുറേ കാര്യങ്ങൾ ചെയ്യുന്നതിന് ശ്രമിച്ചു. എന്നാൽ അതെല്ലാം പൂർണ്ണമായെന്നല്ല പറയുന്നത്. ആദ്യ വർഷങ്ങളിൽ ഇ.എസ്.ഐ. ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ തൊഴിൽദിനങ്ങൾ കിട്ടുന്നില്ല എന്നുള്ളത് അദ്ദേഹംതന്നെ ഈ സഭയിൽ ഉന്നയിച്ച പ്രശ്നമാണ്. കഴിഞ്ഞ രണ്ട് വർഷവും കുടുംബാംഗങ്ങൾക്കുൾപ്പെടെ ഇ.എസ്.ഐ. ചികിത്സാ സഹായം കിട്ടാവുന്ന വിധത്തിൽ തൊഴിൽദിനം ഉറപ്പുവരുത്തിയെന്ന കാര്യം ഞാൻ ഈ സഭയിൽ അഭിമാനത്തോടുകൂടി പറയുന്നു. ഈ വർഷവും അത്തരത്തിൽ തൊഴിൽദിനം ഉറപ്പുവരുത്തിയിട്ടുണ്ട്. മേയ് മാസം വരെയുള്ള കശുവണ്ടി പൂർണ്ണമായും കശുവണ്ടി

കോർപ്പറേഷനിലും കാപ്പെക്സിലും ഇപ്പോൾത്തന്നെ സംഭരിച്ച് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ തൊഴിൽദിനങ്ങൾ പൂർണ്ണമായും ഉറപ്പുവരുത്തിയെന്ന് പറയാൻ കഴിയും. അടുത്തത് സ്വകാര്യ മേഖലയിലെ പ്രശ്നമായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഒരു മേഖലയിലും ചെയ്യാത്ത രൂപത്തിൽ സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളി പി.എഫ്. അടയ്ക്കുന്നതോടൊപ്പം മുതലാളി അടക്കേണ്ട പി.എഫ്., ഇ.എസ്.ഐ., സ്റ്റാറ്റ്യൂട്ടറി വിഹിതങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തു. ആദ്യമായാണ് അത്തരമൊരു കാര്യം ചെയ്തത്. ഇതുകൂടാതെ ക്യാപിറ്റൽ ഇൻസെന്റീവ് ഈ സ്വകാര്യ കമ്പനികൾക്ക് നൽകി. എന്നാൽ അവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി ചർച്ച ചെയ്തപ്പോൾ വർക്കിംഗ് ക്യാപിറ്റൽ പ്രതിസന്ധിയാണുള്ളതെന്ന് മനസ്സിലായി. വർക്കിംഗ് ക്യാപിറ്റലിലും പലിശയുടെ 50 ശതമാനമായ 10 ലക്ഷം രൂപവരെ സ്വകാര്യമേഖലയ്ക്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ നൽകി. ഇതുകൂടാതെ, shelling modernisation-നുവേണ്ടി 5 കോടി രൂപ അനുവദിച്ചു. അവിടങ്ങളിൽ സ്ത്രീകളാണ് കൂടുതലുള്ളതെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ; അതിനാൽ അവരുടെ തൊഴിലിടങ്ങൾ മെച്ചപ്പെടുത്താൻവേണ്ടി ഗവൺമെന്റ് സ്വകാര്യ

കമ്പനികൾക്ക് 5 കോടി രൂപ നൽകി. ഒരു പ്രശ്നമെന്തെന്നാൽ, ഈ ഗവൺമെന്റ് വരുന്നതിന് മുമ്പുതന്നെ, കാലങ്ങളായി എടുത്ത കടങ്ങൾകൊണ്ട് NPA (Non-Performing Asset) ആയി വല്ലാതെ പ്രതിസന്ധിയിൽ നിൽക്കുന്ന സ്ഥാപനങ്ങളുണ്ടായിരുന്നു. അവരെ സംരക്ഷിക്കാൻവേണ്ടി SLBC (State Level Bankers' Committee)-ൽ പങ്കെടുക്കുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് അതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായി നടത്തിയ ശ്രമങ്ങളുടെ ഭാഗമായി പാക്കേജ് ഉണ്ടാക്കുകയും ചെയ്തിരുന്നു. ഒരാൾക്ക് രണ്ട് കോടി രൂപ വരെയുള്ള കടമാണെങ്കിൽ 50 ശതമാനം മാത്രം അടച്ചാൽ മതിയെന്നും പത്ത് കോടി രൂപവരെയാണെങ്കിൽ 60 ശതമാനം അടച്ചാൽ മതിയെന്നുമുള്ള വ്യവസ്ഥയിൽ ബാക്കിയെല്ലാം എഴുതിത്തള്ളി. ആദ്യഘട്ടത്തിൽ 10 ശതമാനം തുക അടയ്ക്കണമെന്ന രീതിയാണുള്ളത്. എന്നാൽ അതുപോലും അടയ്ക്കാൻ സാധിക്കാത്ത കുറച്ച് ആളുകളുണ്ട്. പക്ഷെ, നല്ല രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞതിനാൽ സ്വകാര്യമേഖലയിൽ വ്യവസായങ്ങൾ ശക്തിപ്പെട്ടു. കഴിഞ്ഞ ദിവസം എനിക്ക് കരുനാഗപ്പള്ളിയിൽ ഒരു പുതിയ കശുവണ്ടി ഫാക്ടറി ഉദ്ഘാടനം ചെയ്യാനുള്ള അവസരമുണ്ടായി.

പണ്ടുകാലത്തെപ്പോലെ കശുവണ്ടി തല്ലിയെടുക്കുന്ന രീതിയല്ല അവിടെയുള്ളത്. തൊഴിലാളികളായ സ്ത്രീകൾ എല്ലാവരും നല്ല രീതിയിൽ ജർമ്മൻ, ജപ്പാൻ നിർമ്മിത മെഷീനുകൾ ഉപയോഗിച്ചാണ് ജോലി ചെയ്യുന്നത്. ഗ്രാമി, ഓസ്കാർ എന്നീ അവാർഡ് വേദികളിൽ ആളുകൾ സ്നാക്സ് ബോക്സിൽനിന്നുമെടുത്ത് കൊറിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടി കൊല്ലത്തുള്ള ഈ കമ്പനിയിൽനിന്നും കയറ്റിയയയ്ക്കുന്ന റോസ്റ്റഡ് കശുവണ്ടിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവിടം സന്ദർശിച്ചോയെന്ന് എനിക്കറിയില്ല. പണ്ടത്തെപോലെയല്ല, ഗ്ലൗസ്, മാസ്ക് തുടങ്ങിയവ ധരിച്ചുവേണം കമ്പനിക്കകത്ത് കയറേണ്ടത്. അത്തരത്തിൽ ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. അല്ലാതെ പിടിച്ചുനിൽക്കാൻ കഴിയില്ല. കാരണം കേരളത്തിൽ പ്രൊഡക്ഷൻ കോസ്റ്റ് കൂടുതലായിരുന്നു; ഇപ്പോഴും കൂടുതലാണ്. നമ്മൾ മത്സരിക്കുന്ന മറ്റ് രാജ്യങ്ങളിൽ 800 രൂപയ്ക്ക് 80 കിലോഗ്രാമിന്റെ ബാഗ് പ്രോസസ്സ് ചെയ്യുമ്പോൾ ഇവിടെ അതിന് 4600 രൂപയാണ് കൊടുക്കേണ്ടി വരുന്നത്. ആ തുക കുറച്ചാൽ നമുക്ക് ഇവിടെ കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാൻ സാധിക്കും. അതിനുള്ള ശ്രമങ്ങൾ ആധുനികവൽക്കരണം വഴിയേ

സാധിക്കുകയുള്ളൂ. എല്ലാ ട്രേഡ് യൂണിയനുകളും അംഗീകരിച്ച ആ മാറ്റം കശുവണ്ടി മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആ മേഖല നല്ല രീതിയിൽ മാറിയതുകൊണ്ട് ഇപ്പോൾ ഒരു അസ്വസ്ഥതയുമില്ല. കൂലിയും ബോണസും വർധിപ്പിച്ചതിനാൽ കശുവണ്ടി തൊഴിലാളികൾക്ക് ഈ വർഷത്തെ ഓണക്കാലം സന്തോഷഭരിതമായിരുന്നുവെന്ന കാര്യംകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കയർ മേഖലയിൽ പ്രതിസന്ധിയുണ്ടെന്ന കാര്യം നേരത്തെതന്നെ ഈ സഭയിൽ പറഞ്ഞതാണ്. ഇവിടെയുള്ള കയറിന്റെ വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് തമിഴ്നാട്ടിൽനിന്നും കയർ വരുന്നത്. നമ്മൾ ഇവിടെ ഉണ്ടാക്കിയ മെഷീനിന്റെ run age 140 ആണ്. അതിൽ ഒരു തൊഴിലാളി 40 മുതൽ 50 കിലോഗ്രാം വരെ കയർ ഒരു ദിവസം പിരിക്കുമ്പോൾ, തമിഴ്നാട്ടിൽ ഒരു തൊഴിലാളി രണ്ട് മെഷീനുകളിൽ വർക്ക് ചെയ്ത് 200 കിലോഗ്രാം കയറാണ് പിരിക്കുന്നത്. ഇപ്പോൾ നമ്മൾ ക്ലസ്റ്ററിലേക്ക് വന്നപ്പോൾ 100 കിലോഗ്രാം വരെ ഒരു തൊഴിലാളിക്ക് പിരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു ഭാഗം ശരിയാണ്. കയർഫെഡിന് പണം കൊടുക്കാൻ സാധിക്കാത്ത പ്രതിസന്ധി വരുമ്പോൾ

സ്വാഭാവികമായും സൊസൈറ്റികൾക്ക്...., ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ ശ്രീ. എ. പി. അനിൽ കുമാറിനോട് പറയുന്ന കാര്യങ്ങൾ അദ്ദേഹം ശ്രദ്ധിക്കാതെ പോകും. കയർഫെഡ്, സൊസൈറ്റിക്ക് പൈസ കൊടുത്തില്ലെങ്കിൽ..., ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്, അത് ഞങ്ങളും മനസ്സിലാക്കിയതാണ്. അത് ഇന്നലെ ഞാൻ വിശദീകരിച്ചതുമാണ്. അതിന്റെ ഭാഗമായി റിവോൾവിംഗ് ഫണ്ട് കൊണ്ടുവരാൻ ഇപ്പോൾ നമ്മൾ ശ്രമിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പുറത്തേക്ക് പോകാൻ തുടങ്ങിയതാണ്. എന്റെ പേര് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ ഞാൻ മടങ്ങിവന്ന് നല്ല അനുസരണയുള്ള കുട്ടിയെപ്പോലെ ഇവിടെ ഇരിക്കാൻ തുടങ്ങുകയാണ്.

ശ്രീ. പി. രാജീവ്: സർ, ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്; ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഒരു പ്രത്യേകതതന്നെ ചെറുപ്പക്കാരായ അംഗങ്ങൾ പുറത്ത് കറങ്ങി നടന്നാലും, അദ്ദേഹം എപ്പോഴും ഈ സഭയിൽ ഹെഡ്സെറ്റും വച്ചിരിക്കുകയും, എപ്പോൾ ഇടപെടാൻ അവസരം ലഭിച്ചാലും ആ സമയത്തെല്ലാം ഇടപെടുകയും ചെയ്യുന്ന ആളാണെന്ന് ഞാൻ

നേരത്തെതന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്. പ്രവൃത്തിയിൽ അദ്ദേഹം ചെറുപ്പക്കാരൻ തന്നെയാണ്.

ഞാൻ പറഞ്ഞുവന്നത്, നമ്മൾ 10 കോടിയുടെ റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കി. അപ്പോൾ കയർഫെഡ് കയർ സംഭരിച്ചുകഴിഞ്ഞാൽ, അപ്പോൾതന്നെ പണം കൊടുക്കണം. ഗവൺമെന്റിന്റെ പണം ലഭിക്കുമ്പോൾ തിരിച്ച് അതിലേക്ക് വരും. ആ റിവോൾവിംഗ് ഫണ്ട് ഇപ്പോൾ നമ്മൾ നടപ്പാക്കിയിട്ടുണ്ട്. പിന്നൊരു പ്രശ്നം ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, ചകിരിയുടെ ലഭ്യതക്കുറവായിരുന്നു. ചകിരിക്കുവേണ്ടി നമ്മൾ ഇപ്പോൾ Yarn bank ഉണ്ടാക്കിയിട്ടുണ്ട്. ആറുമാസത്തേയ്ക്ക് ആവശ്യമായി വരുന്നത് മുൻകൂട്ടിക്കണ്ട് അതിനുവേണ്ടി ഒന്നരക്കോടി രൂപയാണ് അനുവദിച്ചത്. അതുപോലെ, ടെക്സ്റ്റൈൽ മേഖലയിൽ കോട്ടൺ ബോർഡ് രൂപീകരിച്ചത് വളരെയധികം വിജയകരമായി മുന്നോട്ടുപോകുകയാണ്. അതിനുശേഷം ടെക്സ്റ്റൈൽ മില്ലുകൾ ലാഭത്തിലേക്കുവന്നു. നഷ്ടത്തിലുള്ളവരുടെ നഷ്ടവും കുറഞ്ഞു. ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന വ്യക്തിയായതുകൊണ്ട്, സംസ്ഥാനത്തെ സംവിധാനങ്ങളെക്കുറിച്ച് അറിയാമല്ലോ? വ്യവസായ വകുപ്പിൽനിന്നും എത്ര തുക ആവശ്യമുണ്ടെന്ന അപേക്ഷ ധനകാര്യ വകുപ്പിൽ

കൊടുത്ത് അംഗീകരിച്ച് അത് റിലീസ് ചെയ്ത് വരുമ്പോഴേക്കും ഏത് ഗവൺമെന്റ് ഭരിച്ചാലും ഫീസ് മാറിയിട്ടുണ്ടാകും. അപ്പോഴേക്കും കോട്ടൺന്റെ വില കൂടുകയും ക്വാളിറ്റി കുറയുകയും ചെയ്യും. ആ കോട്ടൺ ഉപയോഗിച്ച് നൂൽ ഉൽപാദിപ്പിച്ചാൽ എത്ര ഉൽപാദിപ്പിക്കുന്നുവോ അത്രയും നഷ്ടം കൂടുകയും ഉൽപാദിപ്പിക്കാതിരുന്നാൽ കുഴപ്പമില്ല എന്നുള്ള രീതിയിലേക്ക് വരികയും ചെയ്യും. ഇപ്പോൾ കോട്ടൺ ബോർഡ് നിലവിൽ വന്നപ്പോൾ 10 കോടി രൂപ ധനകാര്യ വകുപ്പ് പ്രത്യേകമായി അനുവദിച്ച് ആ സംവിധാനം കൊണ്ടുവന്ന് സീസണിൽ നമ്മൾ സംഭരിച്ചശേഷം ഈ ടെക്സ്റ്റൈൽ മില്ലുകൾക്ക് കൊടുക്കും. അതൊരു എക്സ്ട്രാ അക്കൗണ്ട് ആണ്. അവർ നൂലാക്കി വിൽക്കുമ്പോൾ കിട്ടുന്ന തുക ഈ അക്കൗണ്ടിലേക്ക് വരും. നമ്മൾ കൊടുത്തത് നമ്മൾ എടുത്തശേഷം ബാക്കി അവർക്ക് കൊടുക്കും. റിവോൾവിംഗ് ഫണ്ട് വന്നപ്പോൾ അത് ടെക്സ്റ്റൈൽ മേഖലയിൽ നല്ല മാറ്റമുണ്ടാക്കി. ആ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിലും നമ്മൾ കയർ മേഖലയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി.., കശുവണ്ടി മേഖലയിൽ പറഞ്ഞ ഈ കാര്യങ്ങളെല്ലാം നടപ്പാക്കിയത് ഒരു വിദഗ്ദ്ധ സമിതിയുടെ

റിപ്പോർട്ട് ട്രേഡ് യൂണിയനുകൾ ആകെ ചർച്ച ചെയ്ത് ഏകകണ്ഠമായി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, slightly out of context ആണെങ്കിലും അറിയാനുള്ള ഒരു ആകാംക്ഷകൊണ്ട് ചോദിക്കുന്നതാണ്. നമ്മുടെ പരമ്പരാഗത മേഖലയിൽ നിന്നെല്ലാമുള്ള എക്സ്പോർട്ട് വളരെ ക്രിട്ടിക്കൽ ആയിരുന്നല്ലോ. ഇപ്പോൾ ട്രംപ് താരിഫ് വന്നതിനുശേഷം അത് ഏതെങ്കിലും നിലയിൽ നമ്മുടെ എക്സ്പോർട്ട്സിനെ ബാധിച്ചിട്ടുണ്ടോ? അങ്ങനെ ബാധിച്ചിട്ടുണ്ടെങ്കിൽ അതിനെ അഡ്രസ്സ് ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ഒരു സ്റ്റെപ്പ് സ്റ്റേറ്റ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുക്കാൻ സാധിച്ചിട്ടുണ്ടോ; പരമ്പരാഗത മേഖലയെ അത് എങ്ങനെ ബാധിച്ചുവെന്നുള്ളത് ഇതുവരെ ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്ന വിഷയം പൂർത്തിയാക്കിയശേഷം അങ്ങ് പറഞ്ഞ കാര്യത്തിലേക്ക് വരാം. അത്തരത്തിൽ സംസ്ഥാനത്ത് yarn bank കൊണ്ടുവന്നു. Yarn bank ആറ് മാസത്തേക്കുള്ളത് ടെണ്ടർ ചെയ്ത് കേരളത്തിൽതന്നെ അത് സംഭരിക്കുകയാണ് ചെയ്യുന്നത്. മലപ്പുറത്ത് നിന്നാണ് ധാരാളം വരുന്നത്.

മലപ്പുറത്ത് ആദ്യം ഈ മെഷീനുകൾക്ക് രണ്ട് പ്രശ്നമുണ്ടായിരുന്നു. നമ്മൾ ഉണ്ടാക്കിയ മെഷീനുകൾ കേടായികഴിഞ്ഞാൽ മെയിന്റനൻസ് ചെയ്യാൻ സാധിച്ചിരുന്നില്ല. അതുകൊണ്ട് വലിയ പരാതി ഉണ്ടായിരുന്നു. ഇപ്പോൾ ഗവൺമെന്റുതന്നെ ഫണ്ട് കൊടുത്ത് ഗവൺമെന്റ് സംവിധാനത്തിൽ 500 മെഷീനുകൾ മെയിന്റനൻസ് ചെയ്യുകയും പ്രൊഡക്ടിവിറ്റി കൂട്ടുകയും ചെയ്തു. 250 മെഷീനുകൾ ഈ വർഷം മെയിന്റനൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. യാൺ ബാങ്ക് കൂടി വരുമ്പോൾ ചകിരി ലഭ്യത കൃത്യമായി ഉറപ്പുവരുത്തുകയും കയർ സംഭരിക്കുമ്പോൾ കൃത്യസമയത്ത് തുക കൊടുക്കുകയും ചെയ്താൽ മാത്രം നിലവിലുള്ള പ്രൊഡക്ഷനെക്കാൾ 50 ശതമാനം വർധിപ്പിക്കാൻ നമുക്ക് സാധിക്കും. കൂടുതൽ തുക കൊടുക്കേണ്ട ആവശ്യമില്ല. കൃത്യ സമയത്ത് ചകിരിയും കൃത്യ സമയത്ത് സംഭരണത്തിന്റെ തുകയും കൊടുത്താൽ സ്വാഭാവികമായും വർക്ക് നടന്നുകൊണ്ടിരിക്കും. അക്കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളും സമയപരിമിതിയുള്ളതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. നേരത്തെ പറഞ്ഞതുപോലെ ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ബില്ലല്ല ഇത്.

ക്ഷേമനിധി ബോർഡിന്റെ കാര്യം ഇന്നലെ പറഞ്ഞു; പെൻഷൻ പൂർണ്ണമായും കൊടുക്കുന്നത് സർക്കാരാണ്. മറ്റ് ക്ഷേമനിധി പോലെയല്ല, ഇതിന് മാച്ചിംഗ് ഗ്രാന്റ് ഇല്ല. എന്നാൽ, ഇവർ കൊടുക്കുന്ന ധാരാളം ആനുകൂല്യങ്ങളുണ്ട്. അവയെല്ലാം ഇന്നലെ ഞാൻ സഭയിൽ വിശദീകരിച്ചതായതിനാൽ ആവർത്തിക്കുന്നില്ല. അതിന്റെ പ്രശ്നം നമ്മൾ എല്ലാവരും അറിയേണ്ടതാണ്. ഒന്നേമുക്കാൽ കോടി രൂപ ആനുകൂല്യം കൊടുക്കാൻ നാലേകാൽ കോടി രൂപ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഉണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളും നേരിടുന്ന പ്രശ്നമാണിത്. നമ്മൾ കക്ഷി രാഷ്ട്രീയത്തിനപ്പുറം പരിശോധിക്കേണ്ട ഭാഗമാണിത്. ക്ഷേമനിധി എന്ന കാഴ്ചപ്പാട് വരുന്നത് ആ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാനാണെങ്കിൽ ഒരു ഘട്ടം കഴിയുമ്പോൾ ക്ഷേമനിധിയെ നിലനിർത്തുക എന്നതിലേക്ക് പതുക്കെ മാറാൻ തുടങ്ങും. ഇപ്പോൾ നമ്മൾ ചെലവ് ചുരുക്കാനുള്ള സമീപനം സ്വീകരിച്ചു. സ്റ്റാഫിന്റെ കാര്യത്തിൽ താൽക്കാലികമായുള്ളവരെയും ആവശ്യമില്ലാത്തവരെല്ലാം ഒഴിവാക്കുകയും മറ്റു ചെലവുകൾ ചുരുക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അത്തരത്തിൽ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഗവൺമെന്റാണ് പെൻഷൻ ഉൾപ്പെടെയുള്ള

കാര്യങ്ങൾ നേരിട്ട് കൊടുക്കുന്നത്. എന്നാൽ ഈ വർഷം 53,92,441/- രൂപ, ധനകാര്യ വകുപ്പിന്റെ സീലിംഗ് ഉണ്ടായിരുന്നു. അത് ഒഴിവാക്കിക്കൊണ്ടുതന്നെ ഓണത്തിനുമുമ്പായി എല്ലാ കാര്യങ്ങളും നടത്തുന്നതിന് പരമ്പരാഗത മേഖലയ്ക്ക് ധനകാര്യവകുപ്പ് പ്രത്യേകമായ അനുമതി നൽകുകയുണ്ടായി. ഇവയെല്ലാം ഇപ്പോൾ സംസ്ഥാന സർക്കാർ നടപ്പാക്കാൻ തുടങ്ങിയ കാര്യങ്ങളാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് എല്ലാം പറയാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ഒന്നു സൂചിപ്പിച്ചതാണ്. Income support scheme-നായി സർക്കാർ ഇപ്പോൾ 91.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തറികൾ കേടായി കഴിഞ്ഞാൽ അറ്റകുറ്റപ്പണിക്ക് ചിലപ്പോൾ സൊസൈറ്റിക്ക് കാശുണ്ടാകില്ലെന്ന കാര്യം ഇന്നലെ ഞാൻ സഭയിൽ പറഞ്ഞിരുന്നു. അതിന് പരിഹാരമായി ഒരു തറിക്ക് 15,000/- രൂപ എന്ന നിരക്കിൽ 900 തറികൾക്ക് 1.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുവഴി തറികളുടെ കാര്യക്ഷമത വർധിപ്പിക്കാൻ സാധിക്കും. Legacy liabilities തുടരുന്നതിന്റെ ഭാഗമായി, സൊസൈറ്റിയിൽനിന്നും വിരമിക്കുന്നവർക്ക് ഗ്രാറ്റുവിറ്റി നൽകാൻ സാധിക്കുന്നില്ല. അത് പൊതുമേഖലയിൽ ദീർഘകാലമായി തുടരുന്നൊരു

പ്രശ്നമാണ്. അങ്ങനെവരുമ്പോൾ വിരമിക്കുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭിക്കേണ്ടതല്ലേ; ഗ്രാറ്റുവിറ്റി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പലപ്പോഴും ഇടപെട്ടിട്ടുമുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെങ്കിലും അക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. അതിന്റെ ഭാഗമായി ഗ്രാറ്റുവിറ്റിയുടെ അമ്പത് ശതമാനം (ഒരു ലക്ഷം രൂപ വരെ) നൽകുന്നതിനുള്ള പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കുകയും ഇതിനായി 67,66,549/- രൂപ ചെലവഴിക്കുയും ചെയ്തു. കയർ മേഖലയുമായി ബന്ധപ്പെട്ട് ഫൈബർ (Yarn) ബാങ്കിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ബാങ്ക് സെക്രട്ടറിമാരുടെയും മറ്റും ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി 4.19 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കിങ് ക്യാപിറ്റൽ പ്രതിസന്ധി പരിഹരിക്കുന്നതിന് 14.15 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ, ഈ സാമ്പത്തിക വർഷം 430 സംഘങ്ങൾക്കായി 4.34 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മറ്റുരാഷ്ട്രീയ വിഷയങ്ങളൊഴിച്ച് നിലവിൽ ക്ലസ്റ്റർ സംവിധാനത്തിനാണ് സാധ്യതയുള്ളത്. അതുകൊണ്ട് പരീക്ഷണാർത്ഥം എക്സ്പോർട്ടേഴ്സിനെയും

സംഘങ്ങളെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ആലപ്പുഴയിൽ ഒരു ക്ലസ്റ്റർ രൂപീകരിച്ചു. അഞ്ച് - ആറ് മെഷീനുകൾ ഒരുമിച്ച് പ്രവർത്തിപ്പിച്ച് ഉൽപാദനക്ഷമത വർധിപ്പിച്ചു. ക്ലസ്റ്റർ സംവിധാനത്തിലൂടെ ഒരു തൊഴിലാളിക്ക് രണ്ടു മെഷീനുകൾ ഒരേസമയം കൈകാര്യം ചെയ്യാൻ സാധിക്കും. ടെക്നോളജി പുരോഗമിച്ചതിനാൽ തൊഴിലാളികൾക്ക് ജോലിഭാരം കൂടുന്നില്ല. അതനുസരിച്ച് നിലവിൽ 120-130 കിലോവരെ കയർ പിരിക്കാൻ സാധിക്കുന്നുണ്ട്. കൂടുതൽ കയർ പിരിക്കുന്നതിന്റെ ഭാഗമായി മുമ്പ് അവർക്ക് ലഭിച്ചു കൊണ്ടിരുന്നതിനെക്കാൾ അധികം വേതനവും ലഭിക്കും. നൂറ് മെഷീനുകൾ പ്രവർത്തിപ്പിക്കാവുന്ന ഒരു ക്ലസ്റ്ററിന് സർക്കാർ അംഗീകാരം നൽകി 37,00,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും ലഭിക്കും. പണ്ടത്തെപോലെ കുടിലുകൾ കേന്ദ്രീകരിച്ച്/വീടുകളോട് ചേർന്ന് കുളത്തിലോ ചെറിയ ജലാശയങ്ങളിലോ ഇട്ട് തൊണ്ട് അഴുക്കി ചകിരി തല്ലിയെടുക്കുന്ന കാര്യം നിലവിൽ പ്രായോഗികമല്ല. അതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ ഒരിടത്തും ലഭിക്കുകയുമില്ല. ആലപ്പുഴയിൽതന്നെ പത്തിരുപത് ക്ലസ്റ്ററുകൾ ആരംഭിച്ചാൽ നല്ല രീതിയിലുള്ള മാറ്റങ്ങൾ

കൊണ്ടുവരാൻ സാധിക്കും. ക്ലസ്റ്ററുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.യും ഞാനും ആലപ്പുഴ ജില്ല സന്ദർശിച്ച് അവിടത്തെ തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് നിർദേശങ്ങൾ സ്വീകരിച്ചു. 23-09-2025-ൽ ആലപ്പുഴ ജില്ലയിലെ കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോൺക്ലേവ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യും.

താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടുതൽ ബാധിക്കുന്നത് കശുവണ്ടി മേഖലയെയാണ്. അതുകൂടാതെ, സീ ഫുഡ്, സ്പൈസസ് മേഖലയെയും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. നിലവിലെ പ്രശ്നം എന്താണെന്നുവച്ചാൽ, ഇതുസംബന്ധിച്ച് സർക്കാരിന് സ്ഥായിയായൊരു നയം സ്വീകരിക്കാൻ സാധിക്കില്ല. ഡൊണാൾഡ് ട്രംപ് രാവിലെ ഒരു താരിഫും ഉച്ചയ്ക്ക് മറ്റൊരു താരിഫും രാത്രി വേറൊരു താരിഫുമായിരിക്കും പ്രഖ്യാപിക്കുക. ഉറക്കത്തിനിടയിൽ എഴുന്നേൽക്കല്ലേയെന്നാണ് ആളുകൾ ആഗ്രഹിക്കുന്നത്. അങ്ങനെ വന്നാൽ ചിലപ്പോൾ പുതിയ താരിഫ് പ്രഖ്യാപിക്കും. അതുകൊണ്ട് അതിനെ അടിസ്ഥാനപ്പെടുത്തി നയം തീരുമാനിക്കാൻ സാധിക്കില്ല. ഈ

താരിഫ് നിലവിൽ വന്നപ്പോൾതന്നെ വ്യവസായ വകുപ്പ് എക്സ്പോർട്ടേഴ്സിന്റെ യോഗം വിളിച്ചിരുന്നു. പ്രത്യേകിച്ച് ചെറിയ എക്സ്പോർട്ടേഴ്സിന് പെട്ടെന്ന് ഷിപ്പിങ് ക്യാൻസലേഷൻ വന്നാൽ അതിന്റെ ആഘാതം സഹിക്കാൻ പ്രയാസമായിരിക്കും. ആ സമയത്ത് ഗവൺമെന്റ് അവർക്കൊപ്പമുണ്ടെന്നും ഭയപ്പെടേണ്ടതില്ലെന്നും വ്യക്തമാക്കുകയും, അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തു. ധനകാര്യ വകുപ്പ്  ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഈ മേഖലയിൽ പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. Alternative market, domestic market എന്നിവ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി.

കയറിന്റെ കാര്യം ഞാൻ ഇന്നലെ പറഞ്ഞിരുന്നു.  തിരുവനന്തപുരത്തെ ലുലുമാളിൽ coir craft-ന്റെ ചെറിയൊരു ഷോറൂം ആരംഭിക്കുകയും 60 ലക്ഷം രൂപയുടെ വില്പന നടക്കുകയുമുണ്ടായി.  വില്പന നടക്കുമോയെന്ന ആശങ്ക ഗവൺമെന്റിന് ആദ്യമുണ്ടായിരുന്നു. എന്നാൽ ഇന്ത്യയിലെ ഡൊമസ്റ്റിക് മാർക്കറ്റുകളോടൊപ്പം യൂറോപ്യൻ മാർക്കറ്റുകളിലേയ്ക്ക് വ്യാപനം എങ്ങനെ സാധ്യമാകുമെന്നതിലും, ലോക കേരളസഭയിലെ അംഗങ്ങളുടെ സഹായം എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെ സംബന്ധിച്ചുമുള്ള സർക്കാർ

ശ്രമങ്ങൾ തുടരുന്നു. അങ്ങ് പറഞ്ഞ ഭാഗം കേരളത്തിലെ കയർ മേഖലയെ ബാധിക്കുന്നതാണ്. വണ്ടൂർ അംഗമായ ശ്രീ. എ. പി. അനിൽ കുമാർ കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ആകെ പ്രശ്നമാണെന്നാണ് പറഞ്ഞത്. എന്നാൽ കയർ കോർപ്പറേഷൻ 12 കോടി രൂപയുടെ കയറ്റുമതി ചെയ്തു. ആദ്യമായി കേരളം ഇ-കൊമേഴ്സിലേക്ക് പോയി. Walmart, Flipkart, Amazon എന്നിവ മുഖേനയുള്ള വിപണനത്തിനായി കേരളത്തിൽനിന്നും കയർ ഉൽപന്നങ്ങൾ കണ്ടെയ്നറുകളിൽ അയയ്ക്കാൻ സാധിക്കും.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് പുതിയ കാലത്തിന്റെ പരിശീലനം നൽകുന്നതിനായി ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ സേവനം തേടി. അവരൊരു മോഡ്യൂൾ തയ്യാറാക്കി. എന്നാൽ ആ മോഡ്യൂൾ നടപ്പിലാക്കുന്നതിനു മുമ്പ് ട്രേഡ് യൂണിയനുകളെയും സൊസൈറ്റി പ്രതിനിധികളെയും മാറ്റ്സ് ആൻഡ് മാറ്റിങ്സ് സൊസൈറ്റിയെയും എക്സ്പോർട്ടേഴ്സിനെയും വിളിച്ച് അവരുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞതിനുശേഷം പുതിയ ഡിസൈനുകൾ കൊണ്ടുവന്നു. തൊഴിലാളികൾക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റായി നൽകിക്കൊണ്ട് 500 പേർക്ക് പരിശീലനം നൽകി അവരെ മാസ്റ്റർ

ട്രെയിനേഴ്സാക്കുകയും ചെയ്തു. ഇത്തരത്തിൽ പരിശീലനം ലഭിച്ചവരെയുൾപ്പെടുത്തി സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് രൂപീകരിച്ച സ്ഥലത്തുതന്നെ മുൻകൂർ ഓർഡർ ഫോം നൽകി വിപണനം ഉറപ്പുവരുത്തുകയും ചെയ്തു. അവർ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി ആ മേഖലയിൽ പുതിയ മാറ്റങ്ങൾ വരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ കയർ കോർപ്പറേഷൻ, കയർഫെഡ്, മെഷിനറി കോർപ്പറേഷൻ, ഫോം മാറ്റിങ്സ്, കയർ അപ്പെക്സ് ബോഡി, കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ ആറ് സ്ഥാപനങ്ങളുണ്ട്. ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾത്തന്നെ ഫോം മാറ്റിങ്സ് ചെയർമാനും ബോർഡും ആവശ്യമില്ലെന്നും കയർ കോർപ്പറേഷനെ ഫോം മാറ്റിങ്സിൽ ലയിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇവ രണ്ടും ലയിപ്പിക്കുന്നതിനുള്ള തീരുമാനം അന്തിമ ഘട്ടത്തിലെത്തുകയും അതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. അതിനാൽ ഈ മാസം കയർ കോർപ്പറേഷൻ, ഫോം മാറ്റിങ്സ് എന്നിവ ഒരു കമ്പനിയാകും. കയർ കോർപ്പറേഷൻ ഇപ്പോൾ തുടർച്ചയായി ലാഭത്തിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം അഭിമാനത്തോടെയാണ് ഞാൻ പറയുന്നത്. ഒരു ദശകത്തിനപ്പുറത്ത്/ പതിനെട്ട് കൊല്ലത്തിനുശേഷം ഫോം മാറ്റിങ്സ് തുടർച്ചയായി രണ്ട് വർഷവും ലാഭത്തിലെത്തി.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കയർ തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ടൊരു നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. കയർ തൊഴിലാളികളുടെ ക്ഷേമവും വേതനവും ഉറപ്പുവരുത്തണമെങ്കിൽ കയർ ഉൽപന്നങ്ങളുടെ വിപണികൂടി ഉറപ്പുവരുത്തണം. കേരളത്തിൽ പെരിയാർവാലിപോലെയുള്ള നിരവധി കനാലുകളുണ്ട്. അവ ശുചീകരിക്കുന്നതിനായി വർഷംതോറും തൊഴിലുറപ്പ് പദ്ധതിയുൾപ്പെടുത്തി കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. അതിന്റെ ഇരുകരകളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ സാധിക്കുകയാണെങ്കിൽ വിപണി സാധ്യത തുറന്ന് ലഭിക്കുന്നതായിരിക്കും. അത് പരിഗണിക്കാൻ സാധിക്കുമോയെന്നാണ് എന്റെ ചോദ്യം?

ശ്രീ. പി. രാജീവ്: സർ, ഒരു നല്ല നിർദ്ദേശമാണ് അദ്ദേഹം പറഞ്ഞത്...........

ശ്രീ. എ. പി. അനിൽ കുമാർ: സർ, വലിയ രീതിയിൽ

കയറ്റുമതിയുണ്ടായിയെന്നും ലാഭമുണ്ടായെന്നുമാണ് അങ്ങ് ഏറ്റവും ഒടുവിലായി പറഞ്ഞത്. ഞാൻ പറഞ്ഞ കയറ്റുമതിയുടെ കാര്യമാണെങ്കിലും തൊഴിൽനഷ്ടത്തിന്റെ കാര്യമാണെങ്കിലും ആസൂത്രണ ബോർഡിന്റെ എക്കണോമിക് റിവ്യൂവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ സംസാരിച്ചത്. ഡാറ്റകൾ മുഴുവൻ ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ടതാണ്. അല്ലാതെ മറ്റൊന്നിനെയും ഞാൻ ആശ്രയിച്ചിട്ടില്ല. ഗവൺമെന്റിന്റെ കാര്യങ്ങളാണ് അതിൽ പൂർണ്ണമായും പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ആസൂത്രണ ബോർഡിന്റെ കണക്കുകളെ ഞങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള അടിസ്ഥാന ഘടകമായിട്ടാണ് കാണുന്നത്. അങ്ങ് പറഞ്ഞ ഈ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ, അതിനെ എങ്ങനെ പരിഹരിക്കാൻ സാധിക്കും? അത് നിലവിലുള്ള പ്രശ്നമല്ല. ആസൂത്രണ ബോർഡിന്റെ മുൻകാലങ്ങളിലെ സംഭവവികാസങ്ങളാണ് ഞാൻ ചേർത്ത് പറഞ്ഞത്. അങ്ങ് മന്ത്രിയായിരുന്ന കാലഘട്ടത്തിലെ നാല് വർഷവും ഞാൻ മന്ത്രിയായിരിക്കുന്ന നാല് വർഷവും തമ്മിൽ താരതമ്യം ചെയ്ത് പറഞ്ഞതാണ്. ഇന്നത്തെ ആസൂത്രണ ബോർഡിന്റെ കണക്ക് അങ്ങ് പറഞ്ഞപ്പോൾ, അങ്ങ് മന്ത്രിയായിരുന്ന കാലഘട്ടത്തിലെ ആസൂത്രണ

ബോർഡിന്റെ കണക്കുകൾകൂടി ചേർത്തുവച്ച് ഒരു താരതമ്യം ഞാൻ നടത്തി. നമ്മൾ അങ്ങോട്ടുമിങ്ങോട്ടുമുള്ള കാര്യങ്ങളെ സംബന്ധിച്ച് പറയുന്നെങ്കിലും ഈ മേഖലയെ മാറ്റുന്നതിനാണ് നമ്മളെല്ലാവരും ശ്രമിക്കുന്നത്.

ബഹുമാന്യനായ കുന്നത്തുനാട് അംഗം പറഞ്ഞതുമായി ബന്ധപ്പെട്ട് നിലവിൽ ആലപ്പുഴ കനാലിന്റെ വശങ്ങളിൽ കയർ ഭ്രവസ്ത്രങ്ങൾ മനോഹരമായി വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ, നിലവിൽ കേരളത്തിലെ റോഡുകളുടെ വശങ്ങളിലും കയർ ഭ്രവസ്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി ചർച്ച നടത്തി ധാരണയിലെത്തിയതാണ്. പക്ഷേ, നമ്മൾ വിതരണം ചെയ്യുന്നതിന്റെ പകുതി വിലയ്ക്ക് തമിഴ്നാട്ടിൽനിന്നും കയർ ഭ്രവസ്ത്രം ലഭിക്കുന്നതിനാൽ ആ വിപണി സാധ്യത കേരളത്തിന് ഉറപ്പുവരുത്താൻ സാധിച്ചില്ല. ഒറീസ്സയിൽ മൈനുകൾ ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നതിനായി കയർഭ്രവസ്ത്രം ഉപയോഗിക്കുന്നുണ്ട്. ഏകദേശം പഞ്ചായത്തുകളിലും അവയുടെ വില്പന ഇരട്ടിയായിട്ടുണ്ട്. അതുപോലെ ഇനി ജലവിഭവ വകുപ്പിലും, നേരത്തെ സൂചിപ്പിച്ച പെരിയാർവാലിയിൽ സാധ്യമാക്കണമെന്ന നിർദേശവും പരിഗണിക്കാം. കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

പുതിയതായി ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ cashless ചികിത്സയുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവെ ഈ പ്രതിസന്ധികൾ മനസ്സിലാക്കി പരിഗണിക്കുന്നതിനാണ് ശ്രമിക്കുന്നത്.

23-09-2025-ൽ ചേരുന്ന സമ്മേളനത്തിൽ ഒരു സെഷൻ കമ്പോള പ്രതിസന്ധിയും അതിന്റെ ബദൽ മാർഗ്ഗങ്ങൾ എന്താണെന്നതിനെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. മറ്റൊരു സെഷൻ 'പുതിയ കാലം പുതിയ സമീപനം' എന്നതിനെ സംബന്ധിച്ചും ചർച്ച ചെയ്യും. ആ യോഗത്തിൽ എക്സ്പോർട്ടേഴ്സ്, സൊസൈറ്റി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കയർ മാറ്റ്സ് ആൻഡ് മാറ്റിങ്സ് സൊസൈറ്റി പ്രതിനിധികൾ, ചെറുകിട ഉൽപാദകർ, ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം പങ്കെടുക്കും. ഇത്തവണ രാഷ്ട്രീയ പ്രതിനിധികളോ ട്രേഡ് യൂണിയൻ പ്രതിനിധികളോ മാനേജ്മെന്റ് പ്രതിനിധികളോ ഉണ്ടായിരുന്നില്ല. ചെന്നൈ ഐ.ഐ.ടി.-യിലെ പ്രൊഫസറിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഉണ്ടായിരുന്നു. ആ റിപ്പോർട്ടിന്റെ ആദ്യഭാഗം ട്രേഡ് യൂണിയനുകൾ അംഗീകരിച്ചിട്ടുണ്ട്. ഇനി കുറെക്കൂടി വിശദമായി യോഗത്തിൽ ചർച്ച ചെയ്യും. അതിനുശേഷം ഈ പ്രശ്നങ്ങൾക്കെല്ലാം

പരിമിതിക്കകത്തുനിന്നുകൊണ്ട് സാധ്യമാകുന്ന മാറ്റങ്ങൾ വരുത്തുന്നതിനും തൊഴിലാളികൾക്ക് പരമാവധി വരുമാനം വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ഫലം കാണുന്നുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. അതിന്റെയെല്ലാം ഭാഗമായി ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന് ഞാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. കെ. വി. സുമേഷ്, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. കെ. വി. സുമേഷ്, അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>ചെയർപേഴ്സൺ</u>: ശ്രീ. എ. പി. അനിൽ കുമാർ, അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 05.10-ന് പിരിഞ്ഞു.)

Legislative Business (contn...)

Uncorrected/Not for publication
18-09-2025

******